83


എല്ലാ മാസവും 15-ാം തീയതി പാലായിൽനിന്നു പ്രസിദ്ധീകരിക്കുന്നു
കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്രചർച്ചാവേദി

Vol 6 Issue 12
February 2019
Published on 15 Feb. 2019
Price Rs. 20.00


# സത്യജ്വാല
## മാസിക











# സഭയെ വീണ്ടെടുക്കാനാകുമോ?

## കള്ളയിടയന്മാരുടെ നിയമങ്ങളും ഇടയലേഖനങ്ങളും

## കെ.സി.ആർ.എം. തീവ്രവാദപാതയിൽ



# സത്യജ്വാല മാസിക

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി

ഫെബ്രുവരി 2019 | പുസ്തകം 6 | ലക്കം 12



*രചനകൾ അയയ്ക്കാൻ :*
ജോർജ് മൂലേച്ചാലിൽ
*എഡിറ്റർ*
വള്ളിച്ചിറ പി.ഒ.,കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com

*വരിസംഖ്യ അയയ്ക്കേണ്ട വിലാസം:*
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
c/o പ്രിന്റ് ഹൗസ്, കൊട്ടാരമറ്റം
പാലാ പി.ഒ., കോട്ടയം- 686 575
ഫോൺ: 8848827644
e-mail: josantonym@gmail.com

*ബാങ്ക് :* S B I, Pala Branch
A/c No. 67117548175
A/c Name: Kerala Catholic Church Reformation Movement
IFSC Code: SBIN0070120



*പത്രാധിപസമിതി:* 1) പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം 9495897122 , 2. ഡോ. ജോസഫ് വർഗീസ് (ഇപ്പൻ) - 9446561252, 3) സണ്ണി പുളിക്കൽ - 9447173536, 4) ഡോ. എം.കെ. മാത്യു - 9447112718, 5) ജോസഫ് കാലായിൽ (തൊടുപുഴ) - 9447663433, 6) ചാക്കോ കളരിക്കൽ-USA (001) 5866015195, 7) അലക്സ് കാവുംപുറം -USA (001) 5165039387.


## ഈ ലക്കത്തിൽ


കള്ളയിടയന്മാരുടെ നിയമങ്ങളും ഇടയലേഖനങ്ങളും
മുഖക്കുറി ............ 3

നവീകരണത്തിന്റെ വഴിയേ - 4
കെ.സി.ആർ.എം. സന്ദേശം. ............ 5

കെ.സി.ആർ.എം. തീവ്രവാദപാതയിൽ
ഇപ്പൻ ............ 8

സഭയെ വീണ്ടെടുക്കാനാകുമോ?
റവ.ഡോ.വത്സൻ തമ്പു ............ 11

അഭിമാനമെന്നൊന്നുണ്ടോ, നമുക്ക് ?
ടി.ജെ.ജോസഫ് തേനമ്മാക്കൽ ............ 13

ആലഞ്ചേരിയുടെ ഇടയലേഖനം: ഒരു അവലോകനം
ചാക്കോ കളരിക്കൽ ............ 15

ലൈംഗികാതിക്രമം തടയാൻ കെ.സി.ബി.സിയുടെ മാർഗരേഖ!
............ 17

'സമർപ്പിതരുടെ പാപങ്ങൾ സഭയെ അപകീർത്തിപ്പെടുത്തുന്നു' - മാർപാപ്പ
............ 18

സഭയെ വീണ്ടും അപമാനിതയാക്കുന്ന ശിക്ഷണനടപടികൾ
ജയിംസ് ഐസക്, കുടമാളൂർ ............ 19

പാണ്ടൻനായുടെ പല്ലിനു ശൗര്യം.......
ജോയി ഒറവണക്കളം-USA ............ 20

"വേണ്ടത്, പെരുമാറ്റച്ചട്ടമല്ല; മറിച്ച്, ലൈംഗിക പീഡനക്കേസുകളിൽ നടപടി"
ഫോറം ഫോർ ജസ്റ്റീസ് & പീസ് ............ 21

ഫ്രാൻസീസ് മാർപാപ്പയ്ക്ക് സ്വാമി അഗ്നിവേശിന്റെ കത്ത്
............ 22

ആലഞ്ചേരി കാണാത്ത കന്യാസ്ത്രീകളെ തേടി 'ന്യൂയോർക്ക് ടൈംസ്'!
ന്യൂസ് എഡിറ്റർ, 'അഴിമുഖം' ............ 23

'SOS ആക്ഷൻ കൗൺസിൽ' മുഖ്യമന്ത്രിക്ക് നല്കിയ പരാതിക്ക് ദേശീയതലത്തിൽ സാംസ്കാരികനായകരുടെ വ്യാപകപിന്തുണ!
............ 24

എല്ലാ സത്യവും പുറത്തുവരണം
സിസ്റ്റർ നീനാ റോസ് ............ 25

ഭാരതത്തിലെ ബിഷപ്പുമാർക്ക് KCRM-NA പരാതി നല്കി
............ 24

ഇന്ത്യയിൽ ക്രൈസ്തവപീഡനമോ?
മേരിക്കുട്ടി മണ്ണൂരം, എരുമേലി ............ 26

താമരശ്ശേരി രൂപതാ ബിഷപ്പിന്റെ അനധികൃത കരിങ്കൽ ക്വാറിക്കെതിരെ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട്!
-കാത്തലിക് ലേമെൻസ് അസ്സോസിയേഷൻ ............ 29

'കന്യാസ്ത്രീ വിപ്ലവാനന്തരം
അഡ്വ. ഇന്ദുലേഖാ ജോസഫ് ............ 30

മുൻപുരോഹിതർ തിരുവസ്ത്രങ്ങളണിഞ്ഞ് തിരുക്കർമ്മങ്ങൾ നടത്തി!
റെജി ഞള്ളാനി ............ 31

പാസ്റ്ററിനെതിരെ പരാതി നൽകിയ യുവതിയെ ബംഗളൂരു ബിഷപ്പ് പീഡിപ്പിച്ചു;
............ 32

കത്തോലിക്കാസഭയുടെ ഭൂമി കച്ചവടങ്ങളിലെ കാണാപ്പുറങ്ങൾ
അഡ്വ. പോളച്ചൻ പുതുപ്പാറ ............ 33

മദ്രാസ്- മൈലാപ്പൂർ അതിരൂപതയിൽ 1400 കോടിയുടെ ഭൂമികുംഭകോണം!
............ 35

ആത്മീയവ്യഭിചാരം
ഫാ. ഡാർലി,എടപ്പങ്ങാട്ടിൽ ............ 36

'ആഗ്നലോ പിതാവിനെ തിരുത്താൻ ഒരു ജീവനക്കാരൻ നോക്കേണ്ട' - കന്യാസ്ത്രീകൾ
............ 37

KCRM പരിപാടികൾ, റിപ്പോർട്ടുകൾ
............ 38

SOS കോട്ടയം കൂട്ടായ്മയുടെ ഐക്യദാർഢ്യസമ്മേളനം വൻവിജയം!
സ്റ്റാഫ് റിപ്പോർട്ടർ ............ 42

KCRM പ്രോഗ്രാം റിപ്പോർട്ട്, പാലാ
............ 44


**സത്യജ്വാല മാസിക- 2018 ഏപ്രിൽ മുതൽ**

| വരിസംഖ്യ | ഇൻഡ്യയിൽ | വിദേശത്ത് |
|---|---|---|
| ഒറ്റപ്രതി | 20 രൂപാ | 200 രൂപാ |
| ഒരു വർഷം | 200 രൂപാ | 2000 രൂപാ |
| 5 വർഷം | 800 രൂപാ | 8000 രൂപാ |

*[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്]*
*[രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]*

ഫെബ്രുവരി 2019 പുസ്തകം 6 : ലക്കം 12

സത്യജ്വാല

"സാത്താന്റെ കുടിലതന്ത്രങ്ങളെ എതിര്‍ത്തു നില്‍ക്കാന്‍ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിന്‍. എന്തെന്നാല്‍, നമ്മള്‍ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങള്‍ക്കും ആധിപത്യങ്ങള്‍ക്കും ഈ അന്ധകാരലോകത്തിന്റെ അധിപന്മാര്‍ക്കും സ്വര്‍ഗീയ ഇടങ്ങളില്‍ വര്‍ത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കള്‍ക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാല്‍, ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിന്‍" (എഫേ. 6: 11-12).



**മുഖക്കുറി**

# കള്ളയിടയന്മാരുടെ നിയമങ്ങളും ഇടയലേഖനങ്ങളും

**ക**ത്തോലിക്കാസഭ അങ്ങേയറ്റം പ്രക്ഷുബ്ധമാണിന്ന്. തങ്ങളുടെ തൊഴുത്തില്‍ കവര്‍ച്ചക്കാര്‍ മറുവഴിയിലൂടെ കയറിക്കൂടി എന്നറിയുന്ന ആട്ടിന്‍പറ്റം എപ്രകാരമാണോ പ്രക്ഷുബ്ധരായി അലമുറയിടുന്നത്, അതേ അവസ്ഥയിലാണ് ഈ സഭാസമൂഹം. കപടമായ ഭക്തിവിഷബാധയേറ്റു മയങ്ങിക്കിടക്കുന്നവര്‍പോലും ഇടയവേഷധാരികളുടെ അപരിചിതമായ ആക്രോശസ്വരംകേട്ട്, അവര്‍ നല്ലയിടയന്മാരല്ല എന്നു തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. സ്വയംനിര്‍മ്മിത നിയമങ്ങളുടെ രാകിമിനുക്കിയ വാള്‍ത്തലകള്‍ തങ്ങള്‍ക്കുനേരെ ഓങ്ങിനില്‍ക്കുന്നത് അവര്‍ കാണുന്നു. കാലത്തിന്റെ പ്രവാചകസ്വരത്തിനായവര്‍ കാതോര്‍ക്കുമ്പോള്‍, കള്ളയിടയന്മാര്‍ക്കെതിരെ മുമ്പുമുതല്‍ തന്നെ മുഴങ്ങിനില്‍ക്കുന്ന പ്രവാചകധ്വനി അവര്‍ കേള്‍ക്കുന്നു: 'തങ്ങളെത്തന്നെ തീറ്റിപ്പോറ്റുന്ന ഇടയന്മാരേ, നിങ്ങള്‍ക്കു ദുരിതം! ഇടയന്മാര്‍ ആടുകളെയല്ലേ തീറ്റിപ്പോറ്റേണ്ടത്? എന്നാല്‍ നിങ്ങള്‍ അവയുടെ പാല്‍ കറന്നുകുടിക്കുന്നു; രോമം കത്രിച്ചെടുക്കുന്നു; കൊഴുത്തവയെ കശാപ്പുചെയ്യുന്നു. ആടുകളെ നിങ്ങള്‍ തീറ്റിപ്പോറ്റുന്നില്ല; അവയില്‍ ദുര്‍ബലരായവര്‍ക്കു നിങ്ങള്‍ ശക്തി പകരുന്നില്ല; രോഗമുള്ളവയെ ചികിത്സിക്കുന്നില്ല; മുറിവേറ്റവയെ വച്ചുകെട്ടുന്നില്ല; വഴിതെറ്റിപ്പോയവയെ തിരികെ കൊണ്ടുവരുന്നില്ല; കാണാതെ പോയവയെ അന്വേഷിക്കുന്നില്ല; എന്നാല്‍ ബലംപ്രയോഗിച്ച് ക്രൂരമായി നിങ്ങള്‍ അവയെ ഭരിക്കുന്നു.... അതുകൊണ്ട്, ഈ ഇടയന്മാര്‍ക്കെതിരാകുക; അവരുടെ കൈകളില്‍ അകപ്പെട്ടുപോയ ആടുകളെ അവരില്‍നിന്ന്, അവരുടെ വായില്‍നിന്ന് രക്ഷിക്കുക; മേയ്ക്കല്‍ജോലിയില്‍നിന്ന്, അവരെ നീക്കിക്കളയുക...' (കടപ്പാട്: എസെ. 34: 2-10).

തന്നോടും തന്റെ ആട്ടിന്‍പറ്റമായ ജനത്തോടുമുള്ള സ്നേഹവും പ്രതിബദ്ധതയും ആവര്‍ത്തിച്ചുറപ്പിച്ചതിനുശേഷമാണ്, " എന്റെ ആടുകളെ മേയ്ക്കുക" എന്നുപറഞ്ഞ് യേശു പത്രോസിനെ, മനുഷ്യര്‍ക്ക് ആദ്ധ്യാത്മിക പരിപോഷണം നല്‍കുവാനുള്ള ഉത്തരവാദിത്വം ഏല്‍പിച്ചത് (യോഹ. 21:15-18). ദൈവികമായ ഈ ഉത്തരവാദിത്വനിര്‍വ്വഹണം എങ്ങനെയായിരിക്കണമെന്നും എങ്ങനെയായിരിക്കരുതെന്നും തന്റെ സഹപ്രവര്‍ത്തകരായ സഭാമൂപ്പന്മാരോട് പത്രോസ് വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹം പറയുന്നു: "നിങ്ങളെ ഭരമേല്‍പ്പിച്ചിരിക്കുന്ന ദൈവത്തിന്റെ ആട്ടിന്‍പറ്റത്തെ മേയ്ക്കുക. നിര്‍ബന്ധംകൊണ്ടല്ല സന്മനസ്സോടെ, നിന്ദ്യമായ ലാഭേച്ഛയോടെയല്ല താല്പര്യത്തോടെ അതു ചെയ്യുക. അതു നിങ്ങളെ ഭരമേല്പിച്ചിരിക്കുന്നവരുടെമേല്‍ അധികാരഗര്‍വോടെയല്ല അജഗണത്തിനു മാതൃകയാകത്തക്കവണ്ണം ആയിരിക്കണം" (1 പത്രോ.5: 2-3).

ഫ്രാന്‍സീസ് മാര്‍പ്പാപ്പാ ഇതേ കാര്യംതന്നെ പല അവസരങ്ങളിലായി, കൂടുതല്‍ വ്യക്തതയോടെ പറഞ്ഞിട്ടുണ്ട്: "മെത്രാന്‍പദവിയെന്നത് ശുശ്രൂഷയുടെ പേരാണ്, ബഹുമതിയുടേതല്ല. അതിനാല്‍ ഒരു മെത്രാന്‍ ഭരിക്കുന്നതിനേക്കാള്‍, ഗുരുവിന്റെ കല്പനയനുസരിച്ച് ശുശ്രൂഷിക്കാന്‍ യത്നിക്കണം. നിങ്ങള്‍ എപ്പോഴും എല്ലാവരുടെയും ദാസന്മാരായിരിക്കുക, ശുശ്രൂഷചെയ്തുകൊണ്ടിരിക്കുക.."; "സഭയ്ക്കുള്ളില്‍ ഒരാളും മറ്റുള്ളവരേക്കാള്‍ ഉയര്‍ത്തപ്പെടാനാവില്ല എന്നു നാം മനസ്സിലാക്കണം. നമ്മുടെ സഹോദരീസഹോദരന്മാരെ ശുശ്രൂഷിക്കുന്നതിന് സഭയില്‍ ഓരോ വ്യക്തിയും അവനെത്തന്നെ താഴ്ത്തേണ്ടതുണ്ട്. സഭയില്‍ അധികാരം കൈയാളുന്നവര്‍ ശുശ്രൂഷകര്‍ എന്നു വിളിക്കപ്പെട്ടു. ഇന്നലെയും ഇന്നും എല്ലാക്കാലത്തും സേവനത്തിന്റെ അധികാരമാണ് ഒരേയൊരധികാരം. കുരിശിന്റെ ശക്തിയാണ് ഒരേയൊരു ശക്തി.... മനുഷ്യപുത്രന്‍ വന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തജീവന്‍ അനേകര്‍ക്കുവേണ്ടി മോചനദ്രവ്യമായി നല്‍കാനുമത്രെ..."; "ചെമ്മരിയാടിന്റെ ഗന്ധം ധരിച്ചിരിക്കുന്ന വൈദികരെയാണ് എനിക്കു വേണ്ടത്. എന്നാല്‍ ഒരു പിതാവിന്റെ പുഞ്ചിരി പ്രസരിപ്പിക്കുന്നവരുമായിരിക്കണം, അവര്‍. ചിലര്‍ ദൈവജനത്തിന്റെ ഇടയന്മാര്‍ എന്നതിനേക്കാളുപരിയായി ആടുകളുടെ രോമം കത്രിച്ചെടുക്കുന്ന ▸▸

വരാകാൻ ആഗ്രഹിക്കുന്നു... വൈദികൻ ഒരു ആട്ടിടയനാകുന്നു, പ്രജാപീഡകനല്ല...''; ''... വൈദികരെയും സന്യസ്തരെയും ദൈവം വിളിച്ചിരിക്കുന്നത് ശുശ്രൂഷിക്കുന്നതിനാണ്; ദൈവജനത്തെ ശുശ്രൂഷിക്കുവാൻ, സമൂഹത്തിന്റെ അതിരുകളിൽ കഴിയുന്ന പരിത്യക്തരും ദരിദ്രരുമായ മനുഷ്യരെ ശുശ്രൂഷിക്കുവാൻ, അവരിലെ യേശുവിനെ ശുശ്രൂഷിക്കുവാൻ.... യേശുവിനെ അനുഗമിക്കുക എന്നതിന്റെ അർത്ഥം മറ്റുള്ളവരെ ശുശ്രൂഷിക്കുക എന്നതാണ്....'' (ഉദ്ധരണികൾ, ജോസഫ് കാലായിൽ രചിച്ച 'ഫ്രാൻസീസ് മാർപാപ്പയും സീറോ-മലബാർ സഭയും' എന്ന ഗ്രന്ഥത്തിൽ നിന്ന്).

ഇതാണ് മാനദണ്ഡം. അതിൻപ്രകാരം ശുശ്രൂഷാധിഷ്ഠിതമായ ഈ മനോഭവമുണ്ടോ എന്നു നോക്കിയാണു നാം ഒരോ മെത്രാനെയും വൈദികനെയും സന്ന്യസ്തനെയും സന്ന്യസ്തയെയും വിലയിരുത്തേണ്ടത്; ശരിയായ ഇടയനോ കള്ളയിടയനോ എന്നു തിരിച്ചറിയേണ്ടത്. സഭാനിയമങ്ങളെയും സഭാഘടനയെയും വിലയിരുത്തേണ്ടതും ഇതേ മാനദണ്ഡത്തിൽ നിന്നുകൊണ്ടാണ്. ഈ മാനദണ്ഡത്തിന്റെ വെളിച്ചത്തിൽ കേരളകത്തോലിക്കാസഭയിലേക്കു നോക്കിയാൽ കള്ളയിടയന്മാരുടെ ഒരു സങ്കേതമാണ് ഈ സഭ എന്ന് ആർക്കും കാണാനാകും. മെത്രാനെന്നാൽ തനിക്കു ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന രൂപതയുടെമേൽ സമഗ്രാധിപത്യമുള്ള ശുശ്രൂഷിക്കപ്പെടേണ്ട ഒരു നാട്ടുരാജാവാണന്ന്; വികാരിയുടെ സ്ഥാനം ഒരു പ്രാദേശിക മാടമ്പിയുടേതും! ഘടനാപരമായിത്തന്നെ, സഭ ഇന്നൊരു സ്വേച്ഛാധിപത്യ ഭരണസംവിധാനമാണ്, ശുശ്രൂഷാസംവിധാനമല്ല എന്നതാണു വാസ്തവം. ഭരണത്തിൽ ശുശ്രൂഷാമനോഭവമുള്ളവർക്കു ശോഭിക്കാനാവില്ല എന്നതിനാൽ, അധികാരഭാവമുള്ളവർതന്നെ സഭയുടെ നടുനായകത്വത്തിലേക്കു വരുന്ന സാഹചര്യവുമുണ്ട്. ശുശ്രൂഷാഭാവമല്ല, അധികാരവാഞ്ഛയാണ് സഭയിലിന്നു പ്രോത്സാഹിപ്പിക്കപ്പെടുന്നത്.

അധികാരവാഞ്ഛ ഒന്നാമനാകാനുള്ള വ്യഗ്രതയാണ്. അത് സ്വയം താഴ്ത്താനോ മറ്റൊരാളെ തുല്യതയിൽ കാണാനോ അനുവദിക്കാത്ത സ്വകാര്യമാത്രപരത (individualism)യാണ്; സ്വയം കേന്ദ്രീകൃത മനോഭാവമാണ്; സർവ്വരെയും സർവ്വതിനെയും ഉൾക്കൊള്ളുന്ന ആദ്ധ്യാത്മികഭാവത്തിനു വിപരീതമാണ്; ഭൗതികതയും ഐഹികതയുമാണത്.

ഐഹികമായ അധികാരഭരണത്തിലൂടെ യേശു പറഞ്ഞതിനു നേർവിരുദ്ധമായി, ഒന്നാമന്മാരാകാൻവേണ്ടി സ്വയം നിയമങ്ങൾ നിർമ്മിച്ച് പൗരോഹിത്യം മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കുന്നു; തങ്ങൾമാത്രം ഉൾപ്പെട്ട ആലോചനാസമിതികളിൽ സമുദായത്തെ മൊത്തം ബാധിക്കുന്ന തീരുമാനങ്ങളെടുക്കുന്നു; വിമർശനങ്ങളെ അടിച്ചൊതുക്കാൻ സർക്കുലറുകളും ഇടയലേഖനങ്ങളുമിറക്കി വിശ്വാസിസമൂഹത്തെ ഭയപ്പെടുത്തുന്നു. സഭയിൽ ഒരു അടിമത്ത സമ്പ്രദായം വ്യവസ്ഥാപിക്കുന്നു.

ഇതിനെല്ലാം തങ്ങൾക്ക് അധികാരമുണ്ട് എന്നിവർ പറയുന്നതും യേശുവിനെത്തന്നെ ഉദ്ധരിച്ചുകൊണ്ടാണ് എന്നതാണു വിചിത്രം. ''സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സർവ്വ അധികാരങ്ങളും എനിക്കു നൽകപ്പെട്ടിരിക്കുന്നു'' (മത്താ. 28: 19) എന്നും, ''പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു'' (യോഹ.20:21) എന്നും, '' നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും'' (മത്താ.18:18) എന്നുമുള്ള യേശുവിന്റെ വാക്കുകളിലാണിവർ തങ്ങളുടെ അധികാരസാമ്രാജ്യത്തിന്റെ അടിത്തറ പണിതിരിക്കുന്നത്. അപ്പോസ്തലന്മാർക്ക് യേശു നൽകിയ ഈ അധികാരം കൈവയ്പുവഴി തങ്ങൾക്കു കൈമാറിക്കിട്ടിയിട്ടുണ്ടത്രേ!

വാസ്തവത്തിൽ 'സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സർവ്വഅധികാരങ്ങ'ളിൽ ഭൗതികാധികാരമെന്നൊരു അധികാരമില്ല എന്നതാണു വസ്തുത. ഭൗതികാധികാരമെന്നാൽ, ആകമാന ഉണ്മയിൽനിന്ന് സ്വയം മാറിനിന്നുള്ള സ്വകീയയും അയഥാർത്ഥവുമായ ഒരു സ്വാർത്ഥ സങ്കൽപം (egoistic concept) മാത്രമാണ്. പക്ഷേ, ആകമാന ഉണ്മയുടെ ഭാഗംമാത്രമായി സ്വയം തിരിച്ചറിയാൻ കഴിയുന്നവർക്കേ ഈ വസ്തുത മനസ്സിലാക്കാനാവൂ. അതായത് ആകമാന ഉണ്മയിൽ, പിതാവായ ദൈവത്തിൽ, ഭൗതികാധികാരം എന്നൊരധികാരമില്ല. ഇവിടെ, 'ഇന്നലെയും ഇന്നും എല്ലാക്കാലത്തും സേവനത്തിന്റെ അധികാരമാണ് ഒരേയൊരധികാരം' എന്ന ഫ്രാൻസീസ് പാപ്പായുടെ അധികാരദർശനം ഏറെ സാധുവും കൃത്യതയുള്ളതുമാണെന്നു കാണാം. അതുകൊണ്ടുതന്നെ, സേവനത്തിനുള്ള അധികാരമല്ലാതെ ഭൗതികഭരണത്തിനുള്ള അധികാരം യേശുവിനും നൽകപ്പെട്ടിട്ടില്ല. ഇല്ലാത്ത ഒന്ന് എങ്ങനെ നൽകാനാകും? അത്തരമൊരു അധികാരം തനിക്കുണ്ടെന്ന് യേശുപറയുകയോ അത്തരം അധികാരപ്രയോഗം എപ്പോഴെങ്കിലും നടത്തുകയോ ചെയ്തിട്ടുമില്ല. അതുകൊണ്ട്, കെട്ടാനും അഴിക്കാനുമുള്ള തങ്ങളുടെ അധികാരത്തെപ്പറ്റിയുള്ള സഭാദ്ധ്യക്ഷന്മാരുടെയും പൗരോഹിത്യത്തിന്റെയാകെയും അവകാശവാദങ്ങളെല്ലാം തീർത്തും പൊളിയാണെന്ന് ഉറപ്പായിത്തന്നെ പറയാം.

എന്നാൽ, മനുഷ്യന് അധികാരമുണ്ട്. അത് ആത്മീയതയിൽ ആഴപ്പെടുന്നതിനനുസരിച്ച് ഓരോരുത്തർക്കും കൈവരുന്ന ധാർമ്മികാധികാരമാണ്. ആകമാന അസ്തിത്വബോധം സൃഷ്ടിക്കുന്ന സാഹോദര്യഭാവമാണ് അതിന്റെ അടിത്തറ. അവിടെ സ്വന്തം കാര്യത്തിന്റെ അത്രതന്നെ പ്രധാനമാണ് അപരന്റെ കാര്യങ്ങളും. എന്റെമേലുള്ള അധികാരപ്രയോഗം എനിക്കിഷ്ടമല്ലാത്തതുപോലെ, ആരുടെയുംമേലുള്ള അധികാരപ്രയോഗം ആർക്കും ഇഷ്ടമല്ലെന്നും, അതുകൊണ്ട് അധികാരപ്രയോഗം അതിൽത്തന്നെ തിന്മയാണെന്നുമുള്ള ഉൾക്കാഴ്ച ആത്മീയതയുടെ ഭാഗമാണ്. അതുപോലെതന്നെ, എന്റെ ആവശ്യങ്ങളിൽ മറ്റുള്ളവരുടെ സഹായം എനിക്ക് ഹൃദ്യമായിരിക്കുന്നതുപോലെ, മറ്റുള്ളവരുടെ ആവശ്യങ്ങളിൽ എന്റെ സഹായം അവർക്കും ഹൃദ്യമായിരിക്കുമെന്ന സമാന്യബോധവും മറ്റുള്ളവരെ സഹായിക്കാനുള്ള ഉൾത്തള്ളലും ആത്മീയ

പേജ് 6-ൽ തുടരും...

# നവീകരണത്തിന്റെ വഴിയേ-4



**“ആ**ത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രന്മാരാണ്. നാം മക്കളെങ്കിൽ അവകാശികളുമാണ്. ദൈവത്തിന്റെ അവകശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും. നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല; മറിച്ച്, പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്” (റോമ. 8:14-16). വിശുദ്ധ പൗലോസ് ശ്ലീഹാ ദൈവജനത്തെ മുഴുവൻ മുൻനിർത്തി ചെയ്തിരിക്കുന്ന ഈ അവകാശപ്രഖ്യാപനം ഇവിടെ എടുത്തുദ്ധരിക്കുന്നത്. സീറോ മലബാർ സഭയിലെ സിനഡു പിതാക്കന്മാർക്ക് കണ്ണുണ്ടെങ്കിൽ കാണാനും ദൈവജനം ആരുടെയും അടിമയല്ല എന്നു വായിച്ചു മനസ്സിലാക്കാനുമാണ്. ഇതു രണ്ടും നടക്കുമെന്ന് വലിയ പ്രതീക്ഷയില്ല. അവരെല്ലാം സ്വന്തം താത്പര്യങ്ങളുടെ പരിമിതവൃത്തത്തിനപ്പുറത്ത് കണ്ണോ മനസ്സോ വ്യാപരിപ്പിക്കാൻ ഇനിയും തയ്യാറാകാത്തവരാണ് എന്നതുതന്നെ കാരണം.

കാക്കനാട്ടുള്ള മൗണ്ട് സെന്റ് തോമസ് എന്ന സഭാ ആസ്ഥാനത്ത് ഇക്കഴിഞ്ഞ ജനുവരി 18 വരെ സീറോ-മലബാർ സഭയുടെ സിനഡ് നടന്നിരുന്നു എന്ന കേട്ടറിവുമാത്രമാണ് ഇവിടുത്തെ വിശ്വാസിസമൂഹത്തിനുള്ളത്. അതിനപ്പുറം ഒരു ഭാഗഭാഗിത്വം ഇവിടെ തിരഞ്ഞെടുക്കപ്പെട്ട ഒരു അത്മായനും ഉണ്ടായിരുന്നില്ല. ഒരു കാര്യം ഓർക്കണം, കേരളസഭയിൽ നടന്ന ആദ്യത്തെ സൂനഹദോസിന് ഉദയംപേരൂരിൽ ഒത്തുചേർന്നവരിൽ പകുതിയലധികവും തിരഞ്ഞെടുക്കപ്പെട്ട അത്മായരായിരുന്നു. കാക്കനാട്ടെ സമ്മേളനഹാളിൽ ‘മുതലവായൻ തൊപ്പികൾ’ക്കിടയിൽ എത്ര അത്മായർ ഉണ്ടായിരുന്നു? കേട്ടറിഞ്ഞെത്തി സിനഡുഹാളിലേക്ക് ഒന്നു കടക്കണമെന്ന് ആവശ്യപ്പെട്ട, സ്ത്രീകൾകൂടി ഉൾപ്പെട്ട അത്മായസമൂഹത്തെ ‘ഇടിവണ്ടി പോലീസിനെ വരുത്തി’ അറസ്റ്റു ചെയ്യിച്ച് തൃക്കാക്കര പോലീസ് സ്റ്റേഷനിൽ പട്ടിണിക്കിരുത്തുകയല്ലേ സഭാപിതാക്കന്മാർ ചെയ്തത്? അത്മായർക്ക് എവിടെയാണ് കാരിസം എന്ന് അട്ടഹസിക്കുന്ന താടിക്കാർ പൗലോസ് ശ്ലീഹായുടെ, മുകളിൽ കൊടുത്തിരിക്കുന്ന വചനഭാഗം വായിച്ചിട്ടില്ലെന്നുണ്ടോ? ആസ്ഥാനമന്ദിരത്തിൽ അച്ചന്മാരും മെത്രാന്മാരും സിനഡുകൂടുമ്പോൾ അത്മായന്റെ സ്ഥാനം പോലീസ് സ്റ്റേഷനിലെ ലോക്കപ്പിലാണോ എന്ന് ഞങ്ങൾക്ക് അറിയണം. അതിനാണ് സിനഡിന്റെ നടപടിക്രമങ്ങൾ, ദൈവജനത്തിന് അതിലുള്ള ഭാഗഭാഗിത്വം ഇവ പരസ്യപ്പെടുത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത്. സിനഡിന്റെ കാര്യം പോകട്ടെ, പള്ളിയോഗത്തിന്റെ നടപടി ക്രമങ്ങൾപോലും ഇന്ന് കിട്ടാനില്ല. മെത്രാസനങ്ങളിൽ എവിടെയെങ്കിലും ചിട്ടപ്പെട്ട നടപടികളുണ്ടോ? അവിടങ്ങളിൽ ഉണ്ടും ഉറങ്ങിയും കഴിയുന്ന ഒരു പറ്റം ‘സിഞ്ചല്ലൂസു’മാർ ഉണ്ടെന്നു കേൾക്കുന്നു. ആരാണ് ഈ സിഞ്ചെല്ലൂസ്, എന്താ അവരുടെ പരിപാടി?

കാക്കനാട് സിനഡിൽ എന്തുണ്ടായി എന്നതാണല്ലോ ഇപ്പോഴത്തെ വിഷയം. വെജ്ജും നോൺവെജ്ജുമൊക്കെ ധാരാളം ഉണ്ടായിരുന്നിരിക്കണം. സിനഡിന്റേതായി കാണിക്കാൻ കൊള്ളാവുന്നത് ഒരു സർക്കുലർമാത്രം. അതിറക്കിയത്, അതിന്റെ സൃഷ്ടികർത്താവായ കർദിനാളിന് തോന്നിയിട്ടല്ല, സിനഡ് പിതാക്കന്മാർ അഭ്യർത്ഥിച്ചതുകൊണ്ടുമാത്രം മനസ്സില്ലാമനസ്സോടെയാണ്! സർക്കുലറിലെ ആദ്യസൂചന കുപ്രസിദ്ധമായ ഭൂമികുംഭകോണത്തെപ്പറ്റിത്തന്നെയാണ്. അത് അറിയാനാണല്ലോ, ‘ഭൂമി മലയാളത്തിലെ’ ആളുകളെല്ലാം കാത്തിരുന്നതും. പക്ഷേ, നിരാശാജനകമെന്നു പറയട്ടെ, കച്ചവടത്തിന്റെ വിശദാംശങ്ങളൊന്നും സർക്കുലറിൽ ഇല്ലെന്നുമാത്രമല്ല, അതേപ്പറ്റി ഇനി ആരും ഒന്നും മിണ്ടിക്കൂടാ എന്ന കർശനമായ കല്പനയും അതിലുണ്ട്. ഈ വിലക്ക് പ്രതിഷേധാർഹമാണ്. ജനം അംഗീകരിക്കാത്തതാണ്. തന്നെയുമല്ല, സത്യത്തിന്റെ മുഖം മൂടിവയ്ക്കുന്നത് യേശുമാർഗ്ഗവുമല്ല.

സർക്കുലറിലെ രണ്ടാം ഭാഗം സമർപ്പിതരുടെ അച്ചടക്കത്തേപ്പറ്റിയുള്ള അരുളപ്പാടാണ്. ദീർഘകാലത്തെ പഠനത്തിനും പരിശീലനത്തിനുംശേഷം വ്യക്തമായ നിയമസംഹിതകൾക്കുകീഴിൽ പ്രവർത്തിക്കുന്ന അച്ചന്മാരും കന്യാസ്ത്രീകളും ആരുടെയൊക്കെയോ സ്വാധീനത്തിനു വഴങ്ങി വഴിതെറ്റിപ്പോകുന്നുണ്ടോ എന്ന് പിതാക്കന്മാർക്ക് സംശയമുണ്ടത്രെ! അതുകൊണ്ട് അവരെ ശിക്ഷിക്കാൻ തീരുമാനിച്ചിരിക്കുന്നു. തല്ലു വരുമ്പോൾ തടുക്കുക എന്ന ജീവിസാധാരണമായ ‘reflex action’ പോലും വിലക്കിയിരിക്കുകയാണ് - ‘പ്രതിരോധിക്കാനുള്ള സമീപകാല പ്രവണത അംഗീകരിക്കാനാവില്ല.’ മാധ്യമങ്ങളിലൂടെയുള്ള പ്രചരണങ്ങൾക്കും വിലക്കുണ്ട്. പക്ഷേ പള്ളികൾതോറും മെത്രാൻമാരുടെ പടംവച്ചിറിക്കുന്ന പത്രങ്ങളിലെ ഫുൾ പേജു സപ്ലിമെന്റുകൾക്ക് വിലക്കില്ല!

**കേട്ടറിഞ്ഞെത്തി സിനഡുഹാളിലേക്ക് ഒന്നു കടക്കണമെന്ന് ആവശ്യപ്പെട്ട, സ്ത്രീകൾകൂടി ഉൾപ്പെട്ട അത്മായസമൂഹത്തെ 'ഇടിവണ്ടി പോലീസിനെ വരുത്തി' അറസ്റ്റു ചെയ്യിച്ച് തൃക്കാക്കര പോലീസ് സ്റ്റേഷനിൽ പട്ടിണിക്കിരുത്തുകയല്ലേ സഭാപിതാക്കന്മാർ ചെയ്തത്? ....ആസ്ഥാനമന്ദിരത്തിൽ അച്ചന്മാരും മെത്രാന്മാരും സിനഡുകൂടുമ്പോൾ അത്മായന്റെ സ്ഥാനം പോലീസ് സ്റ്റേഷനിലെ ലോക്കപ്പിലാണോ എന്ന് ഞങ്ങൾക്ക് അറിയണം.**

കോടതി വ്യവഹാരങ്ങൾക്കുള്ള സമ്പൂർണ്ണവിലക്കാണ് അടുത്തഇനം. അതൊക്കെ തുടങ്ങുന്നതിനുമുമ്പ് കാനോൻ നിയമം വായിച്ചു നോക്കണമത്രേ! അച്ചന്മാരും മെത്രാന്മാരും വാദികളായി ഇന്ന് കേരളത്തിന് അകത്തും പുറത്തും ധാരാളം കേസുകൾ നട

ക്കുന്നുണ്ട്. കാനോൻനിയമത്തിലെ പ്രസക്തവകുപ്പുകൾ പ്രകാരമായിരിക്കാം, അവയൊക്കെ ഇന്ന് മുമ്പോട്ടുപോകുന്നത്.

അച്ചന്മാർ മുതൽ വിശ്വാസികൾവരെയുള്ള അടിയാന്മാരുടെമേൽ അച്ചടക്കത്തിന്റെ പിരിക്കട്ടകൾ മുറുക്കിയതിനുശേഷം, അതിപ്രധാനവും ആവേശോജ്ജ്വലവുമായ ഒരു ഉൽബോധനം സർക്കുലറിലൂടെ നമ്മുടെ മുമ്പിലെത്തിക്കുന്നു. സഭാതനയർ കാലാകാലങ്ങളിൽ അദ്ധ്വാനിച്ചുണ്ടാക്കിയ സഭവക വസ്തുക്കളും സ്ഥാപനങ്ങളും സർക്കാരിനെ ഏൽപ്പിക്കണമെന്ന് ചിലർ ആവശ്യപ്പെടുന്നുവത്രെ! പ്രശ്നം ഗുരുതരമാണെന്ന് എല്ലാവരും സമ്മതിക്കും. പക്ഷേ സിനഡു പിതാക്കന്മാർ പറയുന്നതുപോലെയല്ല കാര്യങ്ങൾ. സഭാതനയർ അദ്ധ്വാനിച്ചുണ്ടാക്കിയവ എക്കാലത്തും സഭാതനയരുടേതുതന്നെ ആയിരിക്കും, ആയിരിക്കണം. സഭ എന്ന് ഇന്ന് ഊറ്റംകൊള്ളുന്നത് അദ്ധ്വാനിച്ചുണ്ടാക്കിയവരുടെ പേരിലല്ല. ‘ഞാനാണ് അധികാരി, ഞാൻ വില്ക്കും ഞാൻ വാങ്ങും. എനിക്കു മുകളിൽ റോമാമാത്രം’ എന്ന് മേജർ ആർച്ച് ബിഷപ്പു തന്നെ കോടതിയിൽ സത്യവാങ്മൂലം നൽകിയില്ലേ...? സഭാതനയർ മറവിയുള്ളവരാണെങ്കിലും എപ്പോഴും എല്ലാം അത്രവേഗം മറന്നെന്നുവരില്ല. അതുകൊണ്ടുതന്നെയാണ്, ഞങ്ങൾ അദ്ധ്വാനിച്ചുണ്ടാക്കിയ സ്വത്ത് ഇന്ത്യൻ നിയമമനുസരിച്ചുതന്നെ കൈകാര്യംചെയ്യാൻ ഒരു സംവിധാനമുണ്ടാകണമെന്ന് ആവശ്യപ്പെടുന്നത്. അതിന് കാനോൻ നിയമം പറഞ്ഞ് തടസ്സംനിന്നാൽപ്പിന്നെ, സർക്കാരിനെ ആശ്രയിക്കുന്നതിൽ എന്താണ് തെറ്റ്?

വകുപ്പുതിരിച്ച് സർക്കുലർ വിലയിരുത്തുന്നതുപോലെതന്നെ പ്രധാനമാണ് സർക്കുലർ ജനങ്ങളിൽ ഉണ്ടാക്കുന്ന പ്രതികരണങ്ങൾ വിലയിരുത്തുന്നതും. സഭയിലെ വിഭാഗീയതയെപ്പറ്റിയുള്ള ഭയാശങ്കകളാണ് സർക്കുലറിലെ ഒരു പ്രധാന പ്രമേയം. പക്ഷേ, സർക്കുലറിൽ ഒരിടത്തും എന്താണ് ഇവിടെയുള്ള വിഭാഗീയത എന്ന് വിശദീകരിക്കുന്നില്ല. സഭയിലെ വിഭാഗങ്ങൾ ഓരോന്നും ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയങ്ങളാണ്. അവയവങ്ങൾ ഓരോന്നും നിശ്ചിത പ്രവർത്തനങ്ങളിൽ വ്യാപരിക്കുമ്പോൾ വിഭാഗീയതയുടെ പ്രശ്നമേ ഉണ്ടാകുകയില്ല. സുവിശേഷത്തിലെ വീക്ഷണമനുസരിച്ച് (മത്താ. 19: 20–21), പ്രമാണങ്ങൾ അനുസരിച്ച് രക്ഷയുടെ വഴിയേ മുന്നേറുന്ന ഒരു വിഭാഗവും, സമ്പൂർണ്ണ സമർപ്പണത്തിലൂടെ യേശുവിനെ പിൻചെല്ലുന്ന മറ്റൊരു വിഭാഗവും സഭയിൽ ഉണ്ട്. രണ്ടുടുപ്പും ചെരുപ്പുംപോലും സ്വന്തമായി സൂക്ഷിക്കാതെ ക്രിസ്തുവിനോടുള്ള താദാത്മ്യമാണ് അഭിഷിക്തരുടെ അടയാളം (മത്താ. 10 :10). ആദിമസഭയിലും ദൈവവചനപ്രഘോഷണത്തിൽ ഉൾപ്പെടുന്നവർ ഭക്ഷണവിതരണാദി ഭൗതിക കാര്യങ്ങളിൽനിന്ന് വിട്ടുനിന്നിരുന്നു (അപ്പോ. പ്രവ. 6: 2–4). എ ഡി നാലാം നൂറ്റാണ്ടിൽ റോമൻ ചക്രവർത്തി സഭയിലെ സംവിധാനം അട്ടിമറിക്കുകയും അന്നുമുതൽ ഇന്നുവരെ പൗരോഹിത്യനേതൃത്വം ക്രൈസ്തവ സഭയുടെ ഈ ശുശ്രൂഷാവിഭജന സമ്പ്രദായത്തെ വികലമാക്കുകയും ചെയ്തതുകൊണ്ടാണ് വിഭാഗീയത ഇവിടെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. ഏറ്റവും ഒടുവിൽ 1992–ൽ സഭയിലെ അത്മായവിഭാഗത്തെ അറിയിക്കാതെ ഒരു ‘ഓറിയന്റൽ കാനൻ ലോ’ ഇവിടെ നടപ്പാക്കിയ സീറോ–മലബാർ ഹൈരാർക്കിതന്നെയാണ്, വിഭജനം വിഭാഗീയതയാക്കി വളർത്തുകയും, അതുവഴി പിടിയിലൊതുക്കിയ സമ്പത്തിന്റെ അധികാരി ഞാനാണ് എന്നു പറഞ്ഞ് മേനിനടിക്കുകയും ചെയ്യുന്നത്.

വിഭാഗീയതപോലെതന്നെ സർക്കുലറിൽ ഊന്നൽ കൊടുക്കുന്ന മറ്റൊരു കാര്യമാണ് അരാജകത്വം. പൗലോസ് ശ്ലീഹായുടെ തെസലോനിക്കാക്കാർക്കുള്ള ലേഖനം ഉദ്ധരിച്ചിട്ടാണ് സിനഡു പിതാക്കന്മാർ ‘അരാജകത്വത്തിന്റെ അരൂപി’ കണ്ടെത്താൻ ശ്രമിക്കുന്നത്. ഉദ്ധൃതവാക്യത്തിന് 4 വാക്യംമുമ്പ് 2 തെസ. 2:3–ൽ ‘ആ ദിവസങ്ങളിൽ അരാജകത്വത്തിന്റെ മനുഷ്യൻ പ്രത്യക്ഷ്പ്പെടുമെന്നും വഞ്ചിക്കപ്പെടാതിരിക്കാൻ സൂക്ഷിച്ചുകൊള്ളണ’മെന്നും ശ്ലീഹാ മുന്നറിയിപ്പു നൽകുന്നുണ്ട്. ആരാണ് വഞ്ചകൻ, ആരാണ് അരാജകത്വത്തിന്റെ മനുഷ്യൻ? 1992–ലെ കാനൻനിയമമാണ് ഒന്നാമത്തെ വഞ്ചന. ഇന്ത്യൻ ക്രിസ്ത്യാനികളിൽ 70% ദളിതരായിരിക്കെ, അവരെ വഞ്ചിച്ച് മെത്രാൻ സിനഡ് സ്വന്തമാക്കിയിരിക്കുന്ന ന്യൂനപക്ഷാവകാശം സംബന്ധിച്ചുള്ള വഞ്ചനയാണ് രണ്ടാമത്തേത്. ദളിത് ക്രിസ്ത്യാനികൾക്ക് 30% സംവരണം നൽകാമെന്ന് പറഞ്ഞു പറ്റിക്കുകയും നൽകാതിരിക്കുകയും ചെയ്യുന്നതാണ് കൊടിയ വഞ്ചന. വഞ്ചനയിൽനിന്നാണ് അരാജകത്വമുണ്ടാകുന്നത് എന്ന പൗലോസ്ശ്ലീഹായുടെ വാക്കുകൾ എത്രയോ പരമാർത്ഥം!

വസ്തുതകൾ ഇതൊക്കെ ആയിരിക്കെയാണ് വിഭാഗീയചിന്താഗതിക്കാരുടെയും അരാജകത്വവാദികളുടെയുംനേരെ അച്ചടക്കനടപടിയുടെ ആയുധമിളക്കിക്കൊണ്ട് മേജർ ആർച്ചുബിഷപ്പ് സർക്കുലർ ഇറക്കുന്നത്. ആരൊക്കെയാണ് അച്ചടക്കനടപടികൾക്കു വിധേയരാകേണ്ടവർ? അനുസരണയില്ലാത്ത അച്ചന്മാർ, അതുമിതുമൊക്കെപ്പറഞ്ഞ് കിടന്നുപിടയ്ക്കുന്ന കന്യാസ്ത്രീകൾ, അവർക്കൊക്കെ പിന്തുണനൽകുന്ന അത്മായക്കൂട്ടങ്ങൾ. ഇവരെയൊക്കെ ശരിപ്പെടുത്തിയിട്ടുതന്നെ കാര്യം. ആർച്ചുബിഷപ്പ് വിചാരിക്കുന്നതുപോലെ, അച്ചനെ ളോഹ ഊരിക്കാനോ, കന്യാസ്ത്രീയെ ചുരിദാർ ഇടീക്കാനോവേണ്ടി ചാടിപ്പറപ്പെട്ടവരല്ല, നവീകരണവാദികളായ കെ സി ആർ എം- കാർ. ശിക്ഷണവും, വേണ്ടിവന്നാൽ ശിക്ഷയുംതന്നെ സമൂഹത്തിന്റെ നിലനിൽപ്പിന് ആവശ്യമാണെന്നും ഞങ്ങൾക്ക് അഭിപ്രായമുണ്ട്. പക്ഷേ, അച്ചടക്കം അടിമത്തമല്ല എന്നു ഞങ്ങൾ വിശ്വസിക്കുന്നു. എന്തിന് ഞങ്ങളെ ശിക്ഷാവിധേയരാക്കുന്നു എന്ന് അറിയാനുള്ള അവകാശവും ഞങ്ങൾക്കുണ്ട്. അടിമത്തത്തിന്റെ നുകത്തിൽനിന്നും പുത്രസ്വീകാര്യത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക് വന്ന ഞങ്ങളെ അടിമകളായി സിനഡു കരുതരുത്. സിനഡിൽ സംസാരിക്കാൻ അനുവാദം ചോദിച്ച ഞങ്ങളെ ലോക്കപ്പിലാക്കുകമാത്രമല്ല, ഭീഷണി പ്രയോഗിച്ച് അടക്കി ഭരിക്കുകയുംചെയ്യാം എന്നു കരുതുമ്പോൾ പ്രതികരിക്കാതിരിക്കാൻ വയ്യ. ‘തെറിക്കുത്തരം മുറിപ്പത്തൽ’ എന്ന രീതിയിലാണ് ഞങ്ങൾ അഹന്തയുടെ തീട്ടൂരം അഗ്നിക്കിരയാക്കിയത്. സർക്കുലർ കത്തിച്ചതിൽ ഞങ്ങൾക്ക് പാപബോധമില്ല, അതുകൊണ്ടുതന്നെ പശ്ചാത്താപം ഒട്ടുമേ ഇല്ല. ഈ വഴിയിൽക്കൂടി ഇനിയും മുമ്പോട്ടുപോകാൻ ഞങ്ങളെ നിർബന്ധിക്കരുത് എന്നുമാത്രം.

സ്നേഹപൂർവ്വം,

**പ്രൊഫ. പി.സി. ദേവസ്യാ**

*(ചെയർമാൻ, കെ സി ആർ എം)*

തയുടെ ഭാഗമാണ്. സ്നേഹത്തിന്റെയും ശുശ്രൂഷയുടെയുമായ യേശുവിന്റെ ദൈവരാജ്യമൂല്യസംഹിതയുടെ അസ്തിവാരം ഈ ആത്മീയാവബോധത്തിലെത്തിയ യേശുശിഷ്യർക്കുണ്ട്. ഈ ആദ്ധ്യാത്മികജ്ഞാനത്തിൽ നിന്നുകൊണ്ട്, തെറ്റുചെയ്യുന്നവരെ ശാസിക്കാനും തിരുത്താനുമുള്ള ധാർമ്മികമായ അധികാരവും അവർക്കുണ്ട്. കുടുംബബോധം നിലനിർത്തിക്കൊണ്ട്, വഴിതെറ്റുന്ന കുടുംബാംഗങ്ങളെ കുടുംബത്തിന്റെ ശ്രേയസ്സനുവേണ്ടി ശാസിക്കാനും തിരുത്താനും വിവേകമതിയായ ഒരു കുടുംബനാഥനുള്ള ധാർമ്മികാധികാരംപോലെയാണത്.

ദൈവരാജ്യമെന്ന വിശ്വകുടുംബം കെട്ടിപ്പടുക്കണമെങ്കിലും നിരന്തരമായ പ്രബോധനവും ശാസനയും തെറ്റുതിരുത്തലും ആവശ്യമാണ്. തന്റെ ആദ്ധ്യാത്മിക ദർശനം ഉൾക്കൊണ്ട് തന്റെ ശിഷ്യരാകുന്നവർക്ക് തുടർന്നങ്ങോട്ട് ഏതു കാലഘട്ടത്തിലും തിന്മയെ കെട്ടാനും അഴിക്കാനുമുള്ള ധാർമ്മികാധികാരമാണ് യേശു നൽകിയത്. യേശുവിനെ അറിയാത്ത പൗരോഹിത്യം ഈ ധാർമ്മികാധികാരത്തെ തങ്ങളുടെ ഭൗതികാധികാരമായി ദുർവ്യാഖ്യാനിക്കുകയും, യേശുദർശനത്തെ തകിടം മറിക്കുകയുമാണുണ്ടായത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ യേശു നൽകിയ ധാർമ്മികാധികാരത്തെ കെട്ടുകയും യേശു നിഷേധിച്ചു പറഞ്ഞ ഭൗതികാധികാരത്തെ സഭയിൽ അഴിച്ചുവിടുകയുമാണ് സഭാപൗരോഹിത്യം ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതും. ഈ പുരോഹിതതിന്മയെ കെട്ടുകയെന്ന ദൗത്യമാണ് യേശുശിഷ്യർക്ക് ഇന്നുള്ളത്.

സഭാപരമായ ഈ വ്യക്തതയോടും ലക്ഷ്യബോധത്തോടുംകൂടിവേണം ഇന്നത്തെ സഭയെ നാം നോക്കിക്കാണാനും അതിനോടു പ്രതികരിക്കാനും. അപ്പോൾ കാണാം, അപ്രമാദിത്വത്തോടെ മാർപാപ്പാ പ്രഖ്യാപിക്കുന്ന കാനോൻനിയമംമുതൽ, പള്ളിയോഗനടപടിക്രമങ്ങളും രൂപതാനിയമാവലികളുംവരെ സഭയുടെ പുരോഹിതാധികാരശൃംഖലയെ നിലനിർത്താനും ശക്തിപ്പെടുത്താനുമുള്ള ഏർപ്പാടുകളാണെന്ന്. ഏതെങ്കിലും കാനോൻനിയമ വകുപ്പുപ്രകാരമായതിനാൽ, സീറോ-മലബാർസഭ പോലുള്ള സ്വയാധികാര സഭകൾ ക്രോഡീകരിക്കുന്ന നിയമങ്ങളും രൂപതാനിയമങ്ങളുമെല്ലാം അപ്രമാദിത്വത്തിന്റെ അനിഷേധ്യതയോടെയാവും അവതരിപ്പിക്കപ്പെടുക. ഇതേ കാരണത്താൽത്തന്നെ, മെത്രാൻസിനഡ് തീരുമാനങ്ങൾക്കും ഇടയലേഖനങ്ങൾക്കും സർക്കുലറുകൾക്കുമെല്ലാം ഈ അപ്രമാദിത്വം പൗരോഹിത്യം അവകാശപ്പെടുന്നു. ചുരുക്കത്തിൽ, വിശ്വാസിസമൂഹത്തിന്റെ യാതൊരു പ്രാതിനിധ്യവുമില്ലാതെ രൂപംകൊണ്ട സഭയിലെ അണുമാത്രന്യൂനപക്ഷമായ കത്തോലിക്കാഹയരാർക്കിക്ക്, കോടിക്കണക്കായ സഭാംഗങ്ങളടങ്ങുന്ന സമുദായത്തിന്റെ ഭാഗധേയത്തെ അതിന്റെ ഇച്ഛയ്ക്കൊത്ത് യേശുവിന്റെയും അപ്പോസ്തലന്മാരുടെയും മേൽവിലാസത്തിൽ അമ്മാനമാടാം എന്നതാണവസ്ഥ.

ഇവിടെ അപ്രമാദിത്വം എന്ന സഭാസിദ്ധാന്തത്തെക്കുറിച്ച് ഫ്രാൻസീസ് മാർപാപ്പാ നൽകിയിട്ടുള്ള വ്യാഖ്യാനം വളരെപ്രസക്തമാണ് അദ്ദേഹം പറയുന്നതിങ്ങനെ: ***"എല്ലാ വിശ്വാസികളെയും ഒന്നായികാണുന്ന പക്ഷം, വിശ്വാസകാര്യങ്ങളിൽ അവർക്ക് അപ്രമാദിത്വമുണ്ട്. ജനങ്ങളും മെത്രാന്മാരും മാർപാപ്പയും തമ്മിൽത്തമ്മിൽ നിഷ്കപടമാംവിധം ആശയവിനിമയത്തിന്റെ വഴിയിലാകുമ്പോൾ പരിശുദ്ധാത്മാവ് അവിടെ പിന്തുണയ്ക്കാനുണ്ടാകും... അതുകൊണ്ട്, 'സഭയോടൊത്തു ചിന്തിക്കുക' എന്നു പറയുമ്പോൾ, സഭാഹയരാർക്കിയോടൊപ്പം ചിന്തിക്കുക എന്നാണർത്ഥമെന്നു നാം ചിന്തിക്കുക പോലുമരുത്"*** (2013 സെപ്തം.13 -ലെ 'റോയിട്ടറിൽ', 'Pope Francis is Liberal' എന്ന തലക്കെട്ടിൽ വില്യം സലേറ്റർ എഴുതിയ അഭിമുഖത്തിൽനിന്ന്- സ്വന്തം തർജമ: കാണുക, സത്യജ്വാല 2013 ഒക്ടോ. ലക്കം, പേജ് 8).

ആരാലും ചോദ്യംചെയ്യപ്പെടാതിരിക്കാൻ 1870-ൽ 9-ാം പീയൂസ് മാർപാപ്പാ ഒന്നാം വത്തിക്കാൻ കൗൺസിലിൽ പ്രഖ്യാപിച്ചതാണ് മാർപാപ്പയ്ക്ക് അപ്രമാദിത്വമുണ്ട് എന്ന സിദ്ധാന്തം. മോശയുടെ കർക്കശനിയമങ്ങളെ തള്ളിക്കളയാതെതന്നെ അവയെ സ്നേഹത്തിന്റെ നിയമങ്ങളാക്കി യേശു പരിവർത്തിപ്പിച്ചതുപോലെ, 9-ാം പീയൂസിന്റെ സ്വേച്ഛാധിപത്യസിദ്ധാന്തത്തെ ഫ്രാൻസീസ് മാർപാപ്പ സഭാത്മകമാക്കി മാറ്റിത്തന്നിരിക്കുന്നു! എന്താണ് സഭാത്മകത? അലോചനയും തീരുമാനവും നടത്തിപ്പും ജീവിതവും കൂട്ടായ്മയിലാകുന്ന അവസ്ഥയാണത്. സഭയെന്നാൽ വിശ്വാസികളുടെ കൂട്ടായ്മയാണ്. മാർപാപ്പയും മെത്രാന്മാരും വിശ്വാസികളും കൂട്ടായ്മയിൽ ഐക്യപ്പെടുമ്പോൾ ആ കൂട്ടായ്മയ്ക്കാണ് അപ്രമാദിത്വമുള്ളത് എന്ന മാർപാപ്പയുടെ വ്യാഖ്യാനം ബൈബിൾ പ്രകാരവും ശരിയാണ്. 'എന്റെ പേരിൽ രണ്ടോ മൂന്നോപേർ ഒരുമിച്ചു കൂടുമ്പോൾ ഞാൻ അവരുടെ മധ്യേ ഉണ്ടായിരിക്കും' എന്ന് യേശു പറഞ്ഞിട്ടുണ്ടല്ലോ. അതേ വാക്യത്തിൽ നിന്നുതന്നെ, ഒരാളുടെയോ ഒരു സംഘത്തിന്റെയോപേരിൽ എത്രപേർ ഒന്നിച്ചുകൂടിയാലും അവിടെ യേശു സന്നിഹിതനായിരിക്കില്ല എന്നും നമുക്കു മനസ്സിലാക്കാം.

ഇതിൽനിന്നെല്ലാം, മെത്രന്മാർ മെത്രാന്മാർക്കുവേണ്ടിയും പുരോഹിതർ അവർക്കുവേണ്ടിയും ഒന്നിച്ചുകൂടുന്ന ഒരിടത്തും, മെത്രാൻ സിനഡുകളിലോ പുരോഹിതവേദികളിലോ ഒന്നും യേശുവിന്റെ സാന്നിദ്ധ്യമുണ്ടാവില്ലെന്ന് ഉറപ്പിക്കാനാവും. അതെല്ലാം നിക്ഷിപ്തതാൽപര്യ സംഘങ്ങളാണ്. പുരോഹിതർ പുരോഹിതർക്കുവേണ്ടി പുരോഹിതരാൽ രൂപം കൊടുക്കുന്ന ഈ സമിതികൾക്കൊന്നും വിശ്വാസികളുടെ കൂട്ടായ്മയായ സഭയുടെയോ യേശുവിന്റെയോ അംഗീകാരമുണ്ടാവില്ല. അതുകൊണ്ടുതന്നെ, അത്തരം സംഘങ്ങളുടെ തീരുമാനങ്ങൾക്കും കൽപനകൾക്കും പുല്ലുവില കൽപ്പിക്കാൻമാത്രമേ യാഥാർത്ഥ യേശുശിഷ്യർക്കാവൂ. അവരതു കത്തിച്ചുചാമ്പലാക്കുകയോ കടലിൽ തള്ളുകയോചെയ്യും.

ഇതിനർത്ഥം സഭയെ അരാജകത്വത്തിലേക്കു തള്ളണമെന്നല്ല. തീർച്ചയായും, തീരുമാനങ്ങളെടുക്കാനും നടപ്പാക്കാനും സഭയുടെ എല്ലാ തലങ്ങളിലും ഔദ്യോഗികസമിതികൾ വേണം; ഇടവകതലത്തിലും



# കെ.സി.ആർ.എം. തീവ്രവാദപാതയിൽ

**ഇപ്പൻ** (വൈസ് ചെയർമാൻ,കെ.സി.ആർ.എം.)

**ഭാ**ഷാശാസ്ത്രത്തിൽ അർത്ഥാധഃപതനം എന്നൊരു പ്രതിഭാസമുണ്ട്. നല്ല അർത്ഥമുള്ള ഒരു വാക്കിന് കാല ക്രമേണ ചീത്ത അർത്ഥം കൈവന്നാൽ അർത്ഥാധഃപത നമായി. കൂത്തച്ചി എന്ന വാക്ക് ഉദാഹരിക്കാം. കൂത്ത് എന്ന ശ്രേഷ്ഠമായ കല അഭ്യസിച്ച നങ്ങ്യാർ എന്നുമാത്രമേ അർത്ഥമുള്ളു. ഇന്നത് ഒന്നാന്തരം തെറിയാണ്. ദേവദാസികൾ കാലക്രമേണ വ്യഭിചാരിണികളായി മാറി. ചരിത്രം നല്ല വാക്കിനെ തെറിയാക്കിമാറ്റി.

'തീവ്രവാദി' എന്ന വാക്കിനും ഈ ദുരന്തം സംഭവിച്ചിട്ടുണ്ടെന്നു തോന്നുന്നു. ഒരാൾക്ക് ഒരു നല്ല ആശയത്തോട് അതിതീവ്രമായ പ്രണയം തോന്നുക. അയാൾ അതു പ്രചരിപ്പിക്കുന്നതിനുവേണ്ടി അറസ്റ്റുവരി ക്കാനും ജയിലിൽ കയറാനും തല്ലുകൊള്ളാനും മരിക്കാനുംവരെ തയ്യാറാവുക. അതെങ്ങനെ തെറ്റാവും? എന്നല്ല, അതല്ലേ ഏറ്റവും മുഴുത്തശരി? യേശുവും സോക്രട്ടീസും ഗാന്ധിജിയും അങ്ങനെയുള്ളവരായിരു ന്നില്ലേ? പക്ഷേ തീവ്രവാദി എന്നുകേട്ടാൽ സാധാരണ മനുഷ്യരുടെ മനസ്സിൽ ഉദിക്കുന്ന അർത്ഥമെന്താണ്? ചീത്ത ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനുവേണ്ടി നിരപരാധികളെ കൊല്ലുന്ന ദുഷ്ടന്മാർ എന്നല്ലേ? അങ്ങനെയുള്ളവരെ വിളിക്കേണ്ടത് ഭീകരന്മാർ എന്നോ ചോരക്കൊതിയന്മാർ എന്നോ ആണ്.

മലിനവ്യവസ്ഥയുടെ കാവൽക്കാരാണല്ലോ മുഖ്യധാരാമാധ്യമങ്ങളും. വ്യവസ്ഥ ചീത്ത ആശയ ങ്ങളുടെ വക്താക്കളായ ചോരക്കൊതിയന്മാരെക്കാൾ ഭയപ്പെടുന്നത് നല്ല ആശയങ്ങൾക്കുവേണ്ടി മരിക്കാൻ തയ്യാറാവുന്ന തീവ്രവാദികളെയാണ്. സമൂഹത്തി ലുണ്ടാവുന്ന ഗുണപരമായ മാറ്റങ്ങളാണ് മലീമസമായ വ്യവസ്ഥയുടെ കാവലാളന്മാരുടെ പോക്കറ്റു കാലി യാക്കുന്നത്. മതനിരപേക്ഷ ഭരണകൂടത്തിലല്ല, മതാധിഷ്ഠിത ഭരണകൂടത്തിലാണ് അവർ സുര ക്ഷിതർ . ചോരക്കൊതിയന്മാരായ ഭീകരന്മാർ ഒരു മതമാഫിയയെ തോൽപിച്ച് മറ്റൊരു മതമാഫിയയെ പ്രതിഷ്ഠിച്ചാൽ അവർക്കെന്തു നഷ്ടം? മതമാഫിയ എന്ന ചെളിക്കുഴിയിലാണ് മുതലാളിത്തം എന്ന താമരപ്പൂ വിരിഞ്ഞു നിൽക്കുന്നത്. ഏതു ചെളിക്കു ▸▸

---

▸▸ രൂപതാതലത്തിലും വ്യക്തിസഭയുടെ തലത്തിലും സഭാസമിതികൾ ഉണ്ടാകണം. ഇടവകതലത്തിൽ ജനങ്ങളും ഇടവകവൈദികരും തമ്മിൽ, ഫ്രാൻസീസ് മാർപാപ്പ പറയുന്നതുപോലെ, 'നിഷ്കപടമാംവിധം ആശയവിനിമ യത്തിന്റെ വഴിയിലാകുമ്പോൾ' പരിശുദ്ധാത്മാവ് അവിടെ പിന്തുണയ്ക്കാനുണ്ടാകുകയും പ്രമാദരഹിതമായ തീരുമാനങ്ങളിലെത്താനും ശുശ്രൂഷയുടെ അരൂപിയിൽ അവ നടപ്പാക്കാനും കഴിയും. രൂപതാതലത്തിലും വ്യക്തിസഭാതലത്തിലും ആഗോളസഭാതലത്തിലും, ഇടവകകളിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധി കളും വൈദികരുടെയും സന്യസ്തരുടെയും പ്രതിനിധി കളും ഒത്തുചേർന്ന്, തുല്യതയുടെ അടിസ്ഥാനത്തിൽ ആശയവിനിമയം നടത്താനുള്ള സംവിധാനം ഉണ്ടായാൽ മാത്രമേ, മാർപാപ്പ സ്വപ്നംകാണുന്നതുപോലെ സഭ യെയാകെ പരിശുദ്ധാത്മാവ് പിന്തുണയ്ക്കാനുണ്ടാകൂ. അല്ലാതെ, നൂറുകോടിയിലേറെ അംഗങ്ങളുള്ള കത്തോലി ക്കാസഭയിൽ, മാർപ്പാപ്പയുടെ അദ്ധ്യക്ഷതയിൽ ഏതാനും കർദ്ദിനാളന്മാരും മെത്രാന്മാരും റോമിൽ സൂനഹദോസ് നടത്തിയതുകൊണ്ടോ, ദശലക്ഷക്കണക്കിന് ജനങ്ങളുള്ള ഓരോ വ്യക്തിയസസആർച്ചുബിഷപ്പുമാരുടെയും അദ്ധ്യ ക്ഷതയിൽ മെത്രാൻസിനഡു കൂടിയതുകൊണ്ടോ ശരിയായ ഒരു തീരുമാനത്തിലും എത്തിച്ചേരാനാവില്ല. അവയെ 'മെത്രാൻസിനഡ്'എന്നല്ലാതെ, സഭാസിനഡ് എന്നു വിശേഷിപ്പിക്കാനാവില്ല. വേണ്ടത്, സഭാസിനഡാണ്. എങ്കിൽ മാത്രമേ, സഭയ്ക്കുള്ളിൽ സൂക്ഷ്മതലങ്ങളിൽ ആശയവിനിമയവും പ്രമാദരഹിതമായ തീരുമാനങ്ങളും സുതാര്യമായ നടത്തിപ്പും ഉണ്ടാകൂ.

ഇതിന്റെ അടിസ്ഥാനത്തിൽ സീറോ-മലബാർ സഭാസിനഡും രൂപതായോഗവും ഇടവകയോഗവും എപ്രകാരമായിരിക്കണമെന്ന് നമുക്ക് ആലോചിക്കാ വുന്നതേയുള്ളു. ആലോചിച്ചുവരുമ്പോൾ അത്, 1599-ലെ ഉദയംപേരൂർ സൂനഹദോസിനുമുമ്പ്, അതായത് ഈ സഭ റോമൻസഭയാകുന്നതിനുമുമ്പ് കേരളസഭയിൽ നിലനിന്നിരുന്ന ഇടവകയോഗം, പള്ളിപ്രതിപുരുഷയോഗം, സഭാപൊതുയോഗം എന്നീ മൂന്നു തട്ടുകളുള്ള പള്ളിയോഗസമ്പ്രദായത്തിൽ നാമെത്തും. നമ്മുടെ സഭയുടെ പൈതൃകപാരമ്പര്യ മായ ഈ പള്ളിയോഗസമ്പ്രദായത്തെ ആധുനിക കാലത്തിനനുസൃതമായി പുതുക്കിയെടുത്താൽ മാത്രംമതി, സഭയുടെ എല്ലാ തലങ്ങളിലും സുതാര്യ മായ ആശയവിനിമയം നടത്തി തീരുമാനങ്ങളെടുത്ത് സുഗമമായി മുന്നോട്ടുപോകാൻ. ഇപ്രകാരം പൂർവ്വ പാരമ്പര്യങ്ങൾ വീണ്ടെടുക്കാൻ പൗരസ്ത്യദേശത്തെ ഒരു സഭയെന്നനിലയിൽ കേരളസഭയ്ക്ക് അവകാ ശവും കടമയുമുണ്ട്. ഇക്കാര്യം രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിച്ചിട്ടുള്ളതുമാണ്.

നമ്മുടെ മെത്രാന്മാർ ഇനിയെങ്കിലും അതിനു തയ്യാറാകുന്നപക്ഷം, ആദ്ധ്യാത്മികവും ഭൗതിക വുമായി നമ്മുടെ സഭ രക്ഷപെടും. മെത്രാന്മാർ ഭയക്കുന്ന ചർച്ച് ആക്ട് പോലും വേണ്ടെന്നു വയ്ക്കാൻ വിശ്വാസികൾ അപ്പോൾ തയ്യാറായെന്നു വരും. യേശുവിന്റെ നിയമവും അപ്പോസ്തലന്മാരുടെ സമ്പ്രദായവും വ്യവസ്ഥാപിക്കപ്പെടുന്നപക്ഷം, പിന്നെയെന്തിനു മറ്റൊരു ഗവൺമെന്റ് നിയമം? മാത്രമല്ല, ഭരണഘടനാവിരുദ്ധമല്ലാത്തതും ദേശീയവു മായ ആ സഭാത്മകസമ്പ്രദായത്തെ ക്രൈസ്തവരുടെ നിയമമായി രാഷ്ട്രം അംഗീകരിച്ചുകൊള്ളുംതാനും.

**എഡിറ്റർ**



*ഇടയലേഖനം കത്തിക്കൽ പരിപാടി-എറണാകുളം*

ഴിയിലും താമര വിടരും. ക്രിസ്ത്യൻ ചെളിക്കുഴിയിലും ഇസ്ലാമിക ചെളിക്കുഴിയിലും ഹൈന്ദവചെളിക്കുഴിയിലും. അതുകൊണ്ടവർ തീവ്രവാദി എന്ന നിരുപദ്രവകരമായ വാക്കിൽ ചോരക്കൊതി കുത്തി നിറച്ചു.

കുറഞ്ഞപക്ഷം കെ.സി. ആർ.എം-ന്റെ അമരക്കാരെങ്കിലും ഇന്നു തീവ്രവാദത്തിന്റെ പാതയിലാണ്. പ്രൊഫ. പി.സി.ദേവസ്യാ, ഈ ലേഖകൻ, സി.വി. സെബാസ്റ്റ്യൻ, കുര്യാച്ചൻ എന്നിവർ ഞങ്ങളുടെ വാർദ്ധക്യത്തിന്റെ ആഡംബരമായ വിശ്രമവേളയെ തീവ്രവാദത്തിന്റെ ചോരമണക്കുന്ന വഴികളിൽ ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ജോർജ് മൂലേച്ചാലിലും പി.എസ് ജോസഫും ഷാജു തറപ്പേലും മാത്യു തറക്കുന്നേലും ടോം പേരേക്കാട്ടും ജോയി കളരിയ്ക്കലും ജോഷി പോളുമൊക്കെ അവരുടെ ജോലിത്തിരക്കുകൾമൂലം ഭാഗികമായി സഹകരിക്കുന്നു. ഒറ്റയ്ക്ക് പ്ലക്കാർഡും പിടിച്ച് ചർച്ച് ആക്റ്റ് ലഘുലേഖവിതരണം തുടങ്ങിവെച്ചത് ഈ ലേഖകൻതന്നെയാണ്. കാസർകോട്ടുനിന്നു തുടങ്ങി എറണാകുളത്തെത്തിയപ്പോൾ അടിപൊട്ടി. ആശുപത്രിയിലും കയറി. അങ്ങനെ ഇരിക്കുമ്പോഴാണ് കമ്മിറ്റിയിൽ ദേവസ്യാ സാർ ഒരു പ്രസ്താവന നടത്തിയത്. 'പാലായിലൊരു മത്തായിച്ചേട്ടനുണ്ടായിരുന്നു. ഞായറാഴ്ച മുഴുവൻ സുവിശേഷം പ്രസംഗിക്കും. കേൾക്കാനാരുമുണ്ടാവില്ല. മത്തായിച്ചേട്ടന്റെ ആത്മാർത്ഥതയും വിശ്വാസതീക്ഷ്ണതയും അനുകരണീയമാണ്. ഇപ്പന്റെയൊപ്പം ഞാനും കൂടുകയാണ്' അതിനുശേഷം സാറെന്നെ വിളിച്ചു. അടുത്ത ഞായറാഴ്ച നമുക്കു രണ്ടുപേർക്കും കൂടി മുട്ടം മുതൽ മൂലമറ്റംവരെ ഒരു പ്രസംഗപര്യടനം നടത്തിയാലോ? 'ഓഹോ, ആയിക്കളയാം' ഞാൻ പറഞ്ഞു. ഞങ്ങൾ നടത്തി. ഓരോ സെന്ററിലും ചെല്ലുക. സാർ വിപ്ലവകരമായ ഒരു സുവിശേഷഭാഗം വായിച്ചു വ്യാഖ്യാനിക്കുക. ഞാൻ ഓടി നടന്നു ലഘുലേഖ വിതരണംചെയ്യുക. തിരിച്ചു വന്നൊരു കൊച്ചുപ്രസംഗം. മൂലമറ്റത്തെത്തിയപ്പോഴേക്കും ഷാജു തറപ്പേലും വന്നു. വൈകിട്ടു മുട്ടത്തുവന്നൊരു സമാപനയോഗം; അതും മുട്ടം പള്ളിക്കുമുമ്പിൽ, മൈക്കുസാങ്ഷനൊക്കെ എടുത്ത്. സംഗതി കൊള്ളാം. പക്ഷേ ആശയങ്ങൾ കൂടുതൽ വിശ്വാസികളിലേക്ക് ഇറങ്ങിച്ചെല്ലുന്നില്ലല്ലോ എന്നൊരു കുണ്ഠിതം എനിക്ക് തോന്നി. ഞാൻ സാറിനെ വിളിച്ചു. അടുത്ത ഞായറാഴ്ച പാലാ കത്തീഡ്രൽ പള്ളിയുടെ ഗേറ്റിങ്കൽ നിന്ന് ലഘുലേഖകൾ വിതരണം ചെയ്താലോ? സാറു പറഞ്ഞു: "ഞാൻ വരില്ല. നിങ്ങൾ പൊയ്ക്കോ." "അതെന്താ സാറേ." ഞാൻ ചോദിച്ചു. "അതിനടുത്താ ഊനാസച്ചൻ താമസിക്കുന്നത്" എനിക്കു നിരാശയായി.. സാറങ്ങനെയാണ്. റൊട്ടി ചോദിച്ചാൽ റൊട്ടി തരില്ല. പക്ഷേ ശരിയായ വിശപ്പിന്റെ നേരത്ത് കേക്കു തന്നിരിക്കും. ഒരാഴ്ചയ്ക്കുള്ളിൽ കേക്കെത്തി. "ഇപ്പൻ സാറേ, പാലായിലെ ജൂബിലപ്പെരുന്നാളിന് നമുക്ക് കെ.സി.ആർ.എം-മ്മിന്റെ ബുക്ക് സ്റ്റാളിട്ടാലോ? ലഘുലേഖ വിതരണവും ആകാം" എനിക്കു സന്തോഷമായി. സംഭവം നടന്നു. കെ.സി.ആർ.എം. പാലാ കീഴടക്കിക്കഴിഞ്ഞതാണ്. അതുകൊണ്ട് പ്രശ്നങ്ങളൊന്നും ഉണ്ടായില്ല. 3000 ലഘുലേഖകളെങ്കിലും ഒരു ദിവസം കൊണ്ടു വിതരണംചെയ്തു. പാലാ നിയോജകമണ്ഡലത്തിന്റെ എല്ലാ മുക്കിലും മൂലയിലും അവ എത്തിയിട്ടുണ്ട്.

ജൂബിലിപ്പെരുന്നാളിന്റെ ബുക്ക് സ്റ്റാളിലിരുന്ന് ദേവസ്യാസാറ് എന്റെ ചെവിയിൽ മന്ത്രിച്ചു. "പാലായിലെ കരിസ്മാറ്റിക് ബൈബിൾ കൺവെൻഷന് ഇതേ സംഭവം നടത്തിയാലോ?" കടന്നൽക്കൂട്ടത്തിലേക്ക് കല്ലെറിഞ്ഞാലോ എന്നാണു സാറു ചോദിച്ചതെങ്കിലും കോഴിക്കോടൻ ഹൽവ വേണോ എന്നാണ് ഞാൻ കേട്ടത്. പ്രതീക്ഷ തെറ്റിയില്ല. കരിസ്മാറ്റിക് ബാഡ്ജ് ധരിച്ച വിശുദ്ധ ഗുണ്ടകളെത്തി ഞങ്ങളെ വിരട്ടി.



പക്ഷേ ലഘുലേഖവിതരണം സുഗമമായി നടന്നു. സംഘർഷം നമ്മൾ നന്നായി പ്രവർത്തിക്കുന്നതിന്റെ തെളിവാണ്. നഷ്ടമുണ്ടാവുമ്പോഴാണ് ശത്രുതയുണ്ടാവുന്നത്. ശത്രുവിന്റെ ആളുകൾ പോലീസിന്റെയും ഗുണ്ടയുടെയും വാടകക്കൊലയാളിയുടെയും രൂപത്തിൽ എത്തിയെന്നിരിക്കും. ഇതിനിടയ്ക്കാണ് സിറ്റർ ലൂസിയെ അപമാനിക്കുന്ന ലേഖനം ദീപിക പ്രസിദ്ധീകരിച്ചത്. ഞങ്ങൾ സിസ്റ്റർ ലൂസിയുടെ മദർ സുപ്പീരിയറുടെ മഠത്തിനു മുമ്പിൽ കൊണ്ടുപോയി ദീപികപ്പത്രം കത്തിച്ചു. ഞങ്ങൾ ചെല്ലുന്നതിനുമുമ്പേ മഫ്ത്തിയിൽ പോലീസെത്തി. കുറെക്കഴിഞ്ഞ് വണ്ടിനിറച്ചും യൂണിഫോറമിട്ട പോലീസെത്തി. പോലീസ് ഭരിക്കുന്ന പാർട്ടിയുടെ വടി മാത്രമാണ്. എന്റെ അനുഭവത്തിൽ മാർക്സിസ്റ്റ് പാർട്ടിക്ക് ചർച്ച് ആക്ട് പ്രചരിച്ചു കൊള്ളട്ടെ എന്നുണ്ട്. അവരായിട്ട് അതിനെ ദത്തെടുക്കാനുംമാത്രം ധൈര്യം കാണിക്കുന്നില്ലെന്നേയുള്ളൂ. ബി ജെ പി -യുടെ നിലപാടും ഇതു തന്നെ.



ഇതിനിടയ്ക്ക് സിനഡ് മാർച്ചും നടന്നു. ദേവസ്യാ സാർ സിനഡിനെഴുതിയിരുന്നു, അല്മായർക്കും സിനഡിൽ അഭിപ്രായം പറയാൻ അവസരം തരണമെന്ന്. ഞങ്ങൾ ചെന്നത് പിതാക്കന്മാർ വിഭവസമൃദ്ധമായ അമൃതേത്തു കഴിക്കുന്ന നേരത്താണ്. കുഞ്ഞാടുകളുടെ ധാർഷ്ട്യം പിതാക്കന്മാർ പൊറുത്തില്ല. പ്രൊഫ. ഫിലോമിനയുമുണ്ട് ഞങ്ങളുടെ കൂടെ. പൂച്ചയ്ക്കെന്താ പൊന്നുരുക്കുന്നിടത്തു കാര്യം? പോലീസെത്തി ഞങ്ങളെ തൂക്കിയെടുത്തു വണ്ടിയിലിട്ടു. മുദ്രാവാക്യങ്ങൾ മുഴങ്ങി. 'മെത്രാന്മാരേ കേട്ടോളൂ. ഞങ്ങൾ നിങ്ങടെ അടിമകളല്ല. നിങ്ങൾ ഞങ്ങടെ ഉടമകളല്ല.' അറസ്റ്റു നടന്നത് ഒരുമണിക്ക്. ജാമ്യത്തിൽ വിട്ടത് 4 മണിക്ക്. യേശു പറഞ്ഞതുപോലെ നീതിക്കുവേണ്ടി വിശപ്പു സഹിച്ച് 4 മണിവരെ ഇരുന്നു. മൂക്കറ്റം തിന്ന് ഏമ്പക്കം വിട്ട് പിതാക്കന്മാർ കുമ്പകുലുക്കിച്ചിരിച്ചു കാണണം.

മുതലക്കോടം പള്ളിക്കു സമീപം നടത്തിയ യോഗം പുതുമ നിറഞ്ഞതായിരുന്നു. മെത്രാന്മാരുടെ സിനഡുപോലെ ഒളിച്ചും പാത്തും ആയിരുന്നില്ല. ഇടവകയിലെ നൂറു കുടുംബങ്ങളുടെ മേൽവിലാസം സംഘടിപ്പിച്ച് ദേവസ്യാസാർ ലഘുലേഖകളും ക്ഷണക്കത്തും അയച്ചു കൊടുത്തിരുന്നു. തൊടുപുഴയിലെ സംഘടനക്കാരെല്ലാം ഹാജരുണ്ടായിരുന്നു. ഇടവകക്കാരിൽ ചിലരെല്ലാം വന്ന് അവിടെയും ഇവിടെയും മറഞ്ഞുനിന്ന് എത്തിനോക്കുകയും കേൾക്കുകയും ചെയ്യുന്നുണ്ടായിരുന്നു. മദ്യങ്ങൾ കലർത്തിക്കഴിച്ചാൽ ലഹരികൂടും. പുരോഹിത ഭക്തിലഹരിക്കുപുറമേ മദ്യലഹരിയും മൂത്ത ഒരാൾ അലമ്പുണ്ടാക്കാൻ ശ്രമിച്ചു. അവസാനം ശ്രോതാക്കൾക്ക് അവസരം തരുമെന്ന് അയാളോടു പറഞ്ഞു. അവസാനം നോക്കിയപ്പോൾ അയാളുടെ പൊടിപോലും കാണാനില്ല. അങ്ങനെ മുതലക്കോടം ഇടവകയിൽ നവീകരണത്തിന്റെ വിത്തുവിതയ്ക്കപ്പെട്ടു. കേരളത്തിലെ എല്ലാ ഇടവകകളിലും ഇത്തരം യോഗങ്ങൾ നടക്കണം. സഭയെ യേശുവിന്റെ കാരുണ്യപാതയിൽ എത്തിക്കുക എന്നതാണ് ഒരു വിശ്വാസിക്കു ചെയ്യാവുന്ന ഏറ്റവും നല്ല വലിയ കാര്യമെന്ന് എല്ലാവരും ഓർത്താൽ മതി. അതു ചെയ്യാതെ യേശുവേന്നു വിളിച്ച് നെഞ്ചത്തടിച്ചിട്ട് ഒരു കാര്യവുമില്ല.



*SOS ഐക്യദാർഢ്യസമ്മേളനം - കോട്ടയം*

അടുത്ത മേച്ചിൽപ്പുറം പാലാ രൂപതയ്ക്കു പുറത്തായിരുന്നു. അതിരമ്പുഴ പള്ളിപ്പെരുന്നാൾ. പൗവ്വത്തിൽ പിതാവിന്റെ ക്യാച്ച്മെന്റ് ഏരിയാ. പുലിക്കുന്നേൽ സാറ് പണ്ടേ പറഞ്ഞിട്ടുണ്ട്, അറയ്ക്കൽ ബിഷപ്പിനെക്കാൾ ഭയക്കേണ്ടത് പൗവ്വത്തിൽ ബിഷപ്പിനെയാണെന്ന്. അങ്ങേര് സൈലന്റ് കില്ലറാണ്. അദ്ദേഹത്തിന്റെ ഗുണ്ടകൾ ഞങ്ങളെ കൈകാര്യം ചെയ്തതാണ്, മോനിക്കാ സമരത്തിനു ചെന്നപ്പോൾ. അതി

രമ്പുഴയിലെ പ്രമുഖ വ്യാപാരിയായ എൻ.റ്റി. പോൾ അദ്ദേഹത്തിന്റെ കടയുടെ മുമ്പിലുള്ള ഭാഗം സ്റ്റാളിടാൻ തന്നു. എന്നു മാത്രമല്ല, വീട്ടിൽനിന്ന് ഏത്തയ്ക്കാപ്പവും ചായയും കൊണ്ടുവന്നു തരികയും വൈകുന്നേരം കുറെ അധികം സമയം ഞങ്ങളുടെകൂടെ ചെലവഴിക്കുകയും ചെയ്തു. അതിരമ്പുഴയിലെ കെ.സി.ആർ.എം. സുഹൃത്തുക്കൾ ആത്മാർത്ഥമായി സഹകരിച്ചു. എന്നിരിക്കിലും എട്ടുപത്തുപേർ വന്ന് അസുഖകരമായ കമന്റുകൾ പറഞ്ഞു. യാതൊരു പ്രശ്നവുമില്ലാത്ത അതിരമ്പുഴയിൽ ഞങ്ങൾ പ്രശ്നമുണ്ടാക്കാനെത്തിയിരിക്കുകയാണത്രെ!. 'സമാധാനമല്ല, വാളാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നതെ'ന്ന യേശുവചനത്തിന്റെ പൊരുൾ എനിക്കിപ്പോൾ മനസ്സിലായി. സ്വസ്ഥത അത്ര നല്ല കാര്യമല്ല. അടിമകൾക്ക് അടിമത്തത്തിന്റെ സ്വസ്ഥത ഉടമകൾക്ക് അടിമകളുടെ നിശ്ശബ്ദതയിലുള്ള സ്വസ്ഥത. ചേറുകോരുമ്പോൾ കലങ്ങും. അങ്ങനെ കലങ്ങി മാത്രമേ തെളിയൂ.

രാത്രിയായപ്പോഴേക്കും ഒരുത്തനെത്തി എന്റെ മുഖത്ത് തുപ്പൽ തെറിക്കുമാറ് അടുത്തുനിന്ന് ഉച്ചത്തിൽ സംസാരിക്കാൻ തുടങ്ങി. ഉദ്ദേശ്യമെന്തെന്ന അയാളുടെ ചോദ്യത്തിന് സഭാനവീകരണമെന്ന് ഞാൻ. സഭയെന്നുവെച്ചാൽ എന്ത്? നമ്മളെല്ലാം ചേരുന്നതാണ് സഭ. എങ്കിൽ നമ്മളങ്ങു നന്നായാൽ പ്രശ്നം തീർന്നല്ലോ! നമ്മളിലെ പാവങ്ങൾക്ക് ഉപകരിക്കാൻ സഭാസമ്പത്തു നമ്മുടെ കൈയിലെത്തേണ്ടേതുണ്ടെന്നു ഞാൻ. അച്ചനും മെത്രാനും കന്യാസ്ത്രീയും നമ്മുടെ മക്കളല്ലേന്ന് അയാൾ. ഇത്രയും അറിവുള്ള ചേട്ടന് എന്റെ പരിമിതമായ അറിവ് ആവശ്യമില്ലെന്ന് ഞാൻ. വായിൽനിന്ന് മദ്യത്തിന്റെ മണമില്ല. പക്ഷേ, ഏതോ ലഹരിയിലാണയാൾ. വല്ല വിശുദ്ധ കഞ്ചാവും ആയിരിക്കും. തുപ്പൽ കൊണ്ടുള്ള തുരിശ്ശടി കലശലായപ്പോൾ ഞാൻ താൻ പോടോന്ന് ആക്രോശിച്ചു. അങ്ങനെ ആ കുരിശ്ശൊഴിഞ്ഞു. തുപ്പൽകൊണ്ടുള്ള തുരിശ്ശടി തല്ലിനെക്കാൾ ദുസ്സഹമാണ്. കർത്താവിന്റെ മുഖത്തും തുപ്പിയല്ലോ.

പ്രദക്ഷിണം ഞങ്ങടെ അടുത്തുകൂടി കടന്നുപോയി. കൈനീട്ടുന്നവർക്ക് ഞങ്ങൾ ലഘുലേഖകൾ കൊടുത്തുകൊണ്ടിരുന്നു. പ്രദക്ഷിണം നയിച്ചുകൊണ്ട് അഞ്ചെട്ടച്ചന്മാർ. അതിലൊരു കൊച്ചച്ചൻ ഓടി വന്നെന്നെ വട്ടം പിടിച്ചു. ഞാൻ ഒതറിച്ചുമാറി വിതരണം തുടർന്നു. ഞങ്ങളുടെ ഒപ്പം ഉണ്ടായിരുന്ന അതിരമ്പുഴക്കാരുടെ ഭാവമാറ്റം കണ്ട് അച്ചൻ പിൻവാങ്ങി എന്നാണു കേട്ടത്. ഈയിടെ സ്ഥലം മാറിവന്ന അസ്തേന്തിയച്ചനാണത്രെ!




*സീറോ-മലബാർ സിനഡ് ആസ്ഥാനത്തേക്ക് കെ.സി.ആർ.എം. മാർച്ച്*

ഒരെല്ലു കൂടുതലാണ്. പുത്തനച്ചി പുരപ്പുറം തൂക്കുമല്ലോ. പ്രദക്ഷിണം പോയപ്പോൾ ലഘുലേഖ വിതരണംചെയ്തതു ശരിയോഎന്നു ചോദിക്കുന്നവർ കണ്ടേക്കാം. യേശു ദൈവാലയത്തിൽ കയറി ലാത്തിചാർജ്ജ് നടത്തിയതു ശരിയോ? രണ്ടുമൂന്നു മണിക്കൂർ ഗതാഗതം ബ്ലോക്കാക്കിയുള്ള പ്രദക്ഷിണംതന്നെ ശരിയോ? ഞങ്ങൾ വിതരണം ചെയ്തത് യേശുവിന്റെ ആശയങ്ങളിൽ അധിഷ്ഠിതമായ ചിന്തകളാണ്. നമ്മുടെ പ്രദക്ഷിണങ്ങളെല്ലാം ശക്തിപ്രകടനങ്ങളാണ്; രാഷ്ട്രീയക്കാരെ ഭയപ്പെടുത്താനുള്ള സഭയുടെ ശക്തിപ്രകടനങ്ങൾ.

കെ.സി.ആർ.എം. ഇടയന്മാരുടെ ലേഖനം കത്തിച്ചു. ഉച്ചത്തിലുള്ള ഒരു നിലവിളിയായിരുന്നു, കന്യാസ്ത്രീകളുടെ സമരം. അത് അച്ചടക്കത്തിന്റെ സകല സീമകളും ലംഘിച്ചുവത്രേ! 'ഞങ്ങൾ പീഡിപ്പിക്കും. നിങ്ങൾ നിലവിളിക്കരുത്. ചാനലുകളിൽ ചർച്ചകൾക്കു പോകരുത്. മാധ്യമങ്ങൾക്ക് അഭിമുഖം കൊടുക്കരുത്. "Who are you to think when we are here?"ചിന്തിക്കാതിരിക്കുന്നതിലും ഭേദം തെറ്റായിട്ടെ ങ്കിലും ചിന്തിക്കുന്നതാണെന്ന് പറഞ്ഞ ഹൈപ്പേഷ്യയെ വലിച്ചുകീറി കത്തിച്ചവരാണു ഞങ്ങൾ'. സഭയെ ഒറ്റ ഹനുമാൻചാട്ടത്തിന് മധ്യയുഗത്തിലെത്തിക്കാൻ പോന്നതാണ്, ആ മടയലേഖനം. കെ.സി.ആർ.എം ആ ഹനുമാന്റെ വാലിൽത്തന്നെ തീ കൊളുത്തി വിട്ടു. സീതാദേവിമാരെ ബന്ധനസ്ഥരാക്കുന്ന ഫ്രാങ്കോമാരുടെ ലങ്ക ഭസ്മമാക്കിയിട്ടേ ആ തീ അണയൂ.

ചുരുക്കത്തിൽ, കെ സി ആർ എം ഇപ്പോൾ തീവ്രവാദപാതയിലാണ്. ആരും ഞെട്ടുകയൊന്നും വേണ്ട. യേശുവും സോക്രട്ടീസും ഗാന്ധിജിയും മിതവാദികളായിരുന്നെങ്കിൽ കൊല്ലപ്പെടുമായിരുന്നില്ല. ഈ പാതയ്ക്ക് രക്തഗന്ധമുണ്ട്. ചോരവഴിയിൽ മുല്ലപ്പൂ മണക്കില്ല.

ഫോൺ: 9446561252


- ഇപ്പൻ സാർ എഴുതിയിരിക്കുന്നതുപോലെ, കഴിഞ്ഞ കുറെ മാസങ്ങളായി KCRM-ന്റെ പ്രവർത്തനങ്ങൾ എണ്ണത്തിലും തീവ്രതയിലും മുന്നോട്ടു കുതിക്കുകയാണ്. 'വിനാശകാലേ വിപരീതബുദ്ധി'ക്കാരായ നമ്മുടെ സഭാധികൃതർ അതിനു നമുക്കു ധാരാളം അവസരങ്ങൾ ഉണ്ടാക്കിത്തരുന്നുമുണ്ട്.

*KCRM -ന്റെ കൂടിവരുന്ന പ്രവർത്തനങ്ങൾക്ക് ഭാരിച്ച സാമ്പത്തികച്ചെലവ് ഉണ്ടാകുന്നുണ്ട് എന്നതൊരു വസ്തുതയാണ്. എന്നാൽ അതിനുള്ള പണമൊക്കെയും, അന്നന്നയപ്പംപോലെ , ഇന്നുവരെ എങ്ങനെയൊക്കെയോ ലഭിച്ചുകൊണ്ടാണിരുന്നത് എന്നും പറയട്ടെ. കഴിഞ്ഞ 6 മാസത്തിനുള്ളിൽ 1 ലക്ഷത്തോളം രൂപാ KCRM-ന്റെ അഭ്യുദയകാംക്ഷികൾ എത്തിച്ചു നൽകുകയുണ്ടായി എന്ന്*

▸▸

# സഭയെ വീണ്ടെടുക്കാനാകുമോ?

**റവ. ഡോ. വത്സൻ തമ്പു**



*[ഡൽഹി സെന്റ് സ്റ്റീഫൻസ് കോളേജ് മുൻപ്രിൻസിപ്പലും ദൈവശാസ്ത്രജ്ഞനും പ്രഭാഷകനും എഴുത്തുകാരനുമായ ലേഖകൻ ജനു.16-ന് തന്റെ ഫേസ്ബുക്കിൽ പ്രസിദ്ധീകരിച്ച 'Can Churches be Redeemed?' എന്ന ലേഖനത്തിന്റെ പരിഭാഷ. സ്വന്തം തർജമ - എഡിറ്റർ]*

സഭകളുടെ പുനരുജ്ജീവനത്തെക്കുറിച്ചു ചിന്തിക്കുന്നതുപോലും പാഴ്‌വേലയാണെന്നു കരുതാൻമാത്രം സഭകളെല്ലാം തീർത്തും ജീർണ്ണിച്ചുകഴിഞ്ഞു എന്ന് എന്റെ ധാരാളം ക്രൈസ്തവസഹോദരങ്ങൾ പറയുന്നത് അടുത്തകാലത്തായി ഞാൻ കേൾക്കുന്നു.

ഞാനതിനോട് യോജിക്കുന്നില്ല. അതെന്തുകൊണ്ടാണെന്നു ഞാൻ പറയാം. എന്റെ വിശദീകരണത്തിനു സഹായകമായി ഏതാനും തത്ത്വങ്ങൾ ഞാൻ മുന്നോട്ടുവയ്ക്കുന്നു. ദയവായി അവയെക്കുറിച്ചു ചിന്തിക്കുകയും സാധിക്കുമെങ്കിൽ ചെറുഗ്രൂപ്പുകളിൽ ചർച്ചചെയ്യുകയും ചെയ്യുക.

തത്ത്വം.1: ഒരു സ്ഥാപനം, ഉദാഹരണത്തിന് സഭ, ക്ഷയിക്കുന്നുവെങ്കിൽ അതിനു മെച്ചപ്പെടുവാനും കഴിയുമെന്നത് ലളിതമായ ഒരു യുക്തിയാണ്. മുകളിലേക്ക് ഉയരുന്ന ഏതിനും താഴേക്കു വരുവാൻ കഴിയും. അതുപോലെ താഴേക്കു വരുന്ന ഒന്നിന് മുകളിലേക്കു പോകുവാനും കഴിയും. ചരിത്രം അതിനുള്ളിൽത്തന്നെ അതിനുള്ള പുനരുജ്ജീവനശക്തി ഉൽപ്പാദിപ്പിക്കുന്നു. വിശ്വാസിസമൂഹമെന്ന നിലയിൽ, ദൈവത്തിന്റെ ഇടപെടലിൽ നാം വിശ്വസിക്കുന്നുമുണ്ട്. അന്തിമവിധികർത്താവ് മനുഷ്യനല്ലല്ലോ.

തത്ത്വം 2: ഒന്നും സ്വയം സംഭവിക്കുന്നില്ല. ഉത്തരവാദിത്വത്തിന്റെ ഓരോരോ സ്ഥാനങ്ങളിൽ നിയോഗിക്കപ്പെട്ടിരിക്കുന്നവരാണ് നാമെല്ലാം. ഈജിപ്റ്റിൽനിന്ന് യഹൂദരെ മോചിപ്പിക്കാൻ ഇടപെട്ടതുപോലെ, ദൈവം തീർച്ചയായും ഇടപെടുകതന്നെ ചെയ്യും. എന്നാൽ ദൈവം ഇടപെടണമെങ്കിൽ, നമുക്കുചെയ്യാൻ കഴിയുന്നവ നാം ചെയ്തിരിക്കണം. നാം ആയിരിക്കേണ്ടതുപോലെ നാം ആയിത്തീരുകയും ചെയ്യണം. ഗൗരവതരമായ തടസ്സമെന്തെന്നാൽ, അത് നമ്മുടെ അലസതയും നിസ്സംഗതയുമാണ്. അതിനുകാരണം, ജാഗ്രത പുലർത്തുന്നതിലുള്ള നമ്മുടെ താൽപര്യക്കുറവാണ്. ഇന്നത്തെ കുഴമറിച്ചിലിൽ നമ്മെ അകപ്പെടുത്തിയത്, ആദ്യമായി അതാണ്.

തത്ത്വം 3: പ്രശ്നത്തിന്റെ പരിഹാരം, അഥവാ രോഗത്തിന്റെ ചികിത്സ, ഏതൊന്നാണോ അതുണ്ടാക്കിയത് ആ പ്രശ്നസ്രോതസിന്റെ പുറത്തുനിന്നു വരേണ്ടതുണ്ട്. യേശു ജനിച്ചത് ഹേറോദേശിന്റെ കൊട്ടാരത്തിലായിരുന്നെങ്കിൽ അദ്ദേഹം പ്രശ്നത്തിന്റെ ഭാഗമായേനെ. ഇവിടെ പ്രശ്നമെന്തെന്നാൽ പള്ളിജീവിതത്തിലൂടെ നാം പരുവപ്പെടുത്തപ്പെട്ടിരിക്കുന്നുവെന്നതും പ്രശ്നപരിഹാരം വൈദികരിലൂടെയും മെത്രാന്മാരിലൂടെയുമാണു വരേണ്ടത് എന്ന ചിന്ത നമ്മിൽ രൂഢമൂലമാക്കപ്പെട്ടിരിക്കുന്നു എന്നതുമാണ്. ഒരു കാര്യം ഉറപ്പിച്ചുകൊള്ളുക, ഇന്നത്തെ ഈ ജീർണ്ണതയെ സംരക്ഷിച്ചു നിലനിർത്തുകയെന്നത് അവരുടെ താൽപര്യമാണ്. കാരണം, അതു പൂർണ്ണമായും അവർക്കു സൗകര്യപ്രദമാണ്. അതുകൊണ്ട് പ്രശ്നപരിഹാരം അവിടെനിന്നു വരില്ല. സഭയെ ശുദ്ധീകരിക്കുകയെന്നതും സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുകയെന്നതും നമ്മുടെ, സാധാരണ ക്രൈസ്തവരുടെ, താൽപര്യമാണ്.

തത്ത്വം 4: പ്രശ്നം ഭീമാകാരമാണെന്നും കൈകാര്യം ചെയ്യുക അസാദ്ധ്യമാണെന്നും തോന്നിയേക്കാം, എന്നാൽ പരിഹാരം മിക്കപ്പോഴും ലളിതമാണ്. പ്രശ്നത്തിന്റെ വലുപ്പത്തെയോർത്തുള്ള ചിന്താപീഡ (obsession) ഒഴിവാക്കുക. അത് ഉപേക്ഷവിചാരിച്ച കാലയളവുമായി ബന്ധപ്പെട്ട ഒന്നാണ് പ്രശ്നത്തിന്റെ വൈപുല്യം. സഭയിലെ അഴിമതി ഉൾപ്പെടെ ഏതു പ്രശ്നവും നമ്മുടെ ജാഗ്രതക്കുറവുമൂലം, കൈകാര്യം ചെയ്യാനാവില്ലെന്നു തോന്നിപ്പിക്കുംവിധം വളർന്നു വലുതാകുകയാണ് ചെയ്യുന്നത്.

---

▸▸ *അവരോടെല്ലാമുള്ള കൃതജ്ഞതയോടെ ഓർക്കുന്നു. അവരുടെ ഈ ഔദാര്യമില്ലായിരുന്നെങ്കിൽ, നിശ്ചയമായും KCRM വമ്പിച്ച കടത്തിലായേനെ.*

KCRM -നോടും അതിന്റെ പ്രവർത്തനങ്ങളോടും 'സത്യജ്വാല' വായനക്കാർ കാണിക്കുന്ന ഈ വിശ്വാസവും മതിപ്പും തുടർന്നും ഉണ്ടാകണമേ എന്ന് അഭ്യർത്ഥിക്കുന്നു.

**പ്രൊഫ. പി.സി ദേവസ്യ** (ചെയർമാൻ)
**ഷാജു ജോസ് തറപ്പേൽ** (സെക്രട്ടറി),
**ജോർജ്ജ് മൂലേച്ചാലിൽ** (എഡിറ്റർ)

തത്ത്വം 5. വ്യക്തമായ അറിവിന്റെയും ധാരണയുടെയും പരിമിതിമൂലമാണ്, പ്രശ്നപരിഹാരം ദുസ്സാധ്യമാണെന്ന തോന്നൽ നമ്മിലുണ്ടാകുന്നത്. ജീർണ്ണതയുടെ തുടക്കത്തിൽത്തന്നെ വേണ്ടപോലെ പ്രതികരിക്കാതിരുന്നതിന്റെ കാരണവും അതുതന്നെയാണ്. അതുകൊണ്ട് വിഷയങ്ങളെയും അതുളവാക്കിയ പ്രതിസന്ധികളെയും ശരിയായി മനസ്സിലാക്കുകയെന്നത് ഏതു ദുരവസ്ഥയെ തിരുത്തുന്നതിനും ആവശ്യമായിരിക്കുന്ന അടിസ്ഥാനപരമായ കാര്യമാണ്. നമ്മുടെ ചിന്തയിൽ മാറ്റമുണ്ടാകുമ്പോൾമാത്രമേ ബാഹ്യയാഥാർത്ഥ്യങ്ങളിലും മാറ്റമുണ്ടാകൂ. മാറ്റുവാനുള്ള നമ്മുടെ ശക്തിയെ നാം കുറച്ചുകാണരുത്. അതിന്, നാം പ്രവർത്തിക്കുന്നത് ദൈവികമായ ഉദ്ദേശ്യശുദ്ധിയോടെ ആയിരുന്നാൽ മതി.

തത്ത്വം 6: ധാരണയിലുള്ള വ്യക്തത അതിലുൾപ്പെട്ടിരിക്കുന്ന തത്ത്വങ്ങളിലെ കൃത്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു. മനോവീര്യത്തിന്റെ കാര്യത്തിലും അത് അതിപ്രധാനമാണ്. ഇന്നത്തെ സാഹചര്യത്തിൽ സുതാര്യതയാണ് ഏറ്റവും നിർണ്ണായകമായി കാണേണ്ട തത്ത്വം. അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങളിൽ നമുക്കിതുകാണാം. സഭാഭരണത്തിന്റെ എല്ലാ തലങ്ങളിലും സുതാര്യതാതത്ത്വം നടപ്പാക്കാൻ കഴിഞ്ഞാൽ, പ്രശ്നങ്ങളുടെ 95 ശതമാനം പരിഹരിക്കപ്പെടും.

തത്ത്വം 7: ദുഷിപ്പ് ഘടനാപരമാണ്. അതുകൊണ്ട്, അതിനുള്ള പരിഹാരവും ഘടനയിലായിരിക്കേണ്ടതുണ്ട്. സഭാഭരണത്തിന്റെ ഘടന ചരിത്രാതീത കാലഘട്ടത്തിലേതും, പ്രയോഗത്തിൽ ജനായത്തവിരുദ്ധവുമാണ്. അതിന്റെ യന്ത്രസംവിധാനങ്ങളും കാഴ്ചപ്പാടും, അധികാരംകൊണ്ട് ഉത്തരവാദിത്വത്തെ തകിടംമറിച്ച 5-ാം നൂറ്റാണ്ടിലെ റോമിൽനിന്നു കടംകൊണ്ടതാണ്. നമ്മുടെ ബിഷപ്പുമാരും വൈദികർപോലും, തങ്ങളുടെ തലങ്ങളിൽ ഇത്രമാത്രം സ്വേച്ഛാധിപതികളായിരിക്കുന്നതെന്തുകൊണ്ടെന്ന് ഇതു വിശദീകരിക്കുന്നു. നമ്മൾ ഈ ഘടനാസംവിധാനവുമായി അത്രയേറെ താദാത്മ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നതിനാലാണ് അതിലൊരു പ്രതിഷേധവും നമുക്കു തോന്നാത്തത്.

തത്ത്വം 8: അഴിമതിയുടെ ഏജന്റുമാർ സ്വാഭാവികമായിത്തന്നെ പീഡകരും, വിമർശനത്തോടും സ്വതന്ത്രചിന്തയോടും അസഹിഷ്ണുതയുള്ളവരുമായിരിക്കും. അടിമകൾക്കൊപ്പമായിരിക്കുമ്പോഴേ അവർക്കു സ്വാസ്ഥ്യമുണ്ടാകൂ എന്നതാണു വസ്തുത. തങ്ങൾക്കു സൗകര്യപ്രദമായ ഒരു തരം ഏകപക്ഷീയ വിശ്വാസജീവിതത്തിൽ അവർ മുറുകെപ്പിടിക്കും. അവർ ഒരിക്കലും, 'മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്നാഗ്രഹിക്കുന്നുവോ, അപ്രകാരം അവരോടും പെരുമാറുക' എന്ന യേശുവിന്റെ പഠിപ്പിക്കൽ അംഗീകരിക്കില്ല. അവർ നിങ്ങളോടു പെരുമാറുന്നതുപോലെ നിങ്ങൾ അവരോടു പെരുമാറുന്ന പക്ഷം, അവർക്കു സഹിക്കാനാവില്ല. നിങ്ങൾക്കിതു ബോധ്യമാകുന്നില്ലെങ്കിൽ ഒന്നു പരീക്ഷിച്ചുനോക്കുക.

തത്ത്വം 9: ഈ അഴിമതിക്കാർ തങ്ങളുടെ മനുഷ്യസഹോദരർക്കുനേരെ പ്രയോഗിക്കാൻ തിരഞ്ഞെടുത്തിരിക്കുന്നത് ഭയപ്പെടുത്തൽ എന്ന ആയുധമാണ്. മനുഷ്യരെ നഷ്ടശക്തരാക്കാനുള്ള മാർഗ്ഗമായി ഭയം മനുഷ്യരുടെമേൽ ഏൽപ്പിക്കപ്പെടുന്നു. ദൈവത്തിന്റെ അധികാരം കാട്ടി ദൈവാഭിനയം നടത്തുന്ന ഭൂമിയിലെ ഈ ഗുരുക്കന്മാരുടെ മുന്നിൽ, പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ അറിയുന്നവരുൾപ്പെടെ ഭൂരിപക്ഷം പേരും മൗനം കാക്കുകയാണ്. എന്നാൽ യേശു പറയുന്നു, "ഭയം അരുത്".

തത്ത്വം 10: തിന്മയുടെ ഈ ഏജന്റുമാരെ വെറുതെ എതിർത്തതുകൊണ്ടു കാര്യമില്ല. നവീകരണ കാര്യക്രമം (agenda) അങ്ങേയറ്റം പോസിറ്റീവ് ആണ്. എതിർപ്പ് അതിൽത്തന്നെ ഒരു ലക്ഷ്യമാക്കുന്നതുകൊണ്ട് പ്രയോജനമില്ല. എതിർക്കുക എന്നത് നമ്മുടെ ഹോബിയല്ല. എന്താണോ നന്മയും ദൈവികവുമായുള്ളത്, അതിന്റെ ഘോഷണവുമായി ഇഴുകിച്ചേർന്നുള്ളതാകുമ്പോൾ മാത്രമേ, എതിർപ്പിന് ആദ്ധ്യാത്മികമായ സാധുതയുണ്ടാകൂ. തിന്മയെ ചെറുത്തുനിൽക്കുകയെന്നതല്ല നമ്മുടെ അജണ്ട; മറിച്ച്, കർത്താവും ഗുരുവുമായ യേശുവിൽ സഭയെ തിരിച്ചെത്തിക്കുക എന്നതാണ്.

ഇനിചിന്തിക്കൂ!

രാഷ്ട്രീയനേതാക്കൾക്കുപോലും, അഞ്ചുവർഷത്തിലൊരിക്കലെങ്കിലും ജനങ്ങൾക്കുമുമ്പിൽ കണക്കുബോധിപ്പിക്കേണ്ടിവരുന്നുണ്ട്. സഭാനേതൃത്വത്തിനും അതാവശ്യമല്ലേ? സഭാഭരണം എപ്രകാരമാണെന്നറിയാനുള്ള അവകാശം സഭാംഗങ്ങൾക്കില്ലേ? പള്ളിക്കു ദാനം ചെയ്യാനും സംഭാവന നൽകാനും ഞായറാഴ്ചകൾതോറും ആഹ്വാനം ചെയ്യപ്പെടുന്നു; പക്ഷേ അതേക്കുറിച്ചറിയാൻ നമുക്കവകാശമില്ല! എത്രയോ വിചിത്രമാണിത്!

സഭാസ്വത്തുക്കൾ സമുദായസ്വത്തുക്കളാണ്. അതെങ്ങനെയാണ്, വിശ്വാസികളുടെ അറിവോ അംഗീകാരമോ കൂടാതെ വിൽക്കാനോ അന്യാധീനപ്പെടുത്താനോ കഴിയുക?

വൈദികരും മെത്രാന്മാരും പുലർത്തേണ്ട അച്ചടക്കം ഉറപ്പുവരുത്താൻ ഫലപ്രദമായ നടപടിക്രമങ്ങൾ ഉണ്ടാകേണ്ടതില്ലേ! (സഭാകാര്യങ്ങൾ ഏറ്റവും താണനിലവാരത്തിലേക്കു കൂപ്പുകുത്തുകയും നിയമനടത്തിപ്പുകാർ വിശ്വാസികൾക്കുനേരെ ചാട്ടവാർ വീശുകയും ചെയ്യുന്ന സാഹചര്യം എന്തിനു നാം അനുവദിക്കണം.) സഭാക്കോടതികൾ, മെത്രാന്മാരുടെ സാന്മാർഗികാധഃപതനവിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ നിഷ്ഫലമാകാൻ പാകത്തിൽ രൂപംകൊടുത്തിട്ടുള്ളവയാണ്. അല്ലെങ്കിലെങ്ങനെയാണ്, കുറ്റാരോപിതനോ, അല്ലെങ്കിൽ അയാളുമായി ഐക്യദാർഢ്യം പ്രഖ്യാപിച്ചവർക്കോ ജഡ്ജിക്കസേരയിൽ കയറിയിരിക്കാൻ കഴിയുന്നത്? ബിഷപ്പുമാരെ സംരക്ഷിക്കേണ്ട സാഹചര്യം വരുമ്പോൾ അവരെല്ലാം സംഘംചേർന്ന് ഒന്നാകുന്നു. അപഭ്രംശത്തിന്റെ ഒരു ശൃംഖലയാണ് ഈ സംവിധാനം, അതിന്റെ എല്ലാ കണ്ണികളും യഥാസ്ഥാനങ്ങളിലുണ്ടാകും; അക്കാര്യം അവർ ഉറപ്പാക്കുന്നു.

ഏറ്റവും പ്രധാനമായി, വ്യക്തിമേന്മകളൊന്നുമില്ലാത്ത ഈ രാജാക്കന്മാരുടെ പൊള്ളത്തരങ്ങളും ധനാർത്തിയുംമൂലം നമ്മുടെ സഭയുടെ മാനവും മഹത്വവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുയാണെന്നതിനെക്കുറിച്ച് നാം എത്രമാത്രം ബോധവാന്മാരാണ്? എത്രമാത്രം പരിഗണന നാം അതിനു നൽകുന്നു? നമ്മുടെ അഭയസങ്കേതത്തെ അവർ ഹീനമാക്കുകയാണ്; പ്രതിച്ഛായയെ കളങ്കപ്പെടുത്തുകയാണ്. അവർ ഈ സമുദായത്തിന്റെ ഭൗതികവും ആത്മീയവുമായ ആസ്തിവകകൾ നശിപ്പിക്കുകയാണ്. അവർ നമ്മിൽ നൈരാശ്യം സംക്രമിപ്പിക്കുകയാണ്.

അതിന്റെ കറപുരളുക അവരുടെമേലല്ല. ആ കറ നിങ്ങളുടെയും നിങ്ങളുടെ മക്കളുടെയും അവരുടെ മക്കളുടെയുംമേലാണു പുരളുക. അതു ന്യായമാണോ?

ഇപ്പോൾത്തന്നെ ക്രിസ്ത്യാനി എന്ന പേരിൽ ഇന്ത്യയിൽ ജീവിക്കുകയെന്നത് ദുഷ്ക്കരമായിരിക്കുന്നു. അതിന് അത്യാർത്തി പൂണ്ട ഈ ചിതലുകളോടു നാം നന്ദി പറയേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ നമ്മുടെ സഹോദരങ്ങളോട് സുവിശേഷം പ്രസംഗിക്കാൻ എന്തെങ്കിലും ധാർമ്മികാവകാശം ഇനി നമ്മിൽ അവശേഷിക്കുന്നുണ്ടോ?

'സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്' (Serious Fraud Investigation Office) കഴിഞ്ഞ പത്തുവർഷക്കാലത്തിനുള്ളിൽ നടന്ന ഗുരുതരമായ കബളിപ്പിക്കലുകളെക്കുറിച്ച് അന്വേഷിക്കാൻ പോവുകയാണെന്നു കേൾക്കുന്നു. അതേക്കുറിച്ച് ഒന്നാലോചിച്ചു നോക്കൂ! ഇനിമുതൽ ഗുരുതരകബളിപ്പിക്കലുകളിൽ പൊതുസമൂഹം സഭയുമായി സഹകരിക്കാൻ പോകുന്നു! ഈ പരിശുദ്ധപിതാക്കന്മാർ നമുക്കു നേടിത്തന്നത് ഇതാണ്.

നമുക്കു ചെയ്യാവുന്നതിൽ ഏറ്റവും ചെറിയ കാര്യം, സങ്കീർത്തകൻ പറയുന്നതുപോലെ, ഈ ദുഷ്ടരെ നിന്ദ്യരായി എണ്ണുക എന്നതാണ്; അവർ അർഹിക്കാത്ത ആദരവ് അവർക്കു നിഷേധിക്കുകയെന്നതാണ്. യേശു അതിനു മാതൃകകാട്ടുന്നുണ്ട്. അദ്ദേഹത്തിന്റെ കാലത്തെ ദുഷിച്ച പൗരോഹിത്യത്തെ 'വെള്ളയടിച്ച ശവകുടീരങ്ങളേ' എന്നായിരുന്നല്ലോ അദ്ദേഹം വിളിച്ചത്.

സാന്മാർഗ്ഗികമായി ദുഷിച്ചവരെ ആദരിക്കുകയെന്നാൽ, അവരുടെ അധഃപതനത്തെ പ്രോത്സാഹിപ്പിക്കുകയും, നമ്മുടെ പതനത്തെ ത്വരിതപ്പെടുത്തുകയും ചെയ്യുകയെന്നതാണ്. അങ്ങനെ ചെയ്യുന്നവൻ ലോഡ് കണക്കിന് വെള്ളിക്ക് സഭയെ വിൽക്കുന്നവരുടെ അത്രതന്നെ ഗർഹണീയന്മാരാണ്. ട്രക്ക്ലോഡ് വെള്ളിക്കുവേണ്ടി യേശുവിനെ ഒറ്റിക്കൊടുത്തുകൊണ്ടിരിക്കുന്ന യേശുവിന്റെ അഭിനവശിഷ്യന്മാർ, 30 വെള്ളിക്കാശിൽ തൃപ്തനായിരുന്ന യൂദാസിന്റെ പാത വിപുലീകരിച്ച് അയാളുടെ റിക്കോർഡ് ഭേദിച്ചിരിക്കുകയാണിന്ന്.

ഫോൺ: 8848339230

LATE NEWS!

## രണ്ട് അല്മായർക്കെതിരെ സഭയുടെ മാനനഷ്ടക്കേസ്!

"അത്യപൂർവ്വമായ ഒരു നീക്കമെന്നോണം, സഭയെ അവഹേളിച്ചു എന്ന കുറ്റം ചാർത്തി സഭയിലെ അല്മായർക്കെതിരെ സീറോ -മലബാർ സഭ ഒരു കോടി രൂപാ നഷ്ടപരിഹാരം ആവശ്യപ്പെട്ട് മാനനഷ്ടക്കേസിന് ഒരുങ്ങുന്നു.

ഫേസ് ബുക്ക് പോസ്റ്റുകളിലൂടെ സഭയെ പരസ്യമായി അവഹേളിച്ചതിന് സഭാംഗങ്ങളായ റിജു കാഞ്ഞൂക്കാരനും ഷൈജു ആന്റണിക്കും ജനുവരി 24-ാം തീയതി മാനനഷ്ടത്തിന് നോട്ടീസ് നൽകിയിരിക്കുകയാണ്,സഭ. റിജു കാഞ്ഞൂക്കാരൻ 'അതിരൂപതാസുതാര്യപ്രസ്ഥാന' (AMT) ത്തിന്റെയും, ഷൈജു ആന്റണി 'സേവ് ഔർ സിസ്റ്റേഴ്സി' (SOS) ന്റെയും കൺവീനർമാരാണ്...' *(ഫെബ്രുവരി 13-ലെ New Indian Express -ൽ വന്ന വാർത്തയിൽനിന്ന്-സ്വന്തം തർജ്ജമ)*

*-നമ്മുടെ മെത്രാൻമാരുടെ 'വിനാശകാലേ, വിപരീധബുദ്ധി'ക്ക് ഏറ്റവും പുതിയ ഉദാഹരണം! സ്വന്തം ശവക്കുഴി തോണ്ടുന്ന് ഒരു കലയാണെങ്കിൽ, ഈ മെത്രാന്മാർ ആ കലയിൽ പ്രവീണർതന്നെ. നൂറ്റാണ്ടുകൾക്കുപിന്നിലെ ആ ഇരുണ്ടയുഗത്തിൽനിന്ന് ഇവരുടെ മനസ്സുകളിനി എന്നാണാവോ രക്ഷപെടുക!*

*മാനനഷ്ടത്തിനാണെങ്കിൽ, അധാർമ്മികപ്രവർത്തനങ്ങളിലൂടെ ഈ സഭയുടെ മാനം കെടുത്തിയ സഭാദ്ധ്യക്ഷന്മാർക്കെതിരെ ഈ സമുദായം എത്ര ആയിരം കോടി രൂപാ നഷ്ടപരിഹാരമായി ആവശ്യപ്പെടണം?*

*- എഡിറ്റർ*

# ആലഞ്ചേരിയുടെ ഇടയലേഖനം - ഒരു അവലോകനം



**ചാക്കോ കളരിക്കൽ**
(യു.എസ്.എ.)

സീറോ-മലബാർ സഭയുടെ ആസ്ഥാനമായ മൗണ്ട് സെൻറ് തോമസിൽ ജനുവരി 7 മുതൽ 18 വരെ നടന്ന മെത്രാൻ സിനഡിനോടനുബന്ധിച്ച് സഭാതലവൻ മാർ ജോർജ് ആലഞ്ചേരി 2019 ജനുവരി 18-നു പ്രസിദ്ധീകരിച്ച സർക്കുലർ കഴിഞ്ഞ ദിവസം വായിക്കുവാനിടയായി. സിനഡിൽ സംബന്ധിച്ച മെത്രാന്മാർ എല്ലാവരുടെയും നിർദേശപ്രകാരമാണ് ആ സർക്കുലർ ഇറക്കുന്നതെന്ന് അദ്ദേഹം അതിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്. അപ്പോൾ സർക്കുലറിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എല്ലാ മെത്രാന്മാരുടെയും പൊതുവായ തീരുമാനമാണെന്നതിൽ സംശയിക്കേണ്ട കാര്യമില്ല.

അടുത്തകാലത്ത് സീറോ-മലബാർ സഭയിൽ നടന്ന പല അനഭിലഷണീയവും അരാജകത്വം സൃഷ്ടിച്ചതുമായ സംഭവങ്ങളെ മനഃപൂർവം മറച്ചുവെച്ചുകൊണ്ട് അത്യധികം അധികാരദാർഷ്ട്യത്തോടെ, നീതിക്കുവേണ്ടി പോരാടുന്ന എല്ലാവരെയും കാനോൻനിയമമെന്ന ഉമ്മാക്കി കാണിച്ച് അടിച്ചമർത്താമെന്നുള്ള തെറ്റായ ചിന്തയോടെ എഴുതിവിട്ട ഈ സർക്കുലർ സാമാന്യബുദ്ധിയുള്ള ഒരു വിശ്വാസിക്കും ഉൾക്കൊള്ളാൻ സാധിക്കുന്ന ഒന്നല്ല. മേജർ ആർച്ച് ബിഷപ്പിന്റെ ഭൂമി കള്ളക്കച്ചവടം, ഫ്രാങ്കോയുടെ കന്യാസ്ത്രീയോടുള്ള ലൈംഗിക അതിക്രമം, പീലിയാനിക്കലിനെപ്പോലുള്ളവരുടെ സാമ്പത്തിക വെട്ടിപ്പ് തുടങ്ങിയ അനവധി കുറ്റകൃത്യങ്ങളെ സംബന്ധിച്ച് ഒരക്ഷരം മിണ്ടാതെ സത്യത്തിനും നീതിക്കുംവേണ്ടി പോരാടിയവരെ നല്ലപാഠം പഠിപ്പിക്കുമെന്ന് താക്കീതു നൽകുന്ന ഈ സർക്കുലർ ഇൻക്വിസിഷൻ(Inquisition) കാലത്തെ മട്ടിലും ശൈലിയിലുമാണ് എഴുതി ഇറക്കിയിരിക്കുന്നത്!

സഭാതനയരുടെ കഠിന അദ്ധ്വാനഫലമായ എർണാകുളം-അങ്കമാലി അതിരൂപതയുടെ ഭൂമി ആ രൂപതയുടെ മെത്രാപ്പോലീത്തയായ മാർ ആലഞ്ചേരി കള്ളക്കച്ചവടം നടത്തിയെങ്കിൽ ആ തിരിമറിയെപ്പറ്റി പഠിക്കേണ്ടതും പരിഹാരം കണ്ടെത്തേണ്ടതും റോമിലെ ഫ്രാൻസീസ് പാപ്പ നിയോഗിക്കുന്ന വ്യക്തിയാണോ? അത് ഇന്ത്യാ ഗവൺമെന്റിന്റെ നിയമപ്രകാരമല്ലേ, കൈകാര്യം ചെയ്യപ്പെടേണ്ടത്? അതുകൊണ്ട് മനത്തോടത്ത് മെത്രാൻ സ്വീകരിച്ച നിലപാടുകൾക്കും നടപടികൾക്കും സിനഡ് എന്തിന് പിന്തുണ നൽകുന്നുവെന്ന് മനസ്സിലാകുന്നില്ല. കൂടാതെ, അദ്ദേഹം സ്വീകരിച്ച നിലപാടെന്ത്? നടപടിയെന്ത്? യാതൊരു വിശദീകരണവുമില്ല. മെത്രാന്മാർ നാലുപേരുംകൂടി ഒരുമിച്ചിരുന്ന് ചർച്ചചെയ്താൽ ഒരു ക്രിമിനൽ കുറ്റം ഇല്ലാതാകുമോ? അതുസംബന്ധമായി എല്ലാവരും വാപൊത്തി ഇരുന്നുകൊള്ളണം പോലും! എന്താ, അച്ചന്മാരും അല്മേനികളും അടിമകളാണെന്നാണോ മെത്രാന്മാർ കരുതുന്നത്? സഭയിൽ അച്ചടക്കരാഹിത്യം ആര്, എന്തിന് ഉണ്ടാക്കിയെന്ന് മെത്രാൻസംഘം വിലയിരുത്തണമായിരുന്നു.

ഒന്നാമതായി, എറണാകുളം-അങ്കമാലി അതിരൂപതയിലെ വസ്തു കള്ളക്കച്ചവടംനടത്തിയ സഭാതലവനായ മാർ ആലഞ്ചേരിയാണ് ആദ്യം അച്ചടക്കലംഘനം നടത്തിയത്. കാനോൻ നിയമത്തെത്തന്നെ ആധാരമാക്കി അതിനെ ചോദ്യം ചെയ്തവർ എങ്ങനെ അച്ചടക്കലംഘകരാകും? വെട്ടിപ്പും തട്ടിപ്പും കാണിച്ചിട്ട് അത്



ന്യായീകരിക്കാൻ പൗലോസ് അപ്പോസ്തലനെ കൂട്ടുപിടിച്ച് 'അരാജകത്വത്തിന്റെ അരൂപി'യെപ്പറ്റി പ്രസംഗിക്കാൻ ഈ മെത്രാന്മാർക്ക് നാണമില്ലേ? പരിശുദ്ധാത്മാവിന്റെ അഭിഷേകവും നിത്യാരാധന നടത്തിയ കാര്യവുമെല്ലാം സർക്കുലറിൽ പരാമർശിക്കുന്നത് സഭാധികാരികളുടെ വൃത്തികേടുകളെ പുതപ്പിട്ടുമൂടാൻ ഉപയോഗിച്ചിരുന്ന പഴഞ്ചൻ ഭക്തിപ്രകടനമാണെന്ന് അരിയാഹാരം കഴിക്കുന്ന എല്ലാവർക്കും അറിയാം. ഇന്നത്തെ മനുഷ്യർ വിദ്യാസമ്പന്നരാണ്. ഭൂമികച്ചവടത്തിൽ മാർ ആലഞ്ചേരിക്ക് തെറ്റുപറ്റിയെങ്കിൽ അന്തസ്സായി അത് ഏറ്റുപറഞ്ഞ് സഭയോട് ക്ഷമ പറയണം. തെറ്റ് ആർക്കും സംഭവിക്കാം. തെറ്റ് ക്ഷമിക്കാനുള്ള വലിയ മനസ്സ് സീറോ-മലബാർ വിശ്വാസികൾക്കുണ്ട്. മറിച്ച്, സത്യം വിളിച്ചുപറഞ്ഞവരെ ക്രൂശിക്കാനുള്ള പ്രവണത അഹങ്കാരത്തിന്റെ തള്ളൽകൊണ്ടാണ് ഉണ്ടാകുന്നത്.

എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് സീറോ-മലബാർ സഭയിലുള്ള ശ്രേഷ്ഠപദവി എല്ലാവർക്കും അറിവുള്ളതാണ്. മെത്രാൻസിനഡിന്റെ പ്രത്യേക അനുസ്മരണം അതിന് ആവശ്യമില്ല. ആ അതിരൂപതയെ കടത്തിലാക്കിയതിന്റെ കാരണവും അതിന് കാരണക്കാരനായ വ്യക്തിയുടെമേൽ സിനഡ് എടുത്ത നടപടിയെന്ത് എന്നുമാണ് വിശ്വാസികൾക്ക് അറിയേണ്ടത്. വിശ്വാസികളുടെ കണ്ണിൽ പൊടിയിടാനുള്ള ശ്രമം നിർത്തി കാര്യത്തിലേക്ക് കടന്ന് മെത്രാന്മാരേ, നിങ്ങൾ സത്യം പറയുവിൻ. സഭയിൽ ഗുരുതരമായ അച്ചടക്കലംഘനം നടത്തിയ ആലഞ്ചേരിക്കും ഫ്രാങ്കോയ്ക്കും റോബിനും പീലിയാനിക്കലിനുംമറ്റുമെതിരെ നിങ്ങൾ എന്ത് ശിക്ഷണനടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് എന്നെപ്പോലുള്ള സാധാരണ വിശ്വാസികൾക്ക് അറിയാൻ ആഗ്രഹമുണ്ട്. സഭയിൽ നടമാടുന്ന കൊള്ളരുതായ്മകളെയും പകൽക്കൊള്ളകളെയും വെളിച്ചത്തു കൊണ്ടുവരുന്ന മാധ്യമങ്ങളെയും സംഘടനകളെയും സഭാവിരുദ്ധഗ്രൂപ്പുകളാക്കി മുദ്രകുത്തി അറബിക്കടലിൽ തള്ളാമെന്ന് മെത്രാന്മാർ വ്യാമോഹിക്കുന്നു. നോക്കണേ, ഇവരുടെ അവമതി! സോഷ്യൽ മീഡിയായെവരെ ഇവർ നിലയ്ക്കുനിർത്തുമെന്നാണ് വീമ്പിളക്കുന്നത്! സത്യം തുറന്നുപറയുന്ന ഓൺലൈൻ പത്രങ്ങളെയും 'നാമമാത്ര' സംഘടനകളെയും നിലക്കുനിർത്താൻ നിയമനടപടിയിലേക്കു നീങ്ങുംപോലും! ഓൺലൈൻ പത്രങ്ങൾ നടത്തുന്നവർക്കും അല്മായ സംഘടനകൾക്കും മെത്രാന്മാരുടെ അനുവാദത്തിന്റെ ആവശ്യമില്ല, ഗവൺമെൻറിന്റെ അംഗീകാരമാണ് വേണ്ടത്. മെത്രാന്മാർ മീഡിയാകമ്മീഷനെ നിയമിച്ച് എല്ലാം ശരിയാക്കാമെന്ന് വിചാരിക്കുന്നത് ഭോഷത്തമാണെന്ന് പറയാതിരിക്കാൻ വയ്യ.

യഥാർത്ഥത്തിൽ സഭയിലെ അരാജകത്വത്തിന് ചുരുക്കം ചില വ്യക്തികളാണ് കാരണക്കാർ. അത് മറ്റാരുമല്ല. വിശ്വാസികൾ സമാഹരിച്ച വസ്തുവകകൾ കള്ളക്കച്ചവടം നടത്തുകയും ലൈംഗിക അതിക്രമങ്ങൾ നടത്തുകയും ചെയ്യുന്ന മെത്രാന്മാരും വൈദികരുമാണവർ. ഈ സത്യം മെത്രാൻസിനഡ് തിരിച്ചറിഞ്ഞ് വേണ്ട തിരുത്തൽ നടപടികൾ സ്വീകരിച്ചാൽ സഭയിലെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാകുമായിരുന്നു. കന്യാസ്ത്രീകളെയും വല്ലവരുടെയും ഭാര്യമാരെയും പെൺമക്കളെയും കുട്ടികളെയും തങ്ങളുടെ വർഗ്ഗത്തിൽപ്പെട്ടവർ ലൈംഗികമായി പീഡിപ്പിച്ചെന്നറിഞ്ഞാൽ, ആ കുറ്റവാളികളെ ന്യായീകരിച്ച് പിന്തുണയ്ക്കുന്ന സഭാമേലധികാരികളേ, ഈ പ്രവണത നിങ്ങൾ അവസാനിപ്പിക്കുക. മെത്രാന്മാർക്കും അച്ചന്മാർക്കും നൽകപ്പെട്ടിരിക്കുന്ന അമിതാധികാരം, അവർ അർഹിക്കാത്ത ബഹുമാനം, അധിക സമ്പത്ത് എല്ലാം എടുത്തുകളയുക.

രൂപതാധ്യക്ഷന്മാർക്കും മേജർ സുപ്പീരിയർമാർക്കും മാത്രമേ വിവരമുള്ളൂവെന്ന് സർക്കുലർ വായിച്ചപ്പോൾ തോന്നിപ്പോയി. വൈദികരെയും കന്യാസ്ത്രീകളെയും വെറും കുട്ടികളെന്നപോലെ നോക്കിക്കാണുന്നത് ബാലിശമല്ലേ? വഞ്ചീസ്ക്വയറിലെ സമരത്തിൽ എന്തുകൊണ്ട് വൈദികരും സന്ന്യസ്തരും പൊതുജനങ്ങളും പങ്കെടുത്തുവെന്ന് മെത്രാന്മാർ സിനഡിൽ ആലോചിക്കേണ്ടതായിരുന്നു. വൈദികരും കന്യാസ്ത്രീകളും എത്രയോ പ്രാവശ്യം എന്തെല്ലാം കാര്യങ്ങളിൽ കേരളത്തിലെ പൊതുസമരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. അത് ഒരു മെത്രാനെതിരായപ്പോൾ, അന്നൊന്നും തോന്നാത്ത അച്ചടക്കലംഘനവും ശിക്ഷണനടപടികളും പൊന്തിവന്നിരിക്കുന്നു! മേജറും ഫ്രാങ്കോയും റോബിനും പീലിയാനിക്കലുമൊക്കെ പുണ്യവാന്മാർ! നീതിക്കുവേണ്ടി സമരം ചെയ്തവർ സഭയിലെ അച്ചടക്കലംഘകർ! സഭാതനയർ കാലാകാലങ്ങളായി അദ്ധ്വാനിച്ചുണ്ടാക്കിയ സഭാവസ്തുക്കൾ വിറ്റു തുലച്ച മെത്രാന്മാർ വിശുദ്ധർ! അത് ചോദ്യംചെയ്ത വൈദികരും വിശ്വാസികളും സഭാദ്രോഹികൾ! വെറും മെത്രാനും കർദ്ദിനാൾ മെത്രാനും ജനങ്ങളുടെ കോടതിയിൽ വിചാരണ ചെയ്യപ്പെടുന്നത് സഭയെ സംബന്ധിച്ചിടത്തോളം എത്ര ദയനീയം!

“സഭാതനയർ കാലാകാലങ്ങളിൽ അദ്ധ്വാനിച്ചുണ്ടാക്കിയ സഭയുടെ വസ്തുവകകളും സ്ഥാപനങ്ങളും സർക്കാരിനെ ഏല്പിക്കണമെന്നു വാദിക്കുന്ന സംഘടനകളെയും സഭയുടെ സുതാര്യതയ്ക്കുവേണ്ടിയെന്ന വ്യാജേന സഭാവിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകളെയും ഒറ്റപ്പെടുത്തണം”പോലും! അമ്പമ്പോ! ഈ പച്ചക്കള്ളം സർക്കുലറിൽ എഴുതിവിടാൻ മെത്രാൻ സിനഡിന് നാണമില്ലാത്തത് അത്ഭുതംതന്നെ! സുപ്രീം കോടതി ജഡ്ജിയും നിയമപരിഷ്ക്കരണ കമ്മീഷൻ ചെയർമാനുമായിരുന്ന അന്തരിച്ച വി. ആർ. കൃഷ്ണയ്യർ നിയമമാക്കാൻവേണ്ടി കേരള ഗവൺമെന്റിന് സമർപ്പിച്ചിരിക്കുന്ന 'The Kerala Christian Church Properties And Institutions Trust Bill- 2009' എന്ന കരടുബില്ലിന്റെ പേരുപോലും പറയാൻ മെത്രാന്മാർക്ക് ഭയം തോന്നുന്നു എന്നു വ്യക്തം. സഭയുടെ സ്വത്തുക്കൾ ഇടവകക്കാർ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾവഴി സുതാര്യമായി ഭരിക്കപ്പെടണം എന്നതാണ് ആ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്; അല്ലാതെ, സഭാസ്വത്തുഭരണം സർക്കാരിനെ ഏൽപ്പിക്കുക എന്നതല്ല. മാർതോമ്മാ നസ്രാണികളുടെ പൂർവപാരമ്പര്യവും പൈതൃകവുമായ പള്ളിയോഗസമ്പ്രദായത്തിന്റെ പുനഃസ്ഥാപനം മാത്രമാണിത് എന്ന് ആ ബില്ലിനെക്കുറിച്ചു പഠിക്കുന്ന ഏതൊരു വ്യക്തിക്കും ബോധ്യമാകും. മെത്രാന്മാർക്കും ഈ ബോധ്യമുണ്ട്. എന്നാൽ, പള്ളിസ്വത്തുഭരണം തങ്ങളുടെ പിടിയിൽനിന്നും വിശ്വാസികളിലേക്കു മാറുന്നത് അവർക്ക് താത്പര്യമുള്ള കാര്യമല്ലാത്തതുകൊണ്ട് വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി ഇങ്ങനെയൊക്കെ മനസ്സാക്ഷിയില്ലാതെ പച്ചക്കള്ളം എഴുതിവിടുന്നു എന്നേയുള്ളു. തങ്ങളുടെ തന്നെ സത്യസന്ധതയില്ലായ്മയാണ് ഇതിലൂടെയെല്ലാം തുറന്നു കാട്ടപ്പെടുന്നത് എന്നിവരറിയുന്നില്ലേ?

നീതിക്കും സുതാര്യതയ്ക്കുംവേണ്ടി പ്രവർത്തിക്കുന്ന സ്വതന്ത്ര സഭാസംഘടനകളെ സിനഡ് തള്ളിക്കളയുന്നുവത്രേ! വ്യാജം ചെയ്യാനും കള്ളം പറയാനും മടിയില്ലാത്ത ഈ മെത്രാൻസംഘത്തിന്റെ കള്ള സർട്ടിഫിക്കറ്റ് ഇവിടെ ആർക്കുവേണം? ഏതു കള്ളത്തരം പറയാനും കൊള്ളത്തരങ്ങൾ ചെയ്യാനുമുള്ള ▸▸

# ലൈംഗികാതിക്രമം തടയാൻ കെ.സി.ബി.സിയുടെ മാർഗരേഖ!

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമം വച്ചുപൊറുപ്പിക്കില്ലെന്ന് കത്തോലിക്ക മെത്രാൻ സമിതിയുടെ മാർഗരേഖയിൽ വ്യക്തമാക്കി. വൈദികർക്കും കന്യാസ്ത്രീകൾക്കും വിതരണംചെയ്യുന്നതിനു കഴിഞ്ഞ ജൂണിൽ തയാറാക്കിയ മാർഗരേഖ കഴിഞ്ഞ ദിവസമാണു പുറത്തുവന്നത്.

ലൈംഗികാതിക്രമം ശ്രദ്ധയിൽപ്പെട്ടാൽ പോലീസിൽ പരാതിപ്പെടാൻ മടിക്കരുതെന്ന് ഇതു നിർദേശിക്കുന്നു. പീഡനം ഏൽക്കുന്നവരോട് സഭ അനുഭാവപൂർവകമായ സമീപനമാണ് കൊക്കൊള്ളുന്നത്. ലൈംഗികാതിക്രമങ്ങൾ സഭാ അധികൃതരെയും അറിയിക്കണം. ലൈംഗികാതിക്രമ കേസുകളിൽ പോലീസുമായി സഹകരിക്കണം.

പ്രായപൂർത്തിയാകാത്ത കുട്ടികളെ വൈദികർക്കൊപ്പം താമസിപ്പിക്കുന്നത് അനുവദനീയമല്ല. വൈദികർ ദീർഘ രാത്രിയാത്ര നടത്തുമ്പോൾ കുട്ടികളെ ഒപ്പം കൂട്ടരുത്. കുട്ടികളുടെ നഗ്നചിത്രങ്ങൾ പകർത്തുന്നതും ലൈംഗികച്ചുവയുള്ള സംഭാഷണങ്ങൾ നടത്തുന്നതും മാർഗരേഖ വിലക്കുന്നു. കെ.സി.ബി.സി സാധാരണയായി മെത്രാന്മാർക്കാണ് മാർഗരേഖ നൽകാറുള്ളതെങ്കിലും ഇത്തവണ സഭയിലെ മുഴുവൻ വൈദികർക്കും വിശ്വാസികൾക്കും നൽകാനാണു തീരുമാനം.

(മംഗളം. ഫെബ്രു. 6)

*-കഴിഞ്ഞ ജൂണിൽ തയ്യാറാക്കിയ ഈ മാർഗരേഖ പുറത്തിറക്കാൻ എന്താണാവോ ഇത്ര താമസമുണ്ടായത്? ഇരയായ കന്യാസ്ത്രീ ആ നാളുകളിൽ ബിഷപ്പ് ഫ്രാങ്കോയ്ക്കെതിരെ പോലീസിൽ പരാതിപ്പെട്ടത് ഈ മാർഗ്ഗരേഖ പ്രകാരം ശരിയായ നടപടിയാണെന്നു വരുമല്ലോ എന്നു KCBC കരുതിയിട്ടുണ്ടാകണം. പക്ഷേ, ഇപ്പോഴും സ്ഥിതി വ്യത്യസ്തമല്ലല്ലോ. അപ്പോൾപ്പിന്നെ എന്താണിതിനു പിന്നിൽ എന്ന ചോദ്യ മുയരുന്നു.*

*മിക്കവാറും ഈ മാർഗ്ഗരേഖ മാധ്യമങ്ങൾക്കു ചോർന്നുകിട്ടിയതാകാനാണിട. അല്ലാതെ, പീഡനമേൽക്കുന്നവരോട് സഭയ്ക്കുള്ള 'അനുഭാവപൂർവ്വകമായ' സമീപനം ലോകം മുഴുൻ കണ്ടുകഴിഞ്ഞ നിലയ്ക്ക് ഇങ്ങനെയൊന്ന് KCBC പുറത്തുവിടാൻ സാധ്യതയില്ല. KCBC -യോട് അടുപ്പമുള്ള എതോ ഒരു അച്ചന്റെ കുസൃതി ഇതിനുപിന്നിലുണ്ടെന്നു കരുതുന്നതാകും യുക്തി. ചോർന്നുപോയ ഒന്ന്, ഇനി മെത്രാന്മാർക്കുമാത്രമായി എങ്ങനെ നൽകാനാകും? അതുകൊണ്ട് അത് എല്ലാവർക്കുമായി നൽകാനങ്ങ് തീരുമാനിച്ചു! വീണാൽ, വീണിടത്തു കിടന്നുരുളുകതന്നെ!*

***- എഡിറ്റർ***

---

▸▸ അധികാരം തങ്ങൾക്കു ദൈവത്തിൽനിന്നു കിട്ടിയിട്ടുണ്ട് എന്ന് അഹങ്കരിക്കുന്ന ഇവരാണ് ചരിത്രത്തിൽനിന്നു തള്ളപ്പെടാൻ പോകുന്നത്.

വിശ്വാസികളേ, ജാഗരൂകരായിരിക്കുവിൻ! ദൈവ വിശ്വാസമോ നീതിബോധമോ ഇല്ലാത്ത ഈ മെത്രാന്മാർ തങ്ങളുടെ നിലനില്പിനും അധികാരത്തിനും സുഖജീവിതത്തിനുംവേണ്ടി ഏത് തറ നിലപാടിനും നുണപ്രചാരണത്തിനും തയ്യാറാകുമെന്ന് നാം മനസ്സിലാക്കണം. സത്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളുന്ന വ്യക്തികളും അവരുടെ സംഘടനകളും സഹനത്തിലൂടെ യേശുവിന്റെ ശിഷ്യരാകുമെന്നുള്ള പ്രത്യാശ നമ്മെ നയിക്കട്ടെ! കോൺസ്റ്റന്റൈൻ ചക്രവർത്തിയല്ല, യേശുവാണ് നമ്മുടെ ഗുരുവും മാർഗദർശിയും.

ഫോൺ: (001) 586-601-5195

*കെ.സി.ആർ.എം. പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ*

**പ്രീ-പബ്ലിക്കേഷൻ നിരക്ക് മാർച്ച് 15 വരെ നീട്ടിയിരിക്കുന്നു!**

**1. 'ദൈവനാമത്തിൽ' ഡേവിഡ് യാലപ്**

മാർപാപ്പയായി 33-ാം ദിവസം ദുരൂഹസാഹചര്യത്തിൽ മരണമടഞ്ഞ **ജോൺപോൾ ഒന്നാമന്റെ** മരണത്തെയും ജീവിതത്തെയുംകുറിച്ചുള്ള സാഹസിക അന്വേഷണത്തിലെ കണ്ടെത്തലുകൾ!

പ്രസിദ്ധ പത്രപ്രവർത്തകൻ **ഡേവിഡ് യാലപ്പ്** (David Yallop) രചിച്ച **'In God's Name'** എന്ന കോളിളക്കം സൃഷ്ടിച്ച ബെസ്റ്റ് സെല്ലറിന് **ജെ.പി. ചാലി**യുടെ പരിഭാഷ.

**1. ഡമി 1/8, 408 പേജ്, മുഖവില : Rs.360/-**

**2. പാപ്പായുടെ പരസ്യക്കുമ്പസാരവും പറയാത്ത ചരിത്രസത്യങ്ങളും**

By **പി.കെ.മാത്യു ഏറ്റുമാനൂർ**

**2. ഡമി 1/8, 160 പേജ്, മുഖവില : Rs.150/-**

**2019 മാർച്ച് 15-നകം പണമയച്ച് ബുക്കുചെയ്യുന്നവർക്ക് ആദ്യപുസ്തകം 250 രൂപയ്ക്കും രണ്ടാമത്തേത് 100 രൂപയ്ക്കും ലഭിക്കുന്നു!**

***സത്യജ്വാലയുടെ വിലാസത്തിൽ തുക അയച്ച് ബുക്കു ചെയ്യുക***

# 'സമർപ്പിതരുടെ പാപങ്ങൾ സഭയെ അപകീർത്തിപ്പെടുത്തുന്നു; മാധ്യമങ്ങൾക്ക് അഭിനന്ദനം!' -മാർപാപ്പ

**ലൈം**ഗികചൂഷണമെന്ന തിന്മ ഉന്മൂലനംചെയ്യാൻ സഭ നിരവധി വർഷങ്ങളായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണെന്ന് ഫ്രാൻസിസ് മാർപാപ്പ. റോമൻ കൂരിയ അംഗങ്ങൾക്കു നൽകിയ ക്രിസ്മസ് സന്ദേശത്തിലാണ് അദ്ദേഹം അതു പറയുന്നത്. പ്രസംഗത്തിന്റെ പൂർണരൂപം സഭാപ്രസിദ്ധീകരണമായ 'സത്യദീപ'ത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽനിന്ന് ഒരു ഭാഗം: "സമർപ്പിതരുടെ പാപങ്ങളും കുറ്റങ്ങളും സഭയെ അപകീർത്തിപ്പെടുത്തുകയും വിശ്വാസ്യത തകർക്കുകയും ചെയ്യുന്നു. സഭയും സഭയുടെ വിശ്വസ്തരായ പുത്രരും ഈ അവിശ്വസ്തതകളുടെ ഇരകളാണ്. ഇത്തരം ക്രൂരതകൾ ചെയ്തവരെ നീതിക്കുമുമ്പിൽ കൊണ്ടുവരാൻ ആവശ്യമായതെല്ലാം ചെയ്യുന്നതിൽനിന്ന് സഭയ്ക്ക് ഒഴിഞ്ഞുമാറാനാവില്ല. ഒരു കേസും മൂടിവയ്ക്കാനോ കുറച്ചുകാണാനോ സഭ തയ്യാറല്ല.



പുരോഹിതരും സമർപ്പിതരുംമൂലം സഹനമനുഭവിക്കേണ്ടി വന്ന കുട്ടികളുടെ കാര്യം ദൈവം ഒരിക്കലും മറക്കുകയില്ല. ഇന്നുമുണ്ട് ദൈവത്തിന്റെ ധാരാളം അഭിഷിക്തർ, സമർപ്പിതർ. സ്വന്തം ധാർമികാധികാരത്തെ കൈമുതലാക്കി, ബലഹീനരെ ചൂഷണം ചെയ്യുന്നവർ. അവർ ജുഗുപ്സാവഹമായ കാര്യങ്ങൾ ചെയ്യുകയും ഒന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ സ്വന്തം ശുശ്രൂഷകൾ തുടർന്നു നിർവഹിക്കുകയും ചെയ്യുന്നു. അവർ ദൈവത്തെയോ അവിടത്തെ വിധിയെയോ ഭയപ്പെടുന്നില്ല. പിടിക്കപ്പെടുമോ എന്നതുമാത്രമാണ് അവരുടെ ഭീതി.

ഈ മഹാ വിപത്തിനെക്കുറിച്ചു പറയുമ്പോൾ സഭയ്ക്കുള്ളിലുള്ള പലരും മാധ്യമങ്ങളെ കുറ്റപ്പെടുത്തുന്നതു കാണാം. ലൈംഗിക ചൂഷണമൊന്നും ചെയ്യാത്ത മഹാഭൂരിപക്ഷത്തെ മാധ്യമങ്ങൾ അവഗണിക്കുകയും സഭയ്ക്കു ബോധപൂർവം ഒരു തെറ്റായ പ്രതിച്ഛായ നൽകാൻ ശ്രമിക്കുകയും ചെയ്യുന്നുവെന്ന് അവർ കുറ്റപ്പെടുത്തുന്നു. പക്ഷേ, ഈ ചെന്നായ്ക്കളെ തുറന്നുകാണിക്കാനും ഇരകൾക്കു ശബ്ദം നൽകാനും അവർ സത്യസന്ധതയോടെയും വസ്തുനിഷ്ഠതയോടെയും ശ്രമിച്ചതിന് ഞാൻ മാധ്യമങ്ങൾക്ക് ഊഷ്മളമായി നന്ദി പറയുന്നു."

*- പുരോഹിത കുറ്റകൃത്യങ്ങളോടും, അതിൽ മാധ്യമങ്ങളുടെ ഇടപെടലിനോടുമുള്ള ഫ്രാൻസീസ് മാർപാപ്പയുടെയും കേരളത്തിലെ മെത്രാന്മാരുടെയും നിലപാടുകൾ തമ്മിലുള്ള വൈരുദ്ധ്യം എത്രയെന്നു കാണാൻ, മാർപാപ്പയുടെ പ്രസംഗത്തിൽനിന്നുള്ള ഈ ചെറു ഉദ്ധരണി ഉപകരിക്കും. 'ലൈംഗികപീഡനം നടത്തിയ സമർപ്പിതരെ നീതിപീഠത്തിനുമുമ്പിലെത്തിക്കുന്നതിൽനിന്ന് സഭയ്ക്ക് ഒഴിഞ്ഞുമാറാനാവില്ല' എന്നു മാർപ്പാപ്പാ പറയുമ്പോൾ, എങ്ങനെയും അതെല്ലാം മറച്ചുവച്ച് അക്കൂട്ടരെ രക്ഷിക്കണമെന്ന നിലപാടിലാണ് ഇവിടുത്തെ മെത്രാൻ സംഘങ്ങൾ! പുരോഹിതകുറ്റവാളികളെ തുറന്നു കാട്ടാനും ഇരകൾക്കു ശബ്ദം നൽകാനും ശ്രമിക്കുന്ന മാധ്യമങ്ങളെ മാർപാപ്പ ശ്ലാഘിക്കുമ്പോൾ, അതേ കാര്യം ചെയ്യുന്ന ഇവിടുത്തെ 'ഓൺലൈൻ പത്രങ്ങളുൾപ്പെടെയുള്ള മാധ്യമങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ' സീറോ-മലബാർ സിനഡ് തീരുമാനിച്ചിരിക്കുന്നു!*

*കത്തോലിക്കാസഭയുടെ പരമോന്നത തലവനായ മാർപാപ്പയെ ഇപ്രകാരം ധിക്കരിക്കുന്ന നമ്മുടെ മെത്രാന്മാരെ അനുസരിക്കാൻ ഇവിടുത്തെ വിശ്വാസികൾക്ക് ഒരു ബാധ്യതയുമില്ലതന്നെ. ഇവരെ ധിക്കരിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ അവരത് വിശ്വാസിസമൂഹത്തെ രേഖാമൂലം അറിയിക്കട്ടെ!*

***- എഡിറ്റർ***

# സഭയെ വീണ്ടും അപമാനിതയാക്കുന്ന ശിക്ഷണനടപടികൾ





**ജയിംസ് ഐസക്, കുടമാളൂർ**

**സി**സ്റ്റർ ലൂസിക്കെതിരെ മാനന്തവാടി രൂപതയും സന്ന്യാസസഭാധികാരികളും സ്വീകരിച്ച ശിക്ഷണനടപടികളും, ദീപികയിൽ പ്രസിദ്ധീകരിച്ച വിശദീകരണലേഖനവും, ഇപ്പോൾ മേജർ ആർച്ചുബിഷപ്പ് എല്ലാ പള്ളികളിലും വായിക്കാൻ നൽകിയ ഇടയലേഖനവും സീറോ-മലബാർസഭയെ കൂടുതൽ അപമാനിതയാക്കിയിരിക്കുന്നു. കേരളസഭയുടെ അധികാരികൾ ഇത്രയധികം വിവേകരഹിതമായി പെരുമാറുമെന്നു സഭാസ്നേഹികളായ ഒരാളും വിചാരിച്ചിരുന്നില്ല. എന്തുചെയ്യാം, സഭയുടെ ഭാവി അപകടത്തിൽത്തന്നെ. യേശയ്യാ, ജറമിയാസ്, ആമോസ് തുടങ്ങിയ പ്രവാചകന്മാർ യഹൂദ മതത്തിന്റെ രക്ഷയ്ക്കായി പ്രവചിച്ചു. ഇന്ന് ഈ സഭയ്ക്കു സൽബുദ്ധി ഓതുവാൻ ആരുമില്ലേ? 'എള്ളു ചോരുന്നതറിയും, ആന ചോരുന്നതു കാണുന്നില്ല' എന്ന ചൊല്ലാണു ഓർമ്മ വരുന്നത്.

സിസ്റ്റർ ലൂസി ചെയ്തു എന്നു പറയുന്ന അനുസരണക്കേടുകൾ എത്ര നിസ്സാരം! കൊലപാതകം ചെയ്തവരും സ്ത്രീകളെയും കുട്ടികളെയും കന്യാസ്ത്രീകളെയും അപമാനിച്ചവരും കോടികൾ ചൂഷണംചെയ്തു കർഷകരെ വഞ്ചിച്ചവരും ജനങ്ങളുടെ പണം വിനിയോഗിച്ച് 'ഔഡി' കാർ വാങ്ങിയവരും, പൂർവ്വികശാപം പ്രസംഗിച്ചു പാവങ്ങളെ പറ്റിക്കുന്നവരുമായ പലരും വൈദികരും മെത്രാന്മാരുമായി സഭയിൽ വിലസുന്നു! അവരുടെപേരിൽ സഭ ഒരു ശിക്ഷണനടപടിയും സ്വീകരിക്കാതിരിക്കുന്നതു വിശ്വാസികൾ അറിയുന്നുണ്ട്. ഈ സാഹചര്യത്തിൽ, മേജർ ആർച്ചുബിഷപ്പിന്റെ ഇടയലേഖനം വിശ്വാസിസമൂഹം 'യഥാർഹം' പരിഗണിക്കുകതന്നെ ചെയ്യും.

സഭയിൽ സമാഹരിക്കുന്ന പണം സുതാര്യമായി വിനിയോഗിക്കപ്പെടാനാവശ്യമായ നിയമനിർമ്മാണം നടത്തണമെന്നുമാത്രമാണ് ചർച്ച് ആക്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. ജോസഫ് പുലിക്കുന്നേൽ, ജസ്റ്റീസ് കൃഷ്ണയ്യർ, ജസ്റ്റീസ് കെ.റ്റി തോമസ്, പ്രൊഫ.എം.വി.പൈലി തുടങ്ങിയ വിദ്യാസമ്പന്നരാണ് ഈ ആശയം അവതരിപ്പിച്ചത്. ഇടയലേഖനത്തിൽ ഇതിനെക്കുറിച്ചു പറയുന്നത് എത്ര ലാഘവബുദ്ധിയോടെയാണ്! സഭയുടെ സ്വത്ത് സർക്കാരിനെ ഏൽപിക്കാനാണു നിയമം കൊണ്ടുവരുന്നതെന്ന് ഇടയലേഖനത്തിൽ കേട്ടപ്പോൾ ഇതെഴുതിയവർ എത്ര ഭീകരമായ അറിവില്ലായ്മയാണു പ്രകടിപ്പിക്കുന്നതെന്നു ചിന്തിച്ചുപോയി.

ഇടയലേഖനത്തിന്റെ അവസാനഭാഗം സ്വീകാര്യംതന്നെ. വിശ്വാസികൾ സഭയ്ക്കുവേണ്ടി തീവ്രമായി പ്രാർത്ഥിക്കുകതന്നെവേണം. സഭ സർവ്വനാശത്തിലേക്കു കുതിക്കുന്നു.

ഫോൺ: 9847126316

## പള്ളിപണിക്ക് കിട്ടിയ ഫോറിൻ ഫണ്ട് ബിഷപ്പ് അറയ്ക്കൽ അടിച്ചുമാറ്റി..?

**പ**ള്ളിപണിക്കു കിട്ടിയ ഓസ്ട്രിയൻ ഡൊണേഷൻ അഞ്ചു കോടി രൂപ കാഞ്ഞിരപ്പള്ളി ബിഷപ്പ് കൊണ്ടുപോയെന്ന് പരാതി! 'കണക്ക് നിങ്ങളോട് പറയേണ്ടതില്ലെ'ന്ന് വികാരി!

കുമളി ഒന്നാം മൈൽ ആട്ടപ്പള്ളം പള്ളിയിൽ പള്ളിപണിക്കിടയിൽ ഓസ്ട്രിയയിൽനിന്ന് ആളുകൾ സന്ദർശനത്തിനെത്തി. വികാരിയച്ചൻ പണ്ട് ഓസ്ട്രിയയിൽ ജോലിചെയ്തിരുന്ന പരിചയത്തിലാണ് വന്നത്. സ്വീകരണസമ്മേളനത്തിൽ അവർതന്നെ പള്ളിപണിക്ക് ആവശ്യമായ മുഴുവൻ തുകയും തരാമെന്ന് ജനങ്ങളെ അറിയിച്ചു. ജനങ്ങൾ സന്തോഷത്തോടെ അതു സ്വീകരിച്ചു. പിന്നീടും ജനങ്ങളിൽനിന്നുള്ള പിരിവ് തുടർന്നുകൊണ്ടേയിരുന്നു. ഒടുവിൽ ആളൊന്നുക്ക് ഒരു ഗ്രാം സ്വർണ്ണം സംഭാവനചെയ്യണമെന്നായി, വികാരിയച്ചൻ. അതിനിടയിലാണ് ഓസ്ട്രിയൻ ഫണ്ട് രൂപതയിലാണ് വന്നതെന്നും അത് ബിഷപ്പ് അറയ്ക്കൽ തിരിച്ചുതരില്ലെന്നും അറിയുന്നത്. കണക്ക് ചോദിച്ച ജനങ്ങളോട് വികാരി പറയുന്നത്, ' ഈ വിവരം നിങ്ങളെ അറിയിക്കേണ്ടതില്ല' എന്നാണ്! പള്ളിപണിക്ക് കിട്ടിയ ഫോറിൻ ഫണ്ട് ഉടൻ തരണമെന്നാണ് ഇടവകജനങ്ങളുടെ ആവശ്യം.

*കടപ്പാട്: 2018 November 26-ലെ 'reportkerala.com'*

# പാണ്ടൻനായുടെ പല്ലിനു ശൗര്യം.......



**ജോയി ഒറവണക്കളം** -USA

**ഇ**ക്കഴിഞ്ഞ സിനഡ് തീരുമാനങ്ങളുടെ കരടുരൂപം ഇടയലേഖനമായി എല്ലാ പള്ളികളിലും വായിക്കുകയുണ്ടായല്ലോ. ചില പള്ളികളിൽ നോട്ടീസ്ബോർഡിൽ പതിക്കുകയുമുണ്ടായി. ചില സന്ന്യസ്തരും നവീകരണപ്രസ്ഥാനങ്ങളും അവരെ പിന്തുണയ്ക്കുന്ന അൽമേനികളുമാണ് സഭയെ തകർക്കുവാൻ ശ്രമിക്കുന്നതെന്നും, അതുകൊണ്ട് അങ്ങനെയുള്ളവരെ ഒറ്റപ്പെടുത്തണമെന്നുമുള്ള ആഹ്വാനമാണ് ഈ ഇടയലേഖനത്തിന്റെ ഉള്ളടക്കം.



ദൈവത്തിന്റെ കാര്യസ്തജോലിക്കായി സന്ന്യസ്തജീവിതം നയിക്കുന്ന അനേകം വൈദികരും കന്യാസ്ത്രീകളും നമ്മുടെ സഭയിലുണ്ട്. അവരുടെ ത്യാഗോജ്ജ്വലമായ പ്രവൃത്തികളെ എത്രകണ്ടു പ്രശംസിച്ചാലും മതിയാവുകയില്ല. എന്നാൽ, തങ്ങളുടെ ഭൗതികമോഹങ്ങളെല്ലാം ത്യജിച്ച് അർപ്പണബോധത്തോടെ, ആതുരസേവനവും ആദ്ധ്യാത്മികജീവിതവും നയിക്കുന്ന ദൈവശുശ്രൂഷകരായ ഈ വൈദികരും കന്യാസ്ത്രീകളും സഭയ്ക്കുള്ളിൽ നടക്കുന്ന അനീതികൾക്കും പീഡനങ്ങൾക്കുമെതിരെ ശബ്ദിക്കരുതെന്നാണ് സഭാധികൃതർ ആഗ്രഹിക്കുന്നത്. പക്ഷേ അവരിൽ ചിലർ തങ്ങളുടെ സഭയ്ക്കുള്ളിൽ നടക്കുന്ന പീഡനം സഹിക്കവയ്യാതെ വരുമ്പോൾ യേശുവിൽ ധൈര്യം സംഭരിച്ച് അതു വെളിപ്പെടുത്താറുണ്ട്. അതു സമൂഹത്തിൽ ചർച്ചകൾക്കു വഴിവെയ്ക്കാറുമുണ്ട്. അതിനോടുള്ള സഭാദ്ധ്യക്ഷന്മാരുടെ അസഹിഷ്ണുതയാണ് ഇടയലേഖനമായി പുറത്തുവന്നത്.

യേശുവിന്റെ പഠനങ്ങൾക്കു വിരുദ്ധമായി സഭയിൽ നടക്കുന്ന തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോൾ തെറ്റുകൾ തിരുത്താനോ മറുപടി നൽകാൻപോലുമോ മെത്രാന്മാർ തയ്യാറാകാത്തതെന്തുകൊണ്ട്? അതിനു പകരം തെറ്റുചൂണ്ടിക്കാണിക്കുന്നവരെ ഒറ്റപ്പെടുത്തുകയെന്ന ഗൂഢലക്ഷ്യത്തോടെയുള്ള സിനഡു തീരുമാനങ്ങളാണുണ്ടാകുന്നത്. ഇതു തീർത്തും അപഹാസ്യമാണ്. സഭയുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവരാണോ, സഭയ്ക്കുള്ളിലിരുന്നുകൊണ്ട് മ്ലേച്ഛമായ കാര്യങ്ങൾ ചെയ്ത് യേശുവിന്റെ പ്രതിച്ഛായയ്ക്കു മങ്ങലേല്പിക്കുന്നവരാണോ സഭയെ തകർക്കുന്നത്? സഭയ്ക്കുള്ളിൽ നടക്കുന്ന തിന്മകൾ കണ്ടിട്ടും അതിനെതിരെ പ്രതികരിക്കാതെ ആ തിന്മകളോടു താദാത്മ്യപ്പെട്ടുകൊള്ളണമെന്ന സിനഡിന്റെ ശാസന സിനഡംഗങ്ങളായ മെത്രാന്മാർക്കുതന്നെ വിനയാകുമെന്ന് ഓർക്കുക.

പണ്ട് സിനഡു തീരുമാനങ്ങളെല്ലാം വേദവാക്യമായി സ്വീകരിച്ചിരുന്ന വിശ്വാസിസമൂഹമുണ്ടായിരുന്നു. എന്തെന്നാൽ അന്നത്തെ വൈദികരുടെയും സന്ന്യസ്തരുടെയും ജീവിതരീതികളും പ്രവൃത്തികളും നാനാജാതി മതസ്തർക്കും അനുകരണീയമാംവിധം ലാളിത്യവും സത്യസന്ധതയും നിറഞ്ഞതായിരുന്നു. ഒരു വൈദികൻ യാത്രചെയ്യാൻ ബസ്സിൽ കയറുമ്പോൾത്തന്നെ മറ്റു മതസ്തർപോലും എഴുന്നേറ്റ് സീറ്റ് നല്കുമായിരുന്നു. ഇന്നു വൈദികരിലും വിശ്വാസികളിലും മാറ്റം വന്നു. വിശ്വാസികൾ വചനം പഠിച്ചു ക്രിസ്തുവിനെ അറിഞ്ഞ് ആത്മീയതയിലേക്കു വളർന്നു. വൈദികരാവട്ടെ, ഭൗതികതയിലാണ് വളർന്നത്. ഔദ്യോഗികവസ്ത്രം ഉപേക്ഷിച്ച് ജന്റിൽമാൻ വേഷംകെട്ടി ഇരുചക്രവാഹനങ്ങളിൽ ചെത്തിനടക്കുന്ന കാളക്കൂറ്റന്മാരായി; പണത്തോടുള്ള ആസക്തി വർദ്ധിച്ചു; സുഖലോലുപതയിലുള്ള ജീവിതരീതി കൈമുതലാക്കി; സെൽഫോണിലും, വാട്ട്സ് ആപ്പ് മുതലായവയിലും റ്റി.വി. ചാനലുകളിലുമുള്ള അശ്ലീല ദൃശ്യങ്ങൾ കണ്ടു രസിക്കുന്നു!

ഇങ്ങനെയുള്ളവരുടെ ഇടയിൽനിന്ന് അവർതന്നെ തിരഞ്ഞെടുക്കുന്ന മെത്രാന്മാർ നയിക്കുന്ന സിനഡുകളിലെ വികലതീരുമാനങ്ങൾക്ക് അതെഴുതിയ കടലാസിന്റെ വിലപോലും വിശ്വാസികൾ കല്പിക്കുമെന്നു കരുതേണ്ട. അതുകൊണ്ടാണത് പലയിടത്തും അഗ്നിക്കിരയായത്. വൈദികരുടെയോ സന്ന്യസ്തരു ▸▸

# “വേണ്ടത്, പെരുമാറ്റച്ചട്ടമല്ല; മറിച്ച്, ലൈംഗികപീഡന ക്കേസുകളിൽ നടപടി”


## -ഫോറം ഫോർ ജസ്റ്റീസ് & പീസ്




**ക**ന്യാസ്ത്രീകൾക്കും വൈദികർക്കും പെരുമാറ്റച്ചട്ടം ബാധകമാക്കുന്നതിനുപകരം ലൈംഗിക പീഡനക്കേസുകളിൽ ശക്തമായ നടപടിയാണു വേണ്ടതെന്ന് ‘ഫോറം ഫോർ ജസ്റ്റീസ് ആൻഡ് പീസ്’ കത്തോലിക്കാസഭയിലെ വൈദികർക്കും കന്യാസ്ത്രീകൾക്കും പെരുമാറ്റച്ചട്ടം ബാധകമാക്കി സീറോ-മലബാർ സിനഡ് അടുത്തിടെ പുറപ്പെടുവിച്ച സർക്കുലറിനെതിരെയാണ് ‘ഫോറം ഫോർ ജസ്റ്റീസ് ആൻഡ് പീസ്’ രംഗത്തെത്തിയത്.

രാജ്യത്തെമ്പാടുമായി സാമൂഹികപ്രവർത്തനം നടത്തുന്ന കന്യാസ്ത്രീകളും വൈദികരും അൽമായരും അടങ്ങുന്ന സംഘടനയാണ് ‘ഫോറം ഫോർ പീസ് ആൻഡ് ജസ്റ്റീസ്’. അച്ചടക്കം നടപ്പാക്കാനെന്നപേരിൽ പുറപ്പെടുവിക്കുന്ന ഇത്തരം ഓർഡറുകൾ വ്യക്തികളുടെ സ്വാതന്ത്ര്യത്തിനുനേരെയുള്ള കടന്നുകയറ്റമാണെന്ന് പീസ് ഫോറം ചൂണ്ടിക്കാട്ടുന്നു. സഭയെന്നത് സാഹോദര്യം, സ്വാതന്ത്ര്യം, തുല്യത എന്നിവയിൽ അടിസ്ഥാനമാക്കി പ്രവർത്തിക്കേണ്ടതാണ്. ദുഃഖകരമെന്നു പറയട്ടെ, അടുത്ത കാലത്തുണ്ടായ ചില സംഭവവികാസങ്ങളും സീറോ-മലബാർ മെത്രാൻസിനഡിന്റെ ഇപ്പോഴത്തെ നിലപാടുകളും വ്യക്തമാക്കുന്നത്, സഭ ഇപ്പോൾ പ്രവർത്തിക്കുന്നത് ഈ അടിസ്ഥാനമൂല്യങ്ങളിൽ ഊന്നിയല്ല എന്നുതന്നെയാണ്. അച്ചടക്കത്തിന്റെപേരിൽ വൈദികരുടെയും കന്യാസ്ത്രീകളുടെയും അടിസ്ഥാന സ്വാതന്ത്ര്യങ്ങൾപോലും തടയാൻ ശ്രമിക്കുന്നതിനെ, വ്യക്തികളുടെ മൗലികാവകാശങ്ങൾക്കുനേരെയുള്ള കടന്നുകയറ്റമായേ കാണാനാവൂ. തങ്ങൾ തിരഞ്ഞെടുത്തിട്ടുള്ള ജീവിതാന്തസിന്റെ ഭാഗമായി കന്യാസ്ത്രീകളും വൈദികരും വ്രതങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും, ഇത് എന്തും അനുസരിക്കാനുള്ള അടിമത്തമായി കാണരുത്, ‘ഫോറം ഫോർ ജസ്റ്റീസ് ആൻഡ് പീസ്’ വ്യക്തമാക്കുന്നു.

“കുട്ടികൾക്കും സ്ത്രീകൾക്കുംനേരേ നടക്കുന്ന പീഡനങ്ങളിൽ, പ്രത്യേകിച്ച് ലൈംഗികപീഡനക്കേസുകളിൽ, സഭ ശക്തമായ നടപടിയെടുക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. എല്ലാ വനിതാ കോൺഗ്രിഗേഷനുകളുടെയും മേജർ സുപ്പീരിയറുമാർ തങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നവർ ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. ഒപ്പം, ഇത്തരം സംഭവങ്ങളുണ്ടായാൽ ബന്ധപ്പെട്ട സിവിൽ, സഭാകേന്ദ്രങ്ങളിൽ വിവരം റിപ്പോർട്ടു ചെയ്യാനും തയ്യാറാകണം”, പീസ് ഫോറം പറയുന്നു.



ഫ്രാൻസീസ് മാർപാപ്പയുടെ ചിന്തകളുമായും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങളുമായും ഒട്ടും യോജിക്കുന്നതല്ല ഇപ്പോഴത്തെ സർക്കുലറിൽ പറയുന്ന കാര്യങ്ങൾ. ഇന്ത്യയിലെമ്പാടും സഭാസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട തൊഴിലിടങ്ങളിലെ ലൈംഗിക അതിക്രമങ്ങൾ തടയാൻ ലക്ഷ്യമിട്ടു സി ബി സി ഐ പുറത്തിറക്കിയ മാർഗരേഖ നിർബന്ധമായും പാലിക്കണം. ഇതു കൃത്യമായി നടപ്പിലാക്കാൻ സഭയ്ക്കുള്ളിൽത്തന്നെ സ്വതന്ത്രമായ ഒരു ട്രൈബ്യൂണൽ സ്ഥാപിക്കുകയും വിരമിച്ച ഒരു ജഡ്ജിയെ തലപ്പത്തുനിയമിക്കുകയും ചെയ്യണമെന്നും ഫോറം ആവശ്യപ്പെടുന്നുണ്ട്.

‘ഇന്ത്യൻ വുമൺ തിയോളജിയൻസ് ഫോറം’ (ഐ ഡബ്ല്യു ടി എഫ്), ‘ഇന്ത്യൻ ക്രിസ്ത്യൻ വുമൺസ് മൂവ്മെന്റ്’ (ഐ സി ഡബ്ല്യു എം), ‘കാമ്പയിൻ ഫോർ ഹൗസിങ് ആൻഡ് ടെനൂറിയൽ റൈറ്റ്സ്’(സി എച്ച് എ ടി ആർ ഐ), ‘നാഷണൽ വർക്കേഴ്സ് മൂവ്മെന്റ്’ (എൻ ഡബ്ല്യു എം), ‘നെറ്റ്‌വർക്ക് ഓഫ് വിമൺ ഇൻ മീഡിയ’ (എൻ ഡബ്ല്യു എം ഐ) എന്നിവ ഉൾപ്പെടുന്നതാണ് ‘ഫോറം ഫോർ ജസ്റ്റീസ് ആൻഡ് പീസ്’. ●

---

ടെയോ അത്മായസമൂഹത്തിന്റെയോ യാതൊരു പ്രാതിനിധ്യവുമില്ലാത്ത ഇത്തരം മെത്രാൻമാത്ര സിനഡുകൾ ഒരു അപ്പസ്തോലികസഭയ്ക്കു ചേർന്നതാണോയെന്ന് ഓരോരുത്തരും ചിന്തിച്ച് വിലയിരുത്തട്ടെ!

ഫോൺ: (001) 6307361335

# ഫ്രാൻസീസ് മാർപാപ്പയ്ക്ക് സ്വാമി അഗ്നിവേശിന്റെ കത്ത്



*[ഫ്രാങ്കോക്കേസിൽ സാക്ഷികളായ കന്യാസ്ത്രീകളെ കുറവിലങ്ങാട് മഠത്തിൽനിന്ന് സ്ഥലംമാറ്റുന്നതിനെതിരെ ഇടപെടണമെന്നഭ്യർത്ഥിച്ച്, വിഖ്യാത സാമൂഹികപ്രവർത്തകനും 'World Council of Arya Samaj' മുൻപ്രസിഡണ്ടുമായ സ്വാമി അഗ്നിവേശ് ഫ്രാൻസീസ് മാർപാപ്പയ്ക്ക് എഴുതിയ കത്ത്: തർജ്ജമ-സ്വന്തം -എഡിറ്റർ]*

**പ്രിയ ഫാ. ഫ്രാൻസീസ്,**

അങ്ങേയറ്റത്തെ പ്രത്യാശയോടും, അങ്ങയുടെ കരുത്തുറ്റ നീതിബോധത്തിൽ എനിക്കുള്ള ഉത്തമവിശ്വാസത്തോടുംകൂടിയാണ് അങ്ങേക്കു ഞാൻ ഈ കത്തെഴുതുന്നത്. ഫ്രാങ്കോ മുളയ്ക്കൽ എന്ന ഒരു ബിഷപ്പിൽനിന്ന് ക്ലേശകരമായ അനുഭവങ്ങളിലൂടെ കടന്നുപോകേണ്ടിവന്ന, 'മിഷനറീസ് ഓഫ് ജീസ്സസ്' എന്ന സന്ന്യാസസഭയിലെ ഒരു കന്യാസ്ത്രീക്കു പിന്തുണനൽകി ഒപ്പംനിന്നതിന്റെപേരിൽ അവരുടെ നാലു സഹകന്യാസ്ത്രീകൾ ഇപ്പോൾ നേരിടുന്ന പീഡനത്തെക്കുറിച്ചാണ് ഈ കത്ത്.

പ്രതികാരംവമിക്കുന്ന ഒരു നീക്കത്തിലൂടെ, ഈ സന്ന്യാസസഭയുടെ മദർ സുപ്പീരിയർ, സിസ്റ്റർ ആൽഫി പള്ളാശ്ശേരിൽ, സിസ്റ്റർ അനുപമ കേളമംഗലത്തുവെളിയിൽ, സിസ്റ്റർ ജോസഫൈൻ വില്ലൂന്നിക്കൽ, സിസ്റ്റർ ആൻസിറ്റ ഉറുമ്പിൽ എന്നിവർക്ക് സ്ഥലംമാറ്റ ഉത്തരവ് നൽകിയിരിക്കുന്നു. ഇത് പ്രഥമദൃഷ്ട്യാ, അതിന്റെ സ്വഭാവത്താൽത്തന്നെ, അധാർമ്മികമായ ഒരു ശിക്ഷണനടപടിയാണ്.

ഇന്ത്യയിലെ ജനങ്ങൾ ഏറെ ആദരിക്കുന്നവരാണ്, ഈ കന്യാസ്ത്രീകൾ. പീഡിപ്പിക്കപ്പെട്ട കന്യാസ്ത്രീക്കൊപ്പം നിലകൊള്ളാൻ ധീരമായി നിലപാടെടുത്തും, നീതിക്കുവേണ്ടി മരുഭൂമിയിൽ വിളിച്ചുപറയുന്ന ശബ്ദമായി അവർക്കുവേണ്ടി നിലവിളി ഉയർത്തിയതുംമൂലമാണ് അവർ ഈ ആദരവിനർഹരായത്. ദൈവത്തിന്റെ നീതി ഭൂമിയിൽ കൊണ്ടുവരാൻ അവതരിച്ച യേശുക്രിസ്തുവിനോടുള്ള പ്രതിബദ്ധതയുടെ പ്രകടനമാണവർ ഇതിലൂടെ നടത്തിയതെന്ന വസ്തുത അങ്ങ് അംഗീകരിക്കും എന്നെനിക്കു തീർച്ചയുണ്ട്. എന്നാൽ ഏവരെയും ഞെട്ടിക്കുന്നത്, ബന്ധപ്പെട്ട രൂപതയും സന്ന്യാസസഭകളും ബലാത്സംഗാരോപിതനായ മെത്രാനോട് അനുഭാവം പുലർത്തുകയും, ഇരയുടെ നീതിക്കുവേണ്ടി പാടുപെടുന്നവർക്കെതിരെ ശിക്ഷാനടപടികളുമായി മുന്നോട്ടു പോകുകയും ചെയ്യുന്നു എന്നതാണ്.

ഒരു കന്യാസ്ത്രീ ലൈംഗികപീഡനത്തിനിരയായ ഈ വിഷയത്തിൽ ഉചിതമായി പ്രതികരിച്ചില്ല എന്നതുകൊണ്ട് ഇന്ത്യയിലെ കത്തോലിക്കാസഭയുടെ പ്രതിച്ഛായ ഇവിടെ ഇപ്പോൾത്തന്നെ വലിയതോതിൽ തകർന്നിരിക്കുന്നു. കാര്യങ്ങൾ കൂടുതൽ വഷളാക്കിക്കൊണ്ട് ചില സഭാധികൃതർ ഇപ്പോഴിതാ, കൊടിയ കുറ്റകൃത്യങ്ങളോടു സഹിഷ്ണുതയും നീതിനടത്തിപ്പിനോട് അസഹിഷ്ണുതയും പുലർത്തുകയാണ്. നിശ്ചയമായും ഇത്, യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളുമായി ഒത്തുപോകുന്നതല്ല.

ഈ വിഷയത്തിൽ അങ്ങ് ഇടപെടണമെന്നും ഈ കന്യാസ്ത്രീകൾ നേരിടുന്ന വിഷമതകളിൽനിന്ന് അവരെ രക്ഷിക്കണമെന്നും, അടിച്ചമർത്തപ്പെടുന്നവരുടെ നീതിക്കായുള്ള അങ്ങയുടെ ധീരവും അടിപതറാത്തതുമായ അർപ്പണബോധത്തെക്കുറിച്ച് എന്റെ വ്യക്തിപരമായ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ, അങ്ങയെ ഞാൻ നിർബന്ധിക്കുന്നു.

ഈ വിഷയവുമായി എനിക്കു നേരിട്ട് യാതൊരു ബന്ധവുമില്ലെങ്കിലും, കാര്യങ്ങളുടെ പോക്കിൽ ഞാനേറെ അസ്വസ്ഥനാണ്. കേരളത്തിൽനിന്നു മാറിജീവിക്കുന്ന എനിക്കിതിൽ ഇത്ര വിഷമം തോന്നുന്നുവെങ്കിൽ, കേരളത്തിലെ ജനങ്ങൾക്ക് ഇക്കാര്യത്തിൽ എത്രമാത്രം അമർഷമുണ്ടാകുമെന്ന് ഊഹിക്കാമല്ലോ. ഈ കന്യാസ്ത്രീകൾ നീതിക്കുവേണ്ടി നടത്തിയ സമരത്തോട്, മതഭേദമെന്യേ കേരളീയജനത ഒറ്റക്കെട്ടായി അണിനിരക്കുകയും ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. കന്യാസ്ത്രീകളോടു സഭാധികൃതർ കാട്ടുന്ന അനീതിക്കെതിരെ വ്യാപകമായ പ്രതിഷേധമാണ് കേരളത്തിൽ അലയടിക്കുന്നത്.

അടുത്ത നാളുകളിൽ കേരളത്തിലെനിക്ക് പല പൊതു സമ്മേളനങ്ങളുമുണ്ടായിരുന്നു. വൈകാതെ തന്നെ ഈ കന്യാസ്ത്രീകളെ നേരിൽ കാണാനും അവരോടുള്ള എന്റെ ഐക്യദാർഢ്യം പ്രകടിപ്പിക്കാനും സാധിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. എന്തുകൊണ്ടെന്നാൽ, നീതിക്കുവേണ്ടി പാടുപീഡകൾ സഹിക്കുന്ന അവർ സ്നേഹവും പ്രോത്സാഹനവും അർഹിക്കുന്നു എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

വിശ്വസ്തതയോടെ,

**സ്വാമി അഗ്നിവേശ്**

# ആലഞ്ചേരി കാണാത്ത കന്യാസ്ത്രീകളെ തേടി 'ന്യൂയോർക്ക് ടൈംസ്'!

ന്യൂസ് എഡിറ്റർ, 'അഴിമുഖം'

'ദി ന്യൂയോർക്ക് ടൈംസ്' തെക്കനേഷ്യൻ കറസ്പോണ്ടന്റ് മരിയ അബി-ഹബീബ് ഫെബ്രു. 6-ാം തീയതി ബുധനാഴ്ച മണിക്കൂറുകളോളം ചെലവിട്ടത് കുറവിലങ്ങാട് 'സെന്റ് ഫ്രാൻസീസ് മിഷൻ ഹോ'മിലായിരുന്നു. അന്താരാഷ്ട്ര മാധ്യമരംഗത്തെ മുമ്പനായ 'ന്യൂയോർക്ക് ടൈംസ്' അവരുടെ റിപ്പോർട്ടറെ കുറവിലങ്ങാട് മഠത്തിലേക്ക് അയച്ചതിന് കാരണം ഒന്നേയുള്ളൂ- ആഗോള കത്തോലിക്കാസഭയ്ക്ക് നാണക്കേടുണ്ടാക്കിയ കന്യാസ്ത്രീപീഡനം ലോകശ്രദ്ധയിൽ കൊണ്ടുവരിക. പീഡിപ്പിക്കപ്പെട്ട കന്യാസ്ത്രീക്ക് ഒപ്പം നിൽക്കുന്ന കുറവിലങ്ങാട് 'സെന്റ് ഫ്രാൻസീസ് മിഷൻ' ഹോമിലെ അഞ്ചു കന്യാസ്ത്രീകളോടൊപ്പം ഇരുന്ന് സംസാരിക്കുമ്പോൾ മരിയ അവരോട് പറഞ്ഞത്, 'ഈ വിഷയം മാർപാപ്പയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞങ്ങൾ പരമാവധി ശ്രമിക്കും, നിങ്ങൾക്ക് നീതി കിട്ടുകതന്നെചെയ്യും' എന്നായിരുന്നു. ന്യൂയോർക്ക് ടൈംസിന്റെ മരിയ മാത്രമല്ല, അവർക്കുമുമ്പ് ഇതേയിടത്തിൽ എത്തിയ ബി ബി സി-യുടെയും സി എൻ എൻ- ന്റെയും പ്രതിനിധികൾ പറഞ്ഞതും ഈ പോരാട്ടത്തിൽ നിങ്ങൾ തോൽക്കരുത്, നീതി നേടിയെടുക്കണം എന്നുതന്നെയായിരുന്നു. മാധ്യമങ്ങൾ എന്ന നിലയിൽ തങ്ങൾ കടമ നിർവഹിച്ചിരിക്കുമെന്ന ഉറപ്പാണ് ഈ അന്താരാഷ്ട്ര മാധ്യമങ്ങൾ എല്ലാം തന്നെ നൽകിയത്.

മാധ്യമങ്ങളിൽനിന്നും പൊതുസമൂഹത്തിൽ നിന്നും തങ്ങൾക്ക് കിട്ടുന്ന പിന്തുണയും പ്രോത്സാഹനവും മുന്നോട്ടു പോകാൻ ശക്തി തരുന്നുണ്ടെന്നു പറയുന്നതിനൊപ്പം ആ കന്യാസ്ത്രീകൾ ചൂണ്ടിക്കാണിക്കുന്ന മറ്റൊരു കാര്യമുണ്ട്: "സെന്റ് ഫ്രാൻസിസ് മിഷൻ ഹോമി'ൽനിന്നു മൂന്നു കിലോമീറ്റർമാത്രം ദൂരത്തിലാണ് കുറവിലങ്ങാട് മാർത്ത മറിയം ഫൊറോന പള്ളി. സീറോ-മലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി കഴിഞ്ഞ രണ്ടു മൂന്നു ദിവസങ്ങളിൽ ഈ പള്ളിയിൽ ഉണ്ടായിരുന്നു. ഇതുവഴി എത്രയോ മെത്രാന്മാരും പുരോഹിതരും കടന്നുപോകുന്നു! ഒരാൾപോലും ഞങ്ങളെ ഒന്നു കാണാൻ എത്തുകയോ വിളിച്ച് വിവരം തിരക്കുകയോ ചെയ്തിട്ടില്ല. എല്ലാവരും ഞങ്ങളെ ഒറ്റപ്പെടുത്തുകയും കുറ്റക്കാരാക്കി മുദ്രകുത്തുകയുമാണ്. ഞങ്ങളുടെ കോൺഗ്രിഗേഷനിലെ ആരുടെയും പിന്തുണയില്ല. ഈ മഠത്തിൽപ്പോലും ഞങ്ങളെ ഒറ്റപ്പെടുത്തുകയാണ്. തെറ്റ് ചെയ്തവർ എല്ലാവർക്കും സ്വീകാര്യരായി മാറുകയും തെറ്റ് ചൂണ്ടിക്കാണിച്ച ഞങ്ങൾ ഒറ്റപ്പെടുകയും ചെയ്യുകയാണ്. ഈയൊരു സാഹചര്യത്തിൽ, തളരാതെ മുന്നോട്ടു പോകാൻ പ്രേരണ നൽകുന്നതാണ് മാധ്യമങ്ങളിൽ നിന്നുണ്ടാകുന്ന പിന്തുണ."













സഭാനേതൃത്വത്തിൽനിന്നു കന്യാസ്ത്രീകൾക്കെതിരേ ഉണ്ടാകുന്ന അവഗണനതന്നെയാണ് ന്യൂയോർക്ക് ടൈംസ് പോലുള്ള അന്താരാഷ്ട്രമാധ്യമങ്ങൾ പ്രധാന ചോദ്യമാക്കിയിരിക്കുന്നതും. കേസിനു പിന്നാലെ ഏതു സാഹചര്യമാണ് കന്യാസ്ത്രീകളുടെ ജീവിതത്തിൽ ഉണ്ടായിരിക്കുന്നതെന്ന് അവർ ചോദിച്ചറിയുന്നു. കേസിലെ സാക്ഷികളായി നിൽക്കുന്ന കന്യാസ്ത്രീകളെ ട്രാൻസ്ഫർ ചെയ്യാനുള്ള നടപടിയെ അതീവഗൗരവത്തോടെയാണ് ഈ അന്താരാഷ്ട്ര മാധ്യമങ്ങൾ നോക്കിക്കാണുന്നത്.

ആഗോളതലത്തിൽ കന്യാസ്ത്രീകളുടെ വിഷയം ചർച്ചയാകണം എന്നാണ് ഈ അന്താരാഷ്ട്ര മാധ്യമങ്ങൾ പറയുന്നത്. ഒരു ബിഷപ്പ് തന്റെ സഭയിലെ കന്യാസ്ത്രീയെ ബലാത്സംഗം ചെയ്യുക, അതിനെതിരേ പ്രതികരിച്ചപ്പോൾ കള്ളക്കേസിൽ കുടുക്കാൻ നോക്കുക, ഇതിനെതിരേ കന്യാസ്ത്രീ സഭാനേതൃത്വങ്ങളെ മാറിമാറി സമീപിച്ചിട്ടും നീതി കിട്ടാതെ വരിക, ഒടുവിൽ നീതിന്യായ സംവിധാനങ്ങളുടെ സഹായം തേടുക, അവിടെനിന്നു നീതി ഉറപ്പാക്കാൻ തെരുവിൽ സമരം ചെയ്യുക. അതിന്റെ ഫലമായി ബിഷപ്പിന്റെ അറസ്റ്റ് നടക്കുന്നു. എന്നാൽ ഇതേ ത്തുടർന്ന് കന്യാസ്ത്രീകൾ സഭയിൽ കൂടുതൽ ഒറ്റപ്പെടലിന് വിധേയരാവുകയും സമ്മർദ്ദങ്ങൾക്ക് അടിപ്പെട്ടരാവുകയും ചെയ്യുന്നു. ഈ സമ്മർ

ദ്രങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നതിന്റെ തെളിവായി ഒരുമിച്ചു നിൽക്കുന്നവരെ വിഘടിപ്പിക്കാൻ ട്രാൻസ്ഫർ നൽകുന്നു, കാരണം കാണിക്കൽ നോട്ടീസ് അയയ്ക്കുന്നു; ഇത്രയും ഗൗരവമായൊരു സംഭവം കത്തോലിക്കാസഭയിൽ നടക്കുന്നത് ലോകം ചർച്ചചെയ്യണം എന്നുതന്നെയാണ് മരിയയെ പ്പോലുള്ള അന്താരാഷ്ട്ര മാധ്യമപ്രവർത്തകർ ചൂണ്ടിക്കാണിക്കുന്നത്. അതിനായി എല്ലാ വിവരങ്ങളും തങ്ങൾക്ക് അറിയണം, അത് തങ്ങളുടെ മാധ്യമത്തിൽ റിപ്പോർട്ട് ചെയ്യണം എന്നാണ് 'ന്യുയോർക്ക് ടൈംസി'ന്റെ മരിയ കുറവിലങ്ങാട് മഠത്തിലെ കന്യാസ്ത്രീകളോട് പറഞ്ഞത്.

വത്തിക്കാനിൽ സിനഡ് ആരംഭിക്കാനിരിക്കെ ഈ വിഷയം മാർ പാപ്പയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ തങ്ങളാൽ ആവുന്നത് ചെയ്യുമെന്ന് ന്യുയോർക്ക് ടൈംസ് പ്രതിനിധി കന്യാസ്ത്രീകൾക്ക് ഉറപ്പ് നൽകുന്നു. മാർപാപ്പ 'ന്യൂയോർക്ക് ടൈംസ്' ശ്രദ്ധിക്കുന്നൊരാൾ ആയതുകൊണ്ടുതന്നെ തങ്ങളുടെ ശ്രമം വിജയിക്കുമെന്നും മരിയ ചൂണ്ടിക്കാണിക്കുന്നു. ഇത്തവണത്തെ സിനഡിൽ സഭയിലെ ലൈംഗിക കുറ്റകൃത്യങ്ങളാണ് പ്രധാന ചർച്ചാ വിഷയമായി വരുന്നതെന്നും വിവരമുണ്ട്. അങ്ങനെയെങ്കിൽ, കന്യാസ്ത്രീപീഡനവും ചർച്ചയിൽ വരുമെന്നും അത് കന്യാസ്ത്രീകളുടെ ആവശ്യങ്ങളിൽ അനുകൂല പ്രതികരണം ഉണ്ടാക്കുമെന്നുമാണ് 'ന്യൂയോർക്ക് ടൈംസ്' പ്രതീക്ഷിക്കുന്നത്.

'ന്യൂയോർക്ക് ടൈംസ്' പോലുള്ള മാധ്യമങ്ങൾ വിഷയം ഏറ്റെടുക്കുകയും മാർപാപ്പയുടെ അടുക്കൽ ഇത് എത്തിക്കുമെന്ന് ഉറപ്പ് കൊടുക്കുകയും ചെയ്യുമ്പോൾ, ഇവിടുത്തെ സഭാനേതൃത്വം തങ്ങളെ തള്ളിക്കളഞ്ഞാലും, നേരിട്ടൊരു ഇടപെടൽ വത്തിക്കാനിൽ നിന്ന് ഉണ്ടാകുമെന്ന പ്രതീക്ഷ കന്യാസ്ത്രീകൾക്ക് ഉണ്ട്.

*('Church Act Council' വാട്ട്സാപ്പ് ഗ്രൂപ്പിൽ വന്ന പോസ്റ്റ്)*

*-ഫ്രാങ്കോയുടെ കന്യാസത്രീ പീഡനം സംബന്ധിച്ച് വിശദമായ ഒരു പഠനലേഖനം ഫെബ്രു. 9-ലെ, 'The New York Times'-ൽ വന്നുകഴിഞ്ഞു! Maria Abi-Habib-ഉം Suhasini Raj-ഉം ചേർന്നെഴുതിയ ലേഖനത്തിന്റെ ശീർഷകം, 'Nun's Rape Case Against Bishop Shakes A Catholic Bastion in India'. ഫെബ്രു. 9-ലെ, 'Kerala Church Action Council'വാട്ട്സാപ്പ് ഗ്രൂപ്പിൽ ലേഖനത്തിന്റെ ലിങ്ക് കൊടുത്തിട്ടുണ്ട്.*

*-എഡിറ്റർ*

# 'SOS ആക്ഷൻ കൗൺസിൽ' മുഖ്യമന്ത്രിക്ക് നല്കിയ പരാതിക്ക് ദേശീയതലത്തിൽ സാംസ്കാരികനായകരുടെ വ്യാപകപിന്തുണ!

**ബി**ഷപ്പ് ഫ്രാങ്കോ കേസിലെ കന്യാസ്ത്രീകളെ ചിതറിച്ച് കേസ് ദുർബലപ്പെടുത്താനുള്ള നീക്കം തടയണമെന്നാവശ്യപ്പെട്ട് 'SOSആക്ഷൻ കൗൺസിൽ' മുഖ്യമന്ത്രിക്കു നല്കിയ പരാതിക്ക് ദേശീയതലത്തിലുള്ള സാംസ്കാരികനായകരുടെ വ്യാപകപിന്തുണ. കവി സച്ചിദാനന്ദൻ, നോവലിസ്റ്റ് ആനന്ദ്, ഉമാ ചക്രവർത്തി, ജെ.ദേവിക, മനീഷാ സേഥി, കവിതാ കൃഷ്ണൻ, എം ഗീതാനന്ദൻ, പ്രശസ്ത പത്രപ്രവർത്തകരായ പമീല ഫിലിപ്പോസ്, റോസമ്മ തോമസ് തുടങ്ങി രാജ്യത്തിന്റെ വിവിധ കേന്ദ്രങ്ങളിൽനിന്ന് ഇതേ ആവശ്യമുയർത്തുന്നവരുടെ എണ്ണം അനുദിനം വർദ്ധിക്കുകയാണ്. പന്ത്രണ്ടോളം വിവിധ സ്ത്രീവിമോചന സംഘടനകളും, മറ്റു സാമൂഹികക്ഷേമ സംഘടനകളും, മനുഷ്യാവകാശ സംഘടനകളും ഈ നിവേദനത്തിന് പിന്തുണയർപ്പിച്ച് രംഗത്തെത്തിക്കഴിഞ്ഞു. 'SOS ആക്ഷൻ കൗൺസിലി'ന്റെ കോട്ടയം ഐക്യദാർഢ്യ സമിതിയാണ് പെറ്റീഷൻ തയ്യാറാക്കിയത്.

കേസിനെ ദുർബലപ്പെടുത്താനും കേരളസമൂഹത്തോടു സംവദിക്കാനുള്ള അവരുടെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കാനുമുള്ള ബോധപൂർവമായ ശ്രമമാണ് കോൺഗ്രിഗേഷൻ അധികാരികളിൽ നിന്നുണ്ടായത്.

നോട്ടീസ് നല്കിയ സിസ്റ്റർ റജീന ബിഷപ്പ് ഫ്രാങ്കോയ്ക്കു വേണ്ടി സ്വമേധയാ രംഗത്തുവന്ന് പോലീസധികാരികൾക്ക് മൊഴി നല്കുകയും പരസ്യമായി ടി.വി.യിലും അച്ചടിമാധ്യമങ്ങളിലും ബിഷപ്പ് ഫ്രാങ്കോയോടുള്ള ആഭിമുഖ്യം പ്രകടിപ്പിക്കുകയും ചെയ്തതാണ്. സിസ്റ്റർ നീനാ റോസിനോടുള്ള പ്രതികാര നടപടിയുടെ ഭാഗമായി അവർക്ക് പരീക്ഷ എഴുതാൻ അനുവാദം നല്കാതെ തടഞ്ഞുവയ്ക്കുകയും, ഹാൾ ടിക്കറ്റ് പിടിച്ചെടുക്കുകയും ചെയ്തു. സിസ്റ്റർ അനുപമയെ ഭീഷണിപ്പെടുത്തി കത്തെഴുതി വാങ്ങാൻ ഒത്താശ നല്കിയതും സിസ്റ്റർ റെജീനയാണ്.

ഇപ്പോഴത്തെ സ്ഥലംമാറ്റവും മറ്റു പ്രതികാരനടപടികളും ബിഷപ്പ് ഫ്രാങ്കോയുടെ നിർദ്ദേശപ്രകാരം സിസ്റ്റർ റെജീന നടപ്പിൽ വരുത്തുന്നതാണ് എന്നു വ്യക്തമാണ്. കന്യാസ്ത്രീകൾ സർക്കാരിന്റെയും സമൂഹത്തിന്റെയും സംരക്ഷണവലയത്തിൽനിന്ന് പുറത്തെത്തുകയും ബിഷപ്പ് ഫ്രാങ്കോയുടെ സ്വാധീനമേഖലയുടെ ഉള്ളിലാവുകയും ചെയ്യുക എന്നതാണ് ഇതിനുപിന്നിലെ തന്ത്രം.

അതിനാൽത്തന്നെ ഇപ്പോൾ സർക്കാർസംരക്ഷണം ഏർപ്പെടുത്തിയിട്ടുള്ള കുറവിലങ്ങാട്ടെ മഠത്തിൽനിന്ന് ഒരു കാരണവശാലും കേസിന്റെ വിചാരണ തീരുംവരെ മാറ്റംവരുത്താൻ സർക്കാർ സമ്മതിക്കരുതെന്ന് പെറ്റീഷൻ ആവശ്യപ്പെടുന്നു. സർക്കാരിന്റെ അടിയന്തിര ഇടപെടൽ ആവശ്യപ്പെട്ടാണ് പെറ്റീഷൻ നല്കിയത്. ●

# എല്ലാ സത്യവും പുറത്തുവരണം

**സിസ്റ്റർ നീനാ റോസ്**



സത്യം പറഞ്ഞാൽ ഞാൻ പഞ്ചാബ് കാണാൻ പോയതാണ്; സിസ്റ്റർ ആവണമെന്ന് ഉദ്ദേശിച്ചു പോയതല്ല. തിരിച്ചുപോരാമെന്ന രീതിയിലാണ് പോയത്. പക്ഷേ, അവിടെ ചെന്നപ്പോൾ അവിടത്തെ പ്രവർത്തനങ്ങളും കാര്യങ്ങളും സിസ്റ്റേഴ്സിന്റെ പ്രാർത്ഥനയും ഒക്കെ കണ്ടപ്പോൾ ഒരു വർഷംകൂടെ നിന്നേക്കാമെന്ന് തോന്നി. ആ സമയത്താണ് പീഡനത്തിനിരയായ സിസ്റ്ററെ കാണുന്നത്. മറ്റുള്ളവരോടുള്ള സിസ്റ്ററിന്റെ പെരുമാറ്റവും ഇടപെടലും കണ്ടപ്പോൾ അവരെപ്പോലെ ഒരു നല്ല സിസ്റ്ററാകണമെന്ന് തോന്നി. ആ പ്രേരണയിലാണ് സിസ്റ്ററാകാൻ തീരുമാനിച്ചത്.

ഇപ്പോഴെനിക്ക് മുപ്പതു വയസ്സായി. ആദ്യമായി പഞ്ചാബിൽ പോകുമ്പോൾ പത്താം ക്ലാസ് കഴിഞ്ഞതേ ഉണ്ടായിരുന്നുള്ളു. അതായത് പതിനഞ്ച് വയസ്സ്. അവിടെനിന്ന് തിരിച്ചുവന്നതു മുതൽ സിസ്റ്ററായിരുന്നു ഞങ്ങളുടെ മിസ്ട്രസ്. അവരായിരുന്നു ഞങ്ങളെ നോക്കിയതെല്ലാം. സിസ്റ്ററെ കണ്ടാണ് പലതും പഠിച്ചത്.

സിസ്റ്ററിനെ എനിക്ക് നന്നായി അറിയാം. 2014 മുതൽ അവരോടൊപ്പം ഞാനുമുണ്ട്. അവർ പറയുന്ന കാര്യത്തിൽ സത്യമുണ്ടെന്ന് അറിയാവുന്നതിനാലാണ് സമരത്തിൽ ഒപ്പം നിന്നത്. ഞങ്ങൾക്ക് ധൈര്യമുണ്ടായതുകൊണ്ട് പോയതല്ല. പ്രായമുള്ള ജോസ് ജോസഫ് സാറ് അവിടെ നിരാഹാരം കിടന്നിരുന്നുവല്ലോ. സാറിനെ കണ്ട് അഭിനന്ദനങ്ങളും നന്ദിയും പറയാം എന്നുവച്ച് പോയതാണ്. അവിടെ ചെന്നപ്പോൾ ഞങ്ങൾക്കു വേണ്ടി ഒത്തിരി ആളുകൾ ആത്മാർത്ഥമായി പണിയെടുക്കുന്നു. അതൊക്കെ കണ്ടപ്പോൾ ആ സമരത്തിൽ ഞങ്ങളും പങ്കുചേരണമെന്നു തോന്നി. അങ്ങനെയാണ് സമരപ്പന്തലിൽ പോകാൻ തുടങ്ങിയത്.

ഇതുപോലുള്ള കാര്യങ്ങൾ ആരും പറയാറില്ല. സിസ്റ്ററിനെപ്പോലുള്ള ഒരാൾ ഇത് തുറന്നു പറഞ്ഞതിലും അതുവഴി പ്രശ്നം പുറത്തു കൊണ്ടുവരാൻ കഴിഞ്ഞതിലും സന്തോഷമുണ്ട്. ഇതുപോലുള്ള ധാരാളം മെത്രാന്മാരും അച്ചന്മാരുമൊക്കെ സഭയിൽ ഇനിയുമുണ്ട്. ആരും പുറത്തുപറയുന്നില്ലെന്നേയുള്ളു. കന്യാസ്ത്രീ മഠങ്ങളിൽ ഒരുപാട് കണ്ണീർ വീഴുന്നുണ്ട്. ഇതുപോലുള്ളവർ ഇനിയും പിടിക്കപ്പെടണം. ആരും തുറന്നുപറയാതിരിക്കരുത്. എല്ലാം പുറത്തു വരണമെന്നാണ് ആഗ്രഹം.

*('ചർച്ച് ആക്ട് ആക്ഷൻ കൗൺസി'ലിനു നൽകിയ പ്രസ്താവന)*

---

# ഭാരതത്തിലെ ബിഷപ്പുമാർക്ക് KCRM-NA പരാതി നല്കി

വടക്കേ അമേരിക്കയിലെ കേരള കത്തോലിക്കരുടെ സഭാനവീകരണ സംഘടനയായ 'KCRM-നോർത്ത് അമേരിക്ക' ഭാരത കത്തോലിക്കാബിഷപ്പുമാർക്ക് പരാതി നൽകി. ബിഷപ്പ് ഫ്രാങ്കോയ്ക്കെതിരെ നടത്തപ്പെട്ട പ്രക്ഷോഭണത്തിൽ പങ്കെടുത്തതിന്റെ പേരിൽ ഫാ. അഗസറ്റിൻ വട്ടോളിക്കും സി. ലൂസി കളപ്പുരയ്ക്കുമെതിരെ വിശദീകരണമാവശ്യപ്പെട്ടതിലും, ബിഷപ്പു ഫ്രാങ്കോയ്ക്കെതിരായി നിലപാടെടുക്കുകയും ഇരയായ കന്യാസ്ത്രീയോടൊപ്പം നിൽക്കുകയും ചെയ്ത കുറവിലങ്ങാട് മഠത്തിലെ കന്യാസ്ത്രീകളെ ചിതറിക്കാൻ സഭാധികാരികൾ സ്ഥലംമാറ്റ ഉത്തരവു നല്കിയതിലും, ഇരയോടൊപ്പം നില്ക്കാതെ വേട്ടക്കാരനുവേണ്ടി കേരളത്തിലെ ബിഷപ്പുമാർ നിലപാടെടുക്കുന്നതിലുമുള്ള വിയോജിപ്പു പ്രകടിപ്പിച്ചുകൊണ്ടാണ് 'KCRM-NA' ഭാരതത്തിലെ ബിഷപ്പുമാർക്ക് പരാതി നല്കിയത്. ●



# ഇന്ത്യയിൽ ക്രൈസ്തവപീഡനമോ?

മേരിക്കുട്ടി മണ്ടളം, എരുമേലി

**2018** ഡിസംബർ മാസത്തിലെ 'ദർശകൻ' എന്ന കാഞ്ഞിരപ്പള്ളി രൂപതയിൽനിന്നുള്ള ഒരു മാസികയിൽ, 'മതപീഡനത്തിന്റെ കാണാപ്പുറങ്ങൾ' എന്ന പേരിൽ ബിബിൻ മഠത്തിൽ എന്ന വൈദികൻ എഴുതിയ ഒരു ലേഖനം വായിക്കാൻ ഇടയായി. ഇന്ത്യയിൽ ക്രൈസ്തവപീഡനം നടക്കുന്നുവെന്നു വരുത്തിത്തീർക്കുകയാണ് ആ ലേഖനത്തിന്റെ ലക്ഷ്യം. യഥാർത്ഥത്തിൽ മതപീഡനം നടക്കുന്ന ഒരു രാജ്യമാണ് ഇന്ത്യയെങ്കിൽ, സത്യത്തിന്റെ നേരെ കണ്ണടച്ച് മതസ്പർദ്ധത വളർത്തുന്ന രീതിയിൽ ഇങ്ങനെ ഒരു ലേഖനം എഴുതിയതിന് അച്ചൻ ജയിലിൽ ആകുമായിരുന്നു. ഇന്ത്യയിൽ മതപീഡനം നടക്കുന്നു എന്നു പറയുന്ന ഫാദർ ബിബിനോട് എനിക്കു പറയാനുള്ളത് ഈയിടെ സുപ്രീം കോടതിയിൽ നിന്നു വിരമിച്ച ജസ്റ്റീസ് കുര്യൻ ജോസഫിനോട് ദേശീയ ന്യൂനപക്ഷ കമ്മീഷൻ പറഞ്ഞ മറുപടി തന്നെയാണ്. "ഇന്ത്യയെക്കാൾ ന്യൂനപക്ഷങ്ങൾ സുരക്ഷിതരായിരിക്കുന്ന മറ്റേതെങ്കിലും രാജ്യം ജസ്റ്റീസ് കുര്യന് ചൂണ്ടിക്കാണിക്കാമോ" എന്നാണ് അദ്ദേഹം ചോദിച്ചത്. ന്യൂനപക്ഷത്തിന് പ്രത്യേക സംവരണം നല്കി അവരെ വളർത്തിക്കൊണ്ടുവരുന്ന മറ്റേതു രാഷ്ട്രമാണ് ലോകത്തിലുള്ളത്. ഇന്ത്യയിൽ മതപീഡനം ഉണ്ടായിരുന്നുവെങ്കിൽ, ജനാധിപത്യരാജ്യം അല്ലായിരുന്നുവെങ്കിൽ, സ്വാതന്ത്ര്യത്തിന്റെ സുഖം എന്തെന്ന് ഇവിടുത്തെ ക്രിസ്ത്യാനികൾ അറിയുമായിരുന്നോ? ഭൂരിപക്ഷക്കാരായ സമുദായം അനുഭവിക്കുന്ന എല്ലാ സ്വാതന്ത്ര്യവും അതിൽക്കൂടുതലും ക്രിസ്ത്യാനികൾ അനുഭവിക്കുന്നില്ലേ?

ഡമോക്രസിയുടെ അടിസ്ഥാനശില പ്രായപൂർത്തി വോട്ടവകാശമാണ്. ജനപ്രതിനിധികളെ തിരഞ്ഞെടുക്കാനും ജനപ്രതിനിധികളായി ജനങ്ങളെ ഭരിക്കാനുമുള്ള സ്വാതന്ത്ര്യം ഇന്ത്യയിലെ ക്രൈസ്തവർക്ക് ഇല്ലേ? കേന്ദ്രത്തിലായാലും കേരളത്തിലായാലും മന്ത്രിസഭയിൽ ക്രിസ്ത്യാനികളും അംഗങ്ങൾ അല്ലേ? അതുപോലെതന്നെ, തിരഞ്ഞെടുത്തുവിട്ട ഗവൺമെന്റിനെ താഴെ ഇറക്കാനും കേവലം അഞ്ചു ശതമാനം മാത്രമുള്ള ന്യൂനപക്ഷത്തിന് സാധിക്കുന്നുണ്ടല്ലോ. തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലേറിയ ഒരു ഗവൺമെന്റിനെ വിമോചനസമരം എന്നപേരിൽ സമരം ചെയ്ത് താഴെയിറക്കാൻ സാധിച്ചില്ലേ?

വോട്ടവകാശംപോലെതന്നെ പ്രാധാന്യമുള്ളതാണ് അഭിപ്രായസ്വാതന്ത്ര്യം. ആ സ്വാതന്ത്ര്യവും ക്രിസ്ത്യാനിക്ക് ഉണ്ടല്ലോ. ഭരിക്കുന്ന ഗവൺമെന്റിനെയും അതിലുൾപ്പെട്ട മന്ത്രിമാരെയും നേതാക്കൻമാരെയും വിമർശിച്ചുകൊണ്ടുള്ള ഉഗ്രൻ പ്രസംഗങ്ങൾ ന്യൂനപക്ഷങ്ങൾ നടത്തുന്നുണ്ടല്ലോ. ഉള്ളതും ഇല്ലാത്തതുമായ ആരോപണങ്ങൾ ഉന്നയിച്ച് അവരെ പരിഹസിക്കുന്നില്ലേ? സ്വന്തമായി പത്രങ്ങളും പ്രസിദ്ധീകരണങ്ങളും നടത്തി തങ്ങൾക്കിഷ്ടപ്പെടാത്ത എന്തിനെയും വിമർശിക്കുന്നില്ലേ? പ്രധാനമന്ത്രിയെപ്പോലും വിമർശിക്കാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ടല്ലോ. ആ സ്വാതന്ത്ര്യം ഉള്ളതുകൊണ്ടാണല്ലോ ഫാദർ ബിബിന് ഇങ്ങനെ ഒരു ലേഖനം എഴുതാൻ ധൈര്യം ഉണ്ടായത്.

**കോടികൾ ചെലവഴിച്ച് മുട്ടിനുമുട്ടിനു പള്ളികൾ പണിയാനും, കുരിശുപള്ളികൾ പണിയാനും, അതിനകത്ത് പ്രസംഗപീഠത്തിൽ കയറിനിന്ന് കത്തോലിക്കാസഭയ്ക്കു പുറമേ രക്ഷയില്ല എന്നു പ്രസംഗിക്കാനും സ്വാതന്ത്ര്യമുണ്ടല്ലോ.**

ഇതേ സ്വാതന്ത്ര്യം കത്തോലിക്കാസഭയ്ക്കുള്ളിൽ ക്രിസ്ത്യാനികൾക്കുണ്ടോ? ബിഷപ്പിനെ വിമർശിക്കാനോ കുറ്റപ്പെടുത്താനോ ഉള്ള സ്വാതന്ത്ര്യം ഒരു വൈദികനോ വിശ്വാസിക്കോ ഉണ്ടോ? വൈദികരെ വിമർശിക്കാനുള്ള സ്വാതന്ത്ര്യം വിശ്വാസിക്കുണ്ടോ? ആധികാരിക സഭയ്ക്കെതിരായി ചിന്തിക്കാനോ എഴുതാനോ പ്രസംഗിക്കാനോ ഉള്ള സ്വാതന്ത്ര്യം വിശ്വാസിക്കുണ്ടോ? അങ്ങനെ ആരെങ്കിലും ചെയ്താൽ അവരുടെ സ്ഥാനം തെമ്മാടിക്കുഴിയിൽ അല്ലേ? എം. പി. പോൾ, മുണ്ടശ്ശേരി, പൊൻകുന്നം വർക്കി, ജോസഫ് പുലിക്കുന്നേൽ ഇവരുടെയൊക്കെ അനുഭവം അറിയാമല്ലോ. എന്തായാലും സഭയിലുള്ളതിനേക്കാൾ സ്വാതന്ത്ര്യം ഇന്ത്യയിൽ ക്രിസ്ത്യാനിക്കുണ്ട്. ഭരിക്കുന്ന ഗവൺമെന്റിൽനിന്നോ ഭൂരിപക്ഷ മതവിഭാഗത്തിൽനിന്നോ യാതൊരു പീഡനവും ഇന്ത്യയിലെ ക്രിസ്ത്യാനിക്ക് ഉണ്ടായിട്ടില്ല.

ക്രിസ്ത്യാനികൾക്ക് ഏറ്റവും പ്രധാനപ്പെട്ടതാണല്ലോ ആരാധനാസ്വാതന്ത്ര്യം. ക്രിസ്ത്യാനികൾ പീഡനം അനുഭവിക്കുന്നുവെന്നു പറയുന്ന ഫാദർ ബിബിൻതന്നെ ഇന്ത്യയിൽ നാനാഭാഗത്തുമുള്ള പള്ളികളിൽ പോയി കുർബാന ചൊല്ലുന്നില്ലേ? കന്യാകുമാരിമുതൽ കാഷ്മീർവരെയുള്ള എല്ലാ സ്ഥലങ്ങളിലും പള്ളികളും സന്ന്യാസാശ്രമങ്ങളും സ്ഥാപിച്ച് അവരവരുടെ ആചാരപ്രകാരമുള്ള ആരാധനക്രമങ്ങൾ അനുഷ്ഠിക്കുന്നില്ലേ? കേരളത്തിലെ കാര്യംതന്നെ എടുക്കാം. കോടികൾ ചെലവഴിച്ച് മുട്ടിനുമുട്ടിനു പള്ളികൾ പണിയാനും, കുരിശുപള്ളികൾ പണിയാനും, അതിനകത്ത് പ്രസംഗപീഠത്തിൽ കയറിനിന്ന് കത്തോലിക്കാസഭയ്ക്കു പുറമേ രക്ഷയില്ല എന്നു പ്രസംഗിക്കാനും സ്വാതന്ത്ര്യമുണ്ടല്ലോ. മനുഷ്യരുടെ സഞ്ചാരസ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ട് പുണ്യവാൻമാരുടെയും പുണ്യവതികളുടെയും വിഗ്രഹങ്ങൾ വഹിച്ച് പ്രദക്ഷിണം നടത്തുന്നില്ലേ? ഏതെങ്കിലും ഒരു ക്രൈസ്തവരാജ്യത്തിലെ ഇതരമത

സ്ഥർക്ക് ഈ സ്വാതന്ത്ര്യം ഉണ്ടോ? സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിൽ അനേകം പുതിയ രൂപതകൾ ഉണ്ടായി; അവിടെയെല്ലാം മെത്രാന്മാരെ വാഴിക്കുന്നു. ഭരിക്കുന്ന ഗവൺമെന്റിലും രാഷ്ട്രീയക്കാരിലും സ്വാധീനംചെലുത്തി അവർ കാര്യങ്ങൾ സാധിച്ചെടുക്കുന്നില്ലേ? ഭരണാധികാരികളെല്ലാംതന്നെ സഭാധികാരികൾക്കെല്ലാം അർഹിക്കുന്നതിലധികം ആദരവും ബഹുമാനവും നല്കുന്നു.

ഇന്ത്യയുടെ ഏതു ഭാഗത്തും കന്യാസ്ത്രീകൾ എത്തിച്ചേരും, അവിടെയെല്ലാം മഠങ്ങൾ സ്ഥാപിക്കും; മഠങ്ങളോടനുബന്ധിച്ച് സ്കൂളുകൾ സ്ഥാപിക്കും. കുട്ടികൾ പഠിക്കണമെങ്കിൽ നല്ല ഒരു തുക ഫീസായി നൽകണം. ഇന്ത്യയിൽ എവിടെയും സ്കൂളുകളും കോളേജുകളും ആശുപത്രികളും സ്ഥാപിക്കാനും പ്രവർത്തിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം ക്രിസ്ത്യാനികൾക്കുണ്ട്. നൂറ്റാണ്ടുകൾക്കു മുൻപ് ക്രിസ്ത്യൻ മിഷ്യനറിമാർ ഇവിടെ വന്ന് പള്ളിയോടനുബന്ധിച്ച് സ്കൂൾ നടത്തി ജനങ്ങൾക്ക് അക്ഷരാഭ്യാസം നൽകി. പള്ളിയോടനുബന്ധിച്ച് നടത്തിയ ആ വിദ്യാലയങ്ങൾ പള്ളിക്കൂടങ്ങളായി. സാക്ഷരരായി കേരളജനതയെ വാർത്തെടുക്കാൻ ആ പള്ളിക്കൂടങ്ങളാണ് സഹായിച്ചത്.

ഇന്നും ഇവിടെ സ്കൂളും കോളേജും ഹോസ്പിറ്റലും നാം നടത്തുന്നുണ്ട്. അവയെല്ലാം സേവനപാതയിൽനിന്നു വഴിമാറി സ്വകാര്യ മാനേജ്മെന്റുകളായിത്തീർന്നു. കേരളത്തിൽ എല്ലാ സമുദായക്കാരും സ്കൂളും കോളേജും ഹോസ്പിറ്റലും നടത്തുന്നുണ്ട്. അതെല്ലാം അവരുടെ സമുദായത്തിന്റെ സ്കൂളായി അറിയപ്പെടുന്നു. സ്കൂളുകളുടെയും കോളേജുകളുടെയും നടത്തിപ്പിനുവേണ്ടി ഗവൺമെന്റ് ഗ്രാന്റ് നൽകുന്നു. സ്റ്റാഫിനു മുഴുവൻ ശമ്പളം നൽകുന്നതും ഗവൺമെന്റ്. എന്നാൽ, സംഭാവനവാങ്ങി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകാനും കോഴവാങ്ങി സ്റ്റാഫിനെ നിയമിക്കാനുമുള്ള അധികാരം മാനേജ്മെന്റിനും! ഈ വ്യവസ്ഥയിൽ സ്കൂളും കോളേജുമൊക്കെ നടത്താനുള്ള അവകാശം ലോകത്തിൽ എവിടെയെങ്കിലുമുണ്ടോ ? എന്നിട്ടും ഇന്ത്യയിൽ

**ഇന്ത്യ ഒരു മതേതരരാജ്യമാണ്. മതേതരത്വം സൂക്ഷിക്കേണ്ടത് ഭരണഘടനയോ ഗവൺമെന്റോ അല്ല, മതങ്ങളാണ്. പ്രത്യേകിച്ച് "വലതു കരണത്തടിച്ചാൽ ഇടതു കരണംകൂടി കാണിച്ചുകൊടുക്കാൻ" ആവശ്യപ്പെട്ട യേശുദേവന്റെ അനുയായികളാണ്.**

ക്രൈസ്തവ പീഡനംപോലും!

ജനാധിപത്യവ്യവസ്ഥയിൽ സ്വകാര്യ സ്വത്തുസമ്പാദനം പ്രധാനമാണല്ലോ? ഇന്ത്യയിൽ എവിടെയും സ്വത്തു സമ്പാദിക്കാനും കൈവശം വെക്കാനുമുള്ള സ്വാതന്ത്ര്യം ക്രിസ്ത്യാനിക്കില്ലേ? കേരളത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഭൂസ്വത്തുക്കളിൽ നല്ലൊരു ശതമാനവും ക്രിസ്ത്യാനികൾ കൈവശം വെച്ച് അനുഭവിക്കുന്നു. ഹൈറേഞ്ചിൽ ഭൂരിഭാഗം കർഷകരും ക്രിസ്ത്യാനികളാണ്. ക്രിസ്തുമതം ഇവിടെ സ്ഥാപിച്ചതിനുശേഷം ഇവിടെ യാതൊരുവിധ പീഡനവും ഉണ്ടായിട്ടില്ലെന്ന് ചരിത്രം തെളിയിക്കുന്നു.

ഭൂരിപക്ഷക്കാരായ ഹിന്ദുക്കളും കേവല ന്യൂനപക്ഷക്കാരായ ക്രിസ്ത്യാനികളും പരസ്പരബഹുമാനത്തോടും സമഭാവനയോടുംകൂടിയാണ് എക്കാലവും ഇവിടെ കഴിഞ്ഞിരുന്നത്. ബ്രാഹ്മണമേധാവിത്വം കൊടികുത്തി വാണിരുന്ന കാലത്ത് താഴ്ന്ന ജാതിക്കാർക്ക് അയിത്തം കല്പിച്ചിരുന്നു. ആ കാലഘട്ടത്തിൽ, അതായത് 'തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും', 'ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളവരും' ഉണ്ടായിരുന്ന ആ കാലഘട്ടത്തിൽപ്പോലും ക്രിസ്ത്യാനികൾ ആദരിക്കപ്പെട്ടിരുന്നു. ക്രിസ്ത്യാനി തൊട്ടാൽ താഴ്ന്ന ജാതിക്കാരിൽ നിന്നുണ്ടായ അശുദ്ധി ഇല്ലാതാകും എന്നായിരുന്നു മേൽജാതിക്കാരുടെ വിശ്വാസം. ഇന്ത്യക്കാരായ നമ്മൾ ക്രിസ്ത്യാനികളായിത്തീരാൻ കാരണക്കാരനായ തോമാശ്ലീഹായ്ക്ക് ഇന്ത്യയിൽ പ്രവേശിക്കാനും ക്രിസ്തുമതം ഈ മണ്ണിൽ വേരോടിക്കാനും സാധിച്ചത് ഭാരതത്തിന്റെ പാരമ്പര്യമായ ആതിഥ്യമര്യാദയും ഇവിടുത്തെ നാട്ടുരാജാക്കന്മാരുടെ നല്ല മനസ്സും കൊണ്ടാണെന്നുള്ള വസ്തുത ഫാദർ ബിബിനും ബിബിനെപ്പോലെയുള്ളവരും മനസ്സിലാക്കണം. വാസ്കോ ഡി ഗാമ തുടങ്ങിയവർക്കും ഇന്ത്യയിൽ പ്രവേശനം ലഭിച്ചതും ഇതേ കാരണം കൊണ്ടുതന്നെയാണ്. ആ നല്ല മനസ്സിനു തിരിച്ചടി വേണ്ടു വോളം കിട്ടിയെന്നുള്ളതും സത്യമാണ്.

ഇന്ത്യയിലെ ക്രൈസ്തവ പീഡനത്തിനുദാഹരണമായി ഫാദർ ബിബിൻ ചൂണ്ടിക്കാണിച്ചിരിക്കുന്നത് ഒറീസായിൽ മിഷൻപ്രവർത്തനം നടത്തിയിരുന്ന ഗ്രഹാം സ്റ്റെയിൻസിനെയും മക്കളെയും ചുട്ടെരിച്ചതും സിസ്റ്റർ റാണി മരിയയെ കൊന്നതുമായ സംഭവങ്ങളാണ്. ഇവർ രണ്ടുപേരും കൊല്ലപ്പെട്ടത് ക്രൈസ്തവ പീഡനം കൊണ്ടാണോ? ഭരിക്കുന്ന ഗവൺമെന്റിന്റെയോ ഭരണസംവിധാനത്തിന്റെയോ പിന്തുണയോടുകൂടിയാണ് ഈ കൊലപാതകങ്ങളെന്നതിനു തെളിവുകൾ എന്തെങ്കിലുമുണ്ടോ? ഗ്രഹാം സ്റ്റെയിനേയും റാണി മരിയയേയും കൊന്നവർക്കെല്ലാം ഇൻഡ്യൻ പീനൽ കോഡനുസരിച്ച് ശിക്ഷ കിട്ടിയില്ലേ? റാണി മരിയയുടെ കൊലയാളി കേരളത്തിൽ വന്ന് സിസ്റ്ററിന്റെ മാതാപിതാക്കളോട് മാപ്പു ചോദിച്ചില്ലേ? എന്നിട്ടും ഈ കൊലപാതകങ്ങൾ മതപീഡനം കൊണ്ടാണെന്നു വരുത്തിത്തീർക്കാൻ ശ്രമിച്ച അച്ചന്റെ കുബുദ്ധി അപാരമെന്ന് സമ്മതിക്കാതെ വയ്യ. ജനാധിപത്യരാജ്യമായ ഇൻഡ്യയിൽ ഒരു ഭരണഘടന ഉണ്ട്. അതനുസരിച്ച് എല്ലാ മതത്തിനും തുല്യനീതിയുമുണ്ട്. പാലായിൽ സിസ്റ്റർ അമലയെ കൊന്നവനു ജീവപര്യന്തം ശിക്ഷ കിട്ടിയില്ലേ? വൈദികരിൽ മൂന്നോ നാലോ പേർ ജയിലിൽ കിടപ്പുണ്ട് എന്നാണെന്റെ അറിവ്. ക്രൈസ്തവ പീഡനത്തിന്റെ പേരിൽ ഒരു വൈദികനോ കന്യാസ്ത്രീയോ ജയിലിൽ കിടപ്പുണ്ടോ? വിവിധ മതസ്ഥർ ഒന്നിച്ചു താമസിക്കുന്ന സ്ഥലത്ത് വ്യക്തിവൈരാഗ്യംകൊണ്ടും മറ്റു പല കാരണങ്ങൾ കൊണ്ടും പരസ്പരം കൊലചെയ്തെന്നിരിക്കും. കൊല്ലാനും ചാകാനും ക്രിസ്ത്യാനികളും കാണും. ഇതെല്ലാം ക്രൈസ്തവ പീഡനംകൊണ്ടാണെന്ന് എണ്ണിയാലോ?

മദർ തെരേസ പാവങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചില്ല എന്നും പാവങ്ങളെ സ്വന്തം ഉന്നമനത്തിനായി

ഉപയോഗിക്കുകയാണു ചെയ്തതെന്നും വിമർശിച്ചത് വിദേശീയരായ എഴുത്തുകാരാണെന്ന് ഫാദർ ബിബിൻതന്നെ പറയുന്നുണ്ട്. ഇങ്ങനെ ഒരു ചിന്ത ഇന്ത്യാക്കാരിൽ ഉണ്ടായിരുന്നോ ? വിദേശീയരായ എഴുത്തുകാരുടെ വാക്കുകൾ ഇന്ത്യയിൽ ആരോ ഏറ്റു പിടിച്ചു എന്നല്ലാതെ ഇന്നും മദർ തെരേസ ഇന്ത്യക്കാരുടെ മനസ്സിൽ പാവങ്ങളുടെ അമ്മയായി നിറഞ്ഞു നിൽക്കുന്നു.

ഫാദർ ബിബിൻ ക്രൈസ്തവ പീഡനത്തിനു തെളിവായി പറഞ്ഞിരിക്കുന്ന മറ്റൊരു കാര്യം നോക്കുക. ക്രിസ്ത്യൻ മാനേജ്മെന്റു നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, സോഷ്യൽ സർവ്വീസ് സെന്ററുകൾ, അനാഥാശ്രമങ്ങൾ ഇവ വർഷങ്ങളായി ഒട്ടുവളരെ പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു എന്നുള്ളതാണത്. ഒന്നു ചോദിക്കട്ടെ, ഇന്ത്യയിൽ, വിശേഷിച്ചു കേരളത്തിൽ എൻ. എസ്. എസ്., എസ്. എൻ. ഡി. പി., മുസ്ലീം സംഘടനകൾ തുടങ്ങിയവയെല്ലാംതന്നെ മേൽപറഞ്ഞ തരത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്നില്ലേ? ഇവർക്കാർക്കും ബാധകമല്ലാത്ത എന്തു നിയമങ്ങളാണ് ക്രിസ്ത്യാനികൾക്കുമാത്രം ബാധകമാക്കിയിരിക്കുന്നത്? ഗവൺമെന്റിന് ഒരു അധികാരവും വേണ്ട എന്ന് ശഠിക്കുന്നത് എന്ത് ന്യായം? ഗവൺമെന്റ് നിയന്ത്രണമില്ലായിരുന്നെങ്കിൽ ഈ സ്ഥാപനങ്ങളൊക്കെ അഴിമതിയുടെ കൂത്തരങ്ങാകുമായിരുന്നു. വരുമാനത്തിന്റെ നല്ലൊരു പങ്ക് വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്ന ഗവൺമെന്റ് പൊതുനന്മയെക്കരുതി കൊണ്ടുവരുന്ന നിയമങ്ങളൊക്കെ ക്രൈസ്തവപീഡനം ആകുന്നതെങ്ങനെ ?

ഒരു ക്രിസ്ത്യാനി എന്ന നിലയിൽ ജീവിതം ദുസ്സഹമായിരിക്കുന്ന രീതിയിലുള്ള നിയമനിർമ്മാണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നാണ് ഫാദർ ബിബിന്റെ വിലാപം. സ്വവർഗ്ഗരതി, വിവാഹേതര ലൈംഗികബന്ധം ഇവയെ സംബന്ധിച്ച് ഈയിടെ ഉണ്ടായ സുപ്രീം കോടതിയുടെ വിധിയാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ക്രിസ്ത്യാനികളുടെ കെട്ടുറപ്പും ധാർമ്മികതയും തകർക്കുക എന്ന ഒരുദ്ദേശ്യമാണത്രെ ഇതിനുപിന്നിൽ! ഇന്ത്യൻ ക്രിസ്ത്യാനികളുടെ സ്വപ്നരാജ്യങ്ങളായ അമേരിക്കയിലും ഇംഗ്ളണ്ടിലും എന്താണു നടക്കുന്നത്? ആണും പെണ്ണും എന്നതിനു പകരം ആണും ആണും, പെണ്ണും പെണ്ണും എന്ന രീതിയിൽ എത്രയോ പേർ ജീവിക്കുന്നു! വിവാഹം കഴിക്കാതെതന്നെ കുട്ടികളെയും ജനിപ്പിച്ച് എത്രയോ ദമ്പതികൾ ജീവിക്കുന്നു! കല്യാണം കഴിച്ചു ജീവിച്ചാൽ പിന്നീട് ഡൈവോഴ്സ് ചെയ്യുമ്പോൾ പല നൂലാമാലകളും ഉണ്ടാകും, പുരുഷൻ സ്ത്രീക്ക് നല്ലൊരു തുക കൊടുക്കേണ്ടി വരും - ഡൈവോഴ്സ് ചെയ്യാൻവേണ്ടി മാത്രമാണല്ലോ അവിടെ കല്യാണം നടത്തുന്നത് - ഈ അധികച്ചെലവ് ഒഴിവാക്കാൻവേണ്ടിയാണ് വിവാഹം കഴിക്കാതെതന്നെ ദാമ്പത്യജീവിതം നയിക്കുന്നത്. അവിവാഹിതർ പരസ്പരസമ്മതത്തോടെ ലൈംഗിക ബന്ധത്തിലേർപ്പെടുന്നു. ഒരു നിയമവും അവരെ പിടിക്കുന്നില്ല. ഇൻഡ്യയിലെ ക്രിസ്ത്യാനികൾക്കുമാത്രം പ്രത്യേക പാപങ്ങൾ ദൈവം കല്പിച്ചു തന്നിട്ടുണ്ടോ ?

സുപ്രീം കോടതി വിധി പറയുമ്പോൾ, ക്രിസ്ത്യാനികൾക്ക് ബാധകമല്ല എന്നുകൂടി ചേർക്കണമായിരുന്നോ? തങ്ങളുടെ വിശ്വാസമനുസരിച്ച് സുപ്രീം കോടതി വിധിക്കണമെന്ന് ആവശ്യപ്പെടാൻ പറ്റില്ലല്ലോ.

ഇന്ത്യയിലെ മതപീഡനത്തെ വിലയിരുത്തുന്ന 'ഓപ്പൺ ഡോർസ്' എന്ന സംഘടനയുടെ വാച്ച് ലിസ്റ്റിൽ ഇന്ത്യയിലെ ക്രൈസ്തവപീഡനത്തിന്റെ നിരക്ക് അതിഭയാനകം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നതുപോലും! ഈ ധാരണ എങ്ങനെ ആ സംഘടനയ്ക്കുണ്ടായി? സംഘടനയുടെ പ്രതിനിധികൾ ഇന്ത്യയിൽ ഒരു അഞ്ച് വർഷമെങ്കിലും ജീവിച്ചു പഠിച്ചതിനുശേഷമാണോ ഇങ്ങനെ ഒരഭിപ്രായം പറഞ്ഞത്? ഇത്തരത്തിൽ സത്യമല്ലാത്ത ഒരു ധാരണ ആ സംഘടനയ്ക്ക് എങ്ങനെ ഉണ്ടായി? ഈ വ്യാജപ്രസ്താവന കേട്ട് ഇവിടുത്തെ മതമേലദ്ധ്യക്ഷന്മാരും വിദേശങ്ങളിൽ സ്ഥിരതാമസമാക്കിയിട്ടുള്ള വൈദികരും വിദേശത്തുള്ള ഇന്ത്യാക്കാരും എന്തുകൊണ്ട് മിണ്ടാതിരിക്കുന്നു? ഇന്ത്യ എന്ന ജനാധിപത്യരാജ്യത്തിനു കളങ്കമുണ്ടാക്കുന്ന ഈ പ്രസ്താവന വ്യാജമാണെന്നു സമർത്ഥിച്ചുകൊണ്ട് ഒരു ലേഖനം ഏതെങ്കിലും വിദേശപ്രസിദ്ധീകരണങ്ങളിൽ എന്തുകൊണ്ട് പ്രസിദ്ധീകരിച്ചില്ല? ഫേസ്ബുക്ക് തുടങ്ങിയ ആധുനിക മാദ്ധ്യമങ്ങളിലെങ്കിലും രണ്ടു വരി എഴുതി ഈ പ്രസ്താവനയെ നിഷേധിക്കാമായിരുന്നില്ലേ? അവരാരും അതു ചെയ്യുകയില്ല; കാരണം ഇന്ത്യയിൽ ക്രൈസ്തവപീഡനം ഉണ്ടെന്നു വരുത്തിത്തീർത്താൽ മാത്രമേ വിദേശവൈദികരുടെയും വിദേശ സഭാമേലദ്ധ്യക്ഷന്മാരുടെയും, മൊത്തം വിദേശക്രൈസ്ത

## ഒരു മറവി!

**കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച, 'അമ്മമാർ ചിന്തിക്കുമ്പോൾ സ്വർഗ്ഗം പുഞ്ചിരിക്കുന്നു' എന്ന ഇപ്പൻ സാറിന്റെ പുസ്തകനിരൂപണത്തിന് ഒരു ആമുഖക്കുറിപ്പ് എഴുതാനുദ്ദേശിച്ചിരുന്നെങ്കിലും, അവസാനം അതു വിട്ടുപോയി. അതുകൊണ്ട്, ആ പുസ്തകം ആരാണെഴുതിയെന്ന വിവരംപോലും വായനക്കാർക്കു കിട്ടിയില്ല. അതിൽ ഖേദം അറിയിക്കുന്നു.**

**ഈ പേജിൽ കാണുന്ന ലേഖനമെഴുതിയ റിട്ട. ഹൈസ്കൂൾ അദ്ധ്യാപിക മേരിക്കുട്ടി മണ്ടളം ആണ്, 'പറുദീസയിലെ കനി' എന്ന പുസ്തകം രചിച്ചിരിക്കുന്നത്. മുഖ്യമായും, പഴയനിയമ കഥകളെയും കഥാപാത്രങ്ങളെയും ക്രിസ്തീയമായ ഒരു മൂല്യബോധത്തിൽ നിന്നുകൊണ്ട് വിമർശനവിധേയമാക്കുകയും പഠിച്ച പാഠങ്ങൾക്കു വിരുദ്ധമായ കണ്ടെത്തലുകൾ അവതരിപ്പിക്കുകയും ചെയ്യുന്നു, ഈ ഗ്രന്ഥം. കൂടാതെ, ഇന്നത്തെ കരിസ്മാറ്റിക് ധ്യാനങ്ങളെയും നമ്മുടെ വിശ്വാസങ്ങളെയും പ്രാർത്ഥനകളെയുമെല്ലാം യുക്തിഭദ്രമായി വിശകലനം ചെയ്ത്, അതിലെല്ലാമുള്ള പൊള്ളത്തരങ്ങൾ തുറന്നു കാണിക്കുന്നുമുണ്ട്.**

**120 രൂപാ വിലയിട്ടിരിക്കുന്ന ഈ പുസ്തകം ലഭിക്കാനാഗ്രഹിക്കുന്നവർക്ക്, ലേഖനത്തിന്റെ അവസാനം കൊടുത്തിട്ടുള്ള ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. – എഡിറ്റർ**

# താമരശ്ശേരി രൂപതാ ബിഷപ്പിന്റെ അനധികൃത കരിങ്കൽ ക്വാറിക്കെതിരെ

## വില്ലേജ് ഓഫീസറുടെ റിപ്പോർട്ട്!

**-കാത്തലിക് ലേമെൻസ് അസ്സോസിയേഷൻ**

**താ**മരശ്ശേരി രൂപതാബിഷപ്പ് റമീജ്യസ് പോൾ ഇഞ്ചനാനി 25 വർഷക്കാലത്തോളമായി സർക്കാർ അനുമതി കൂടാതെ പുഷ്പഗിരി ലിറ്റിൽ ഫ്ളവർ പള്ളിവക സ്ഥലത്ത് അനധികൃതമായി കരിങ്കൽ ക്വാറികൾ പ്രവർത്തിപ്പിച്ച് പരിസ്ഥിതിക്കും പരിസരമലിനീകരണത്തിനും ഇടയാക്കി കോടികളുണ്ടാക്കി വരുകയായിരുന്നു. ഇത് സംബന്ധിച്ച് മേൽനടപടികൾക്കുവേണ്ടി 'കാത്തലിക് ലേമെൻസ് അസ്സോസിയേഷൻ' കോഴിക്കോട് ജില്ലാകളക്ടർക്ക് 29-09-2018-ന് നൽകിയ പരാതി കൂടരഞ്ഞി വില്ലേജ് ഓഫീസർക്ക് അന്വേഷണത്തിന് കൈമാറിയിരുന്നു. അദ്ദേഹം നടത്തിയ അന്വേഷണത്തിൽ, കരിങ്കൽ ക്വാറി പ്രവർത്തിക്കുന്നതിന് ആവശ്യമായ ലൈസൻസുകൾ സമ്പാദിക്കാതെയാണ് പുഷ്പഗിരി കരിങ്കൽക്വാറി 25 വർഷത്തോളമായി പ്രവർത്തിപ്പിച്ചുപോന്നിട്ടുള്ളത് എന്ന് കണ്ടെത്തി. ഭീമമായ അളവിൽ പാറ വെടിവച്ച് മാറ്റിയതിന് വൻതോതിൽ സ്ഫോടകവസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ടെന്നും, സ്ഫോടകവസ്തുക്കൾ കൈവശംവയ്ക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള എക്സ്പ്ലോസീവ് ലൈസൻസ് സമ്പാദിച്ചിട്ടില്ലെന്നും പാറ ഖനനം ചെയ്ത് വിൽപ്പന നടത്തിയതിൽ സർക്കാരിന് കോടികളുടെ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ടെന്നും റിപ്പോർട്ടിലുണ്ട്. ക്വാറികളുടെ പ്രവർത്തനം വ്യാപകമായ ഉരുൾപൊട്ടൽ അടക്കമുള്ള പ്രകൃതിക്ഷോഭത്തിനും പരിസരമലിനീകരണത്തിനും കാരണമാകുന്നതായി റിപ്പോർട്ടിലുണ്ട്. പാറഖനനം മൂലമുള്ള അനർത്ഥങ്ങൾമൂലം പരിസരവാസികളായ ഇരുപത്തഞ്ചോളം കുടുംബങ്ങൾ സർവ്വവും ക്വാറി മാഫിയകൾക്ക് കൈയൊഴിഞ്ഞ് പരിസരം വിട്ടുപോകേണ്ടിവന്ന വിവരവും റിപ്പോർട്ടിലുണ്ട്. ക്വാറികളിൽനിന്നുള്ള അമിത സാമ്പത്തികനേട്ടം മുന്നിൽകണ്ട് ക്വാറികൾ വികസിപ്പിക്കുന്നതിനുവേണ്ടി, അറുപത് വർഷമായി ഇവിടെ സ്ഥിതിചെയ്തു വന്നിരുന്ന പുഷ്പഗിരി ലിറ്റിൽ ഫ്ളവർ പള്ളിയും പള്ളിവക ലിറ്റിൽ ഫ്ളവർ L.P, U.P എയ്ഡഡ് സ്കൂളുകളും അംഗൻവാടിയും മാറ്റിയതായി റിപ്പോർട്ടിൽ പറയുന്നുണ്ട്. കൂടാതെ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന്റെ നൂൽനൂൽപ്പുയൂണിറ്റ് ഭരണതല സ്വാധീനം ഉപയോഗിച്ച് മാറ്റുന്നതിനുള്ള നടപടികൾ തുടരുന്നതായും റിപ്പോർട്ടിലുണ്ട്.

മൺമറഞ്ഞവർ അന്ത്യവിശ്രമം കൊള്ളുന്ന അറുപത് വർഷം പഴക്കമുള്ള പുഷ്പഗിരിപള്ളി സിമിത്തേരിയിലെ പൊതുക്കല്ലറകളും കുടുംബക്കല്ലറകളും നിയമവിരുദ്ധമായി തകർത്ത് മരണമടഞ്ഞവരുടെ തലയോട്ടി, അസ്ഥി തുടങ്ങിയ ഭൗതികാവശിഷ്ടങ്ങൾ, കാക്ക, പട്ടി, കുറുക്കൻ തുടങ്ങിയ പക്ഷിമൃഗാദികൾ കൊത്തിവലിക്കത്തക്കവിധം ഉപേക്ഷിച്ചിരിക്കുന്നതായും റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

അനധികൃതമായി കരിങ്കൽക്വാറികൾ പ്രവർത്തിപ്പിച്ച് ഖനനം നടത്തുകവഴി വൻതോതിൽ കരിങ്കൽ നീക്കംചെയ്തതിൽ സർക്കാരിന് വരുത്തിയ കോടിക്കണക്കിന് രൂപയുടെ നഷ്ടം ഈടാക്കുന്നതിനും കുറ്റകൃത്യങ്ങൾക്കെതിരെ വിവിധവകുപ്പുതല അന്വേഷണങ്ങൾ നടത്തി നടപടികൾ സ്വീകരിക്കുന്നതിനും കൂടരഞ്ഞി വില്ലേജ് ഓഫീസർ, താമരശ്ശേരി തഹസിൽദാർമുഖേന കോഴിക്കോട് ജില്ലാകളക്ടർക്ക് റിപ്പോർട്ട് നൽകിയിരിക്കുകയാണ്. ചുണ്ടത്തും പൊയിൽ പള്ളിസ്ഥലത്തെ കരിങ്കൽ ക്വാറി കുമാരനല്ലൂർ വില്ലേജിന്റെ അധികാരപരിധിയിൽ ആയതിനാൽ ആ ക്വാറിയുമായിബന്ധപ്പെട്ട് കൂടരഞ്ഞി വില്ലേജ്ഓഫീസർ അന്വേഷണം നടത്തിയിട്ടില്ല.

കാത്തലിക്ക്ലേമെൻസ് അസ്സോസിയേഷനുവേണ്ടി,

**എം.എൽ.ജോർജ്** (ജന. സെക്രട്ടറി)

---


വരുടെയും സഹതാപം പിടിച്ചുപറ്റാൻ ഇവർക്കു സാധിക്കുകയുള്ളു. അവരുടെയൊക്കെ കൈകളിൽനിന്നു സംഭാവനകൾ കിട്ടാൻ ഏറ്റവും പറ്റിയ മാർഗ്ഗം, 'ഓപ്പൺ ഡോർസ്' എന്ന സംഘടനയുടെ വ്യാജപ്രസ്താവന ശരിയെന്ന മട്ടിൽ മിണ്ടാതിരിക്കുകയാണ്!

ലോകരാഷ്ട്രങ്ങളുടെ ഇടയിൽ ഇന്ത്യയ്ക്ക് ഇങ്ങനെ ഒരു പ്രതിച്ഛായ ഉണ്ടായിട്ടുണ്ടെങ്കിൽ ആ ധാരണ തിരുത്തിയേ മതിയാകൂ. വിദേശരാജ്യങ്ങളുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്ത്യയിലെ ക്രൈസ്തവ മേലദ്ധ്യക്ഷന്മാർ, വൈദികർ, വിദേശത്തുള്ള സഭാവിശ്വാസികൾ എന്നിവർ ആ കടമ നിർവ്വഹിച്ചേ മതിയാവൂ.

ഫാദർ ബിബിനോട് ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. വിശ്വാസികളിൽ ഛിദ്രവാസന കുത്തിവെയ്ക്കുന്നതും അന്യമതസ്ഥരുടെ വികാരങ്ങളെ ഉത്തേജിപ്പിക്കുന്നതുമായ ഇത്തരം ലേഖനങ്ങളെഴുതി പള്ളിവഴി വിതരണംചെയ്യുന്ന പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധപ്പെടുത്തരുത്. അവ വിശ്വാസികളിൽ ചിന്താക്കുഴപ്പം ഉണ്ടാക്കും. മാത്രമല്ല, അവയെല്ലാം വർഗ്ഗീയത വളർത്തുകയും അനർത്ഥങ്ങൾ ഉണ്ടാക്കുകയും ചെയ്യും.

ഇന്ത്യ ഒരു മതേതരരാജ്യമാണ്. മതേതരത്വം സൂക്ഷിക്കേണ്ടത് ഭരണഘടനയോ ഗവൺമെന്റോ അല്ല, മതങ്ങളാണ്. പ്രത്യേകിച്ച് "വലതു കരണത്തടിച്ചാൽ ഇടതു കരണംകൂടി കാണിച്ചുകൊടുക്കാൻ" ആവശ്യപ്പെട്ട യേശുദേവന്റെ അനുയായികളാണ്. അതുകൊണ്ട് ഇപ്രകാരമുള്ള ലേഖനങ്ങൾ എഴുതി വിശ്വാസികളിൽ ഇനിയും വിഷം കുത്തിവയ്ക്കരുത്.

ഫോൺ: 9496113638



# കന്യാസ്ത്രീ വിപ്ളവാനന്തരം

അഡ്വ. ഇന്ദുലേഖാ ജോസഫ്

**'നീ**തിക്കുവേണ്ടി പാടുപീഡകൾ സഹിക്കുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടെതാണ്'എന്ന് ക്രിസ്തുദേവൻ പഠിപ്പിക്കുമ്പോൾ, ഇവിടെ പ്രതിഷ്ഠയെക്കാൾ വലുത് പൂജാരികളാണെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് അനീതിക്കെതിരെ ശബ്ദമുയർത്തിയ കന്യാസ്ത്രീകളെ നിശ്ശബ്ദരാക്കാൻ ശ്രമിക്കുകയാണ് സഭാനേതൃത്വം.



സഭയ്ക്കുള്ളിലെ അനീതികൾക്കും അക്രമങ്ങൾക്കുമെതിരെ അകത്തളങ്ങളിൽ നിന്നുയരുന്ന വേറിട്ട ശബ്ദങ്ങൾ കത്തോലിക്കാസഭയെ അണിയറയിലിരുന്നു നയിക്കുന്ന ദുഷ്ടശക്തികളുടെ കോട്ടകൊത്തളങ്ങളെവരെ പ്രകമ്പനംകൊള്ളിക്കാൻ തുടങ്ങിയിരിക്കുന്നു. ആ പ്രകമ്പനങ്ങളുടെ അനുരണനങ്ങളാണ് ഫാദർ വട്ടോളിയിലും സിസ്റ്റർ ലൂസിയിലും തുടങ്ങി, ഇന്ന് കുറവിലങ്ങാട്ടെ കന്യാസ്ത്രീകളുടെ സ്ഥലംമാറ്റ ഭീഷണിയിൽ വന്നുനിൽക്കുന്നത്. കാലങ്ങളായി കന്യാസ്ത്രീമഠങ്ങളുടെ അകത്തളങ്ങളിൽ കുഴിച്ചുമൂടപ്പെടുന്ന അപ്രിയ സത്യങ്ങൾ മറനീക്കി പുറത്തുവരാൻ പോകുന്നു എന്ന ഭയമാണ് ഇത്തരം നടപടികളിലേക്കു സഭാധികാരികളെ നയിക്കുന്നത്.

കന്യാസ്ത്രീമഠത്തെ ഒരു കോൺസെൻട്രേഷൻ ക്യാമ്പിനോട് നമുക്ക് ഉപമിക്കാം. ഒരു സ്ത്രീ കന്യാസ്ത്രീ ആവുന്നതോടെ, അവളുടെ സ്വതന്ത്രചിന്ത അനുസരണമെന്ന വ്രതത്തിനുവേണ്ടി പരിത്യജിക്കപ്പെടുന്നു. ഇവിടെ കർത്താവിന്റെ മണവാട്ടികൾ അനുസരിക്കേണ്ടത് കർത്താവിനെയാണെന്നും, സഭയുടെ കൊള്ളരുതായ്മകളെയല്ലെന്നുമുള്ള വസ്തുത പലപ്പോഴും വിസ്മരിക്കപ്പെടുന്നു. സ്വന്തമായ അഭിപ്രായങ്ങളൊന്നുമില്ലാത്ത, ഒരുതരം മസ്തിഷ്കമരണം സംഭവിച്ച നിർവികാരജീവിയായി ജീവിതം തുടരുവാൻ അവൾ നിർബന്ധിതയാവുന്നു. സഭയിൽ പുരോഹിതന്മാർക്ക് സാമ്പത്തികസ്വാതന്ത്ര്യം നൽകുകയും കന്യാസ്ത്രീകൾക്ക് അതു നിഷേധിക്കുകയും ചെയ്യുന്നു. ദൈനംദിന ആവശ്യങ്ങൾക്കുപോലും അധികാരികൾക്കുമുന്നിൽ കൈനീട്ടി ഇളിഭ്യരാവാൻ നിയോഗിക്കപ്പെട്ടവരാണ് കന്യാസ്ത്രീകൾ. പലപ്പോഴും പുരോഹിതരുടെ ലൈംഗികതൃഷ്ണകളെ തൃപ്തിപ്പെടുത്താനുള്ള ഉപകരണങ്ങളായി മാറാനും കന്യാസ്ത്രീകൾ വിധിക്കപ്പെടുന്നു. ഫ്രാങ്കോകേസിൽ കന്യാസ്ത്രീകളെ ക്രൂശിക്കണം എന്നു മുറവിളികൂട്ടുന്ന സഭാനേതൃത്വം ഫ്രാങ്കോയ്ക്കെതിരെ ഒരു ചെറുവിരൽപോലും അനക്കുന്നില്ല. കുറ്റാരോപിതനായ ഫ്രാങ്കോബിഷപ്പിനെ ജയിലിൽ സന്ദർശിക്കാൻ കാണിച്ച ആവേശം സഭാധികാരികൾ കന്യാസ്ത്രീകളെ സന്ദർശിക്കാൻ കാണിച്ചില്ല എന്നത് പ്രകടമായ വിവേചനമാണ്. അപ്പോൾ യഥാർത്ഥത്തിൽ സഭയുടെ ചട്ടക്കൂട് എന്ന പട്ടിക്കൂട് കന്യസ്ത്രീകളെമാത്രം പൂട്ടിയിടാനുള്ളതാണ്.

ഇത്തരം അടിച്ചമർത്തലുകൾക്കെതിരെ ഉയരുന്ന ഒറ്റപ്പെട്ട ശബ്ദങ്ങൾ മഠത്തിന്റെ നാലു ചുവരുകൾക്കുള്ളിൽ നിശ്ശബ്ദമാക്കപ്പെടുന്നു. പ്രതികരണശേഷിയുള്ള കന്യാസ്ത്രീകളെ മാനസികരോഗികൾ ആക്കുന്നു. ഒഴുക്കിനെതിരെ നീന്തി കരയണയുന്ന വിരലിലെണ്ണാവുന്ന കന്യാസ്ത്രീകൾമാത്രമാണ് ഈ ഗോർഡിയൻ കുരുക്കിൽനിന്നു രക്ഷപെട്ടിട്ടുള്ളത്.

ഇവിടെ കുറവിലങ്ങാട്ടെ കന്യാസ്ത്രീകളെ ട്രാൻസ്ഫർചെയ്യുന്നതിനു പിന്നിൽ സഭാനേതൃത്വത്തിനു വ്യക്തമായ ഹിഡൻ അജണ്ടകൾ ഉണ്ട്. ഇരയായ കന്യാസ്ത്രീയെ ഒറ്റപ്പെടുത്തുന്നതുവഴി ട്രയൽ അഭിമുഖീകരിക്കുവാൻ തയ്യാറാവുന്ന അവരെ മാനസികമായി തളർത്തുക; കേസിലെ സാക്ഷികളായ കന്യാസ്ത്രീകളെ ഒറ്റപ്പെടുത്തി മാനസികമായി തേജോവധം ചെയ്ത് ആത്മഹത്യയിലേക്കു നയിക്കുക; കന്യാസ്ത്രീകളെ അപായപ്പെടുത്തുക; ഭീഷണിവഴി കന്യാസ്ത്രീകളെ സ്വാധീനിക്കുക; കേരളത്തിലെ മാധ്യമങ്ങളുടെ

വെള്ളിവെളിച്ചത്തിൽനിന്നും പ്രബുദ്ധരായ പൊതുസമൂഹത്തിന്റെ കരുതലിൽനിന്നും കന്യാസ്ത്രീകളെ ഒളിപ്പിക്കുക. എന്നാൽ, ആട്ടിൻതോലിട്ട ഈ ചെന്നായ്ക്കളുടെ കാപട്യം മനസ്സിലാക്കിയ കുറവിലങ്ങാട്ടെ കന്യാസ്ത്രീകൾ അവിടെത്തന്നെ തുടരാനാണ് തീരുമാനിച്ചിരിക്കുന്നത്. മഠത്തിൽ തുടരുന്ന കന്യാസ്ത്രീകൾക്ക് എല്ലാവിധ പിന്തുണയും നൽകാൻ 'കേരള കത്തോലിക്കാ സഭാനവീകരണ പ്രസ്ഥാനം'പോലുള്ള അല്മായസംഘടനകൾ രംഗത്തുണ്ട്. സിസ്റ്റർ ലൂസിക്കെതിരെയുള്ള നടപടിയിൽ പ്രതിഷേധിച്ച് 'കേരള കത്തോലിക്കാ സഭാനവീകരണ പ്രസ്ഥാനം'അശോകപുരം ജനറലേറ്റിനുമുൻപിൽ പ്രാർത്ഥനാധർണ നടത്തുകയുണ്ടായി.

കുറവിലങ്ങാട്ടെ കന്യാസ്ത്രീകളെ പുറത്താക്കാമെന്ന വ്യാമോഹം മെത്രാന്മാരുടെ വനരോദനമായി കലാശിക്കുകയേയുള്ളു. കത്തോലിക്കാസഭയിലെ 90 ശതമാനം വിശ്വാസികളും കന്യാസ്ത്രീകൾക്കൊപ്പമാണ് എന്നിരിക്കെ, വിശ്വാസികളുടെ നേർച്ചകാഴ്ചകൾകൊണ്ടുണ്ടാക്കിയ കോൺവെന്റിൽ ആര് താമസിക്കണമെന്നു തീരുമാനിക്കേണ്ടത് മെത്രാന്മാരോ മദർസുപ്പീരിയർമാരോ അല്ല, വിശ്വാസിസമൂഹമാണ്.

താമസിയാതെതന്നെ ചർച്ച് ആക്ട് നടപ്പാകുന്നതോടെ, വിശ്വാസികൾ തിരഞ്ഞെടുത്ത സമിതികൾ പള്ളിയുടെ സ്വത്തുഭരിക്കും. കണക്കില്ലാത്ത സ്വത്തിനു കണക്കുണ്ടാവും. മെത്രാൻവാഴ്ച മാറി നിയമവാഴ്ച നടപ്പിലാകും. നിങ്ങൾ എന്റെ ആലയം കച്ചവടസ്ഥലമാക്കരുത് എന്നു പറഞ്ഞ ക്രിസ്തുദേവനാണ് നമ്മുടെ ബലം. ഗാന്ധിമാർഗത്തിൽ സമരം ചെയ്യുന്ന അവസാനത്തെ നവീകരണപ്രസ്ഥാനക്കാരെനെയും അറസ്റ്റ്ചെയ്ത് നീക്കിയിട്ടുമാത്രമേ, ഞങ്ങളുടെ സഹോദരിമാരെ അവർ തൊടുകയുള്ളു.

സ്വർഗത്തിലേക്കുള്ളവഴി ഇടുങ്ങിയതാണ്. അതുകൊണ്ടുതന്നെ, ഈ പീഡനപരമ്പരകളിൽ പതറരുത് എന്നുമാത്രമാണ് ഞങ്ങൾക്ക് ഈ സഹോദരിമാരോട് പറയാനുള്ളത്.

ഫോൺ: 9400721252

# മുൻപുരോഹിതർ തിരുവസ്ത്രങ്ങളണിഞ്ഞ് തിരുക്കർമ്മങ്ങൾ നടത്തി!

## നെയ്യാറ്റിൻകര രൂപതയുടെമേൽ 'ഓപ്പൺചർച്ച് മൂവ്മെന്റി'ന്റെ പ്രഹരം!

**റെജി ഞള്ളാനി** (ചെയർമാൻ, ഓപ്പൺ ചർച്ച് മൂവ്മെന്റ്)



**ബാ**ലരാമപുരം വിശുദ്ധ സെബസ്ത്യാനോസിന്റെ ദേവാലയത്തിലാണ് സംഭവം. നെയ്യാറ്റിൻകര കത്തോലിക്കാ രൂപത കഴിഞ്ഞ പത്തു മാസമായി വൈദികനെ പിൻവലിച്ച് വിശ്വാസികൾക്ക് ആത്മീയശുശ്രൂഷകൾ വിലക്കിയിരുന്നു. ഇടവകസമൂഹത്തിന്റെ കൈവശത്തിലുള്ള 18 ഏക്കറോളം സ്ഥലം രൂപതയ്ക്കു വിട്ടുനൽകാത്തതിന്റെ പ്രതികാരനടപടിയായിട്ടായിരുന്നു, ഈ ആത്മീയവിലക്ക്. ഇവിടേക്ക് മറ്റു പുരോഹിതരും അടുത്തുള്ള ഇടവകജനങ്ങളും വരുന്നതിനെയും മെത്രാൻ വിലക്കിയിരുന്നു.

ഇതിൽ പ്രതിഷേധിച്ച്, കത്തോലിക്കാസഭാ നവീകരണ പ്രസ്ഥാനമായ 'ഓപ്പൺ ചർച്ച് മൂവ്മെന്റ്' രംഗത്തുവരികയായിരുന്നു. കത്തോലിക്കാസഭയിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആത്മീയത തിരികെപ്പിടിക്കുന്നതിനു ശ്രമിക്കുകയും, സഭയിലെ അനീതികൾക്കും അതിക്രമങ്ങൾക്കും ഭൗതികവൽക്കരണത്തിനുമെതിരെ പോരടിച്ച് നിവൃത്തിയില്ലാതെ മെത്രാന്മാരുടെ കീഴിൽനിന്നു പുറത്തുവരുകയും ചെയ്ത ആത്മീയചൈതന്യമുള്ള ധാരാളം പുരോഹിതർ 'ഓപ്പൺ ചർച്ച് മൂവ്മെന്റു'മായി ചേർന്നു പ്രവർത്തിക്കുന്നു. ബാലരാമപുരം പള്ളിയിലെ അതിക്രൂരമായ രൂപതാനടപടിയിൽ മനംനൊന്ത ഇവർ 'ഓപ്പൺ ചർച്ച് മൂവ്മെന്റി'ന്റെ നേതൃത്വത്തിൽ വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ നൽകുവാൻ തീരുമാനിക്കുകയായിരുന്നു.

സഭാപഠനമനുസരിച്ച്, ഒരിക്കൽ പൗരോഹിത്യം സ്വീകരിച്ചവർ മെത്രാന്റെ കീഴിൽനിന്നു പോന്നാലും ജീവിതാന്ത്യംവരെ പുരോഹിതരായിരിക്കും.

അതിൻപ്രകാരം, ഒരിക്കൽ വേണ്ടെന്നുവച്ച തിരുവസ്ത്രങ്ങൾ ഈ വൈദികർ നീതിക്കുവേണ്ടി ഒരിക്കൽക്കൂടി എടുത്തണിയുകയായിരുന്നു. അത്യധികം ഭക്തിയോടും ബഹുമാനത്തോടും ആദരവോടുംകൂടി അവർ ബാലരാമപുരം വിശുദ്ധ സെബസ്ത്യാനോസ് പള്ളിയുടെ അൾത്താരയിൽ പ്രവേശിച്ച് പരിശുദ്ധ കുർബാനയുൾപ്പെടെയുള്ള തിരുക്കർമ്മങ്ങൾ നടത്തി. ഇത് ആഗോള

കത്തോലിക്കാസഭയിൽ നടക്കുന്ന ആദ്യത്തെ സംഭവമാണ്. ജനു.11 മുതൽ 20 വരെ നടന്ന തിരുനാൾ കർമ്മങ്ങളിൽ രൂപതയ്ക്കകത്തുനിന്നും പുറത്തുനിന്നുമുള്ള പതിനായിരങ്ങളാണ് ദിവ്യപൂജയിൽ പങ്കുചേരുകയും പരിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്തത്.

രണ്ടു നൂറ്റാണ്ടുമുമ്പ് അന്നത്തെ രാജാവ് ലത്തീൻ മുക്കുവസമുദായത്തിനു നൽകിയ 18 ഏക്കറോളം വരുന്ന ഭൂമിയിലാണ് ഈ ദേവാലയം സ്ഥിതിചെയ്യുന്നത്. ഇത് ഇടവകസമൂഹത്തിന്റെ പൊതു ഉടമസ്ഥതയിലാണുള്ളത്. അതു നെയ്യാറ്റിൻകര രൂപതയ്ക്കു വിട്ടുനൽകാത്തത്തിന്റെ പ്രതികാരനടപടിയായാണ് ഇടവക വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ വിലക്കിയത്. വിലക്കു വന്നതോടെ ഇടവകജനങ്ങളുടെ വിവാഹകർമ്മങ്ങളും മൃതസംസ്കാരശുശ്രൂഷകളും മറ്റു പള്ളികളിൽ വച്ചാണ് നടന്നുവന്നിരുന്നത്. നാളുകളായി കുട്ടികൾ ആദ്യകുർബാന സ്വീകരണത്തിന് ഒരുങ്ങി നിൽക്കുന്നു. കുഞ്ഞുങ്ങൾക്ക് ആദ്യകുർബാന നൽകാൻ രൂപതാവൈദികർ തയ്യാറാകാത്തതും നാലുപേരുടെ മൃതസംസ്കാരം പ്രാർത്ഥനാശുശ്രൂഷകൾ നടത്താതെ അടക്കംചെയ്യേണ്ടിവന്നതും വിശ്വാസികളുടെ മനസ്സുകളിൽ ആഴത്തിലുള്ള മുറിവുകളാണ് ഉണ്ടാക്കിയിരുന്നത്. ദൈവജനത്തിന് ക്ഷമിക്കാനാവാത്തത്രധിക്കാരപരവും പ്രകോപനപരവുമായ നടപടിയാണ് സഭാനേതൃത്വത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായത്. ആത്മീയശുശ്രൂഷകൾക്കായി വിലപേശിയതുവഴി സഭ വലിയ കുറ്റമാണ് ഇവിടെ ചെയ്തിരിക്കുന്നത്.

ഇത്തരം പുരോഹിതപാതകങ്ങളെ വിശ്വാസികൾ ചെറുത്തു തോൽപ്പിക്കണമെന്ന മാർപാപ്പായുടെ ആഹ്വാനത്തിന്റെ സ്പിരിറ്റുൾക്കൊണ്ടാണ് 'ഓപ്പൺ ചർച്ച് മൂവ്മെന്റ്' ബാലരാമപുരം ഇടവകയുടെ പ്രശ്നത്തിൽ ഇടപെടാൻ തീരുമാനിച്ചത്. അദ്ദേഹം പറഞ്ഞു; ***"മാമോദീസാ, മറ്റു കൂദാശകൾ, ഓരോ നിയോഗങ്ങൾക്കായിട്ടുള്ള കുർബാന തുടങ്ങി, വിശ്വാസികളുടെ ഓരോ ആവശ്യത്തിനും പണം ഈടാക്കുകയെന്നത് മഹാപാതകമാണ്. ഈ പുരോഹിതപാതകങ്ങൾക്കു മാപ്പില്ല. വൈദികരുടെ പണത്തോടുള്ള ആർത്തിയും മര്യാദയില്ലാത്ത പെരുമാറ്റവും വിശ്വാസികൾ പൊറുക്കുകയില്ല. അതു വലിയ ഉതപ്പാണ്... അതു ദൈവജനത്തിനെതിരെയുള്ള ആക്രമണമാണെന്നു നാം മനസ്സിലാക്കണം. നമ്മുടെ വൈദികർ ഇന്ന് എല്ലായിടത്തും വിശുദ്ധകർമ്മങ്ങൾക്കു വിലയിടുകയും പണം വാങ്ങുകയും ചെയ്യുന്നു. എത്രയോ പള്ളികളിലാണ് മാമോദീസായുടെയും വെഞ്ചരിപ്പിന്റെയും കുർബാനയുടെയും മറ്റും വിലവിവരപ്പട്ടിക പ്രദർശിപ്പിച്ചിരിക്കുന്നത്! അതു കച്ചവടമാണ്. അതു നിങ്ങൾ, വിശ്വാസികൾ ചെറുത്തുതോൽപ്പിക്കണം"*** ('Things that People of God cannot Forgive' എന്ന ശീർഷകത്തിൽ, CNA/EWTN ന്യൂസ് നെറ്റ്വർക്കിൽ വന്ന പ്രസ്താവന).

ഇതൊരു മഹത്തായ ആഹ്വാനമാണെന്നു മനസിലാക്കിയാണ്, അതിനുവേണ്ടി റവ.ഡോ ജെ.ജെ പള്ളത്ത്, ഫാ.ജോൺ, ഫാ.ജെയിൻ എന്നിവരെ 'ഓപ്പൺ ചർച്ച് മൂവ്മെന്റ്' രംഗത്തിറക്കിയത്. അവരുടെ കാർമ്മികത്വത്തിലും ഇടവക സമൂഹത്തിന്റെ ഉത്സാഹത്തിലും പത്തുദിവസം നീണ്ടുനിന്ന പെരുന്നാൾ അതിഗംഭീരമായി നടന്നു. 'ഓപ്പൺ ചർച്ച്

# പാസ്റ്ററിനെതിരെ പരാതി നൽകിയ യുവതിയെ ബംഗളൂരു ബിഷപ്പ് പീഡിപ്പിച്ചു; ഇര ആത്മഹത്യയ്ക്ക് ശ്രമിച്ചു

ആത്മഹത്യയ്ക്കു ശ്രമിച്ച യുവതിയിൽനിന്ന് പോലീസിനു ലഭിച്ചത്, ഒരു ബിഷപ്പ് നടത്തിയ ലൈംഗിക പീഡനത്തെക്കുറിച്ചുള്ള വിവരങ്ങൾ! 'ഹോളി ട്രിനിറ്റി ചർച്ചി'ലെ ബിഷപ്പ് പി കെ സാമുവലിനെതിരെയാണ് 27 കാരിയുടെ പരാതി. പാസ്റ്ററായ വിനോദ് ദാസനെതിരെ നൽകിയ കേസ് പിൻവലിക്കണമെന്ന് ഭീഷണിപ്പെടുത്തുകയും പിന്നീട് പീഡനത്തിന് ഇരയാക്കുകയും ചെയ്തതായാണ് ഇര പരാതിയിൽ പറയുന്നത്.

ബിഷപ്പ് പി കെ സാമുവൽ ജനുവരി 31-നു വിളിച്ചു ഭീഷണിപ്പെടുത്തിയതോടെയാണ് യുവതി ആത്മഹത്യയ്ക്ക് ശ്രമിച്ചതെന്ന് പോലീസ് വ്യക്തമാക്കി. ബിഷപ്പിനെതിരെ 354, 506, 504 വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. പാസ്റ്റർ വിനോദ് ദാസനെതിരെ ഭീഷണിക്കും കേസെടുത്തു. 2013-ൽ വിനോദിനെതിരെ യുവതി നൽകിയ കേസിൽ വിചാരണ നടക്കുന്നതിനിടെയാണ് ബിഷപ്പിന്റെ ഇടപെടൽ.

യുവതിയുടെ മാതാവിനെ സ്വാധീനിച്ച് കേസ് ഒഴിവാക്കാനാണ് വിനോദ് ശ്രമിച്ചിരുന്നത്. ഇതിന്റെ ഭാഗമായി യുവതിയെയും ഭർത്താവിനെയും കാണാൻ ആഗ്രഹിക്കുന്നതായി ബിഷപ്പ് അറിയിച്ചു. ബംഗളൂരു ട്രിനിറ്റി സർക്കിളിലെ ഹോളി ട്രിനിറ്റി ചർച്ചിൽ ഇവർ ബിഷപ്പ് സാമുവലിനെയും വിനോദിനെയും കാണാനെത്തി. ആദ്യ ചർച്ചയ്ക്കുശേഷം ഭർത്താവിനോട് ചില കാര്യങ്ങൾ പറയാനെന്നപേരിൽ വിനോദ് പുറത്തേക്ക് കൂട്ടിക്കൊണ്ടുപോയി.

ഇതോടെ ബിഷപ്പ് സാമുവൽ യുവതിയെ ഭീഷണിപ്പെടുത്തുകയും അക്രമംനടത്തുകയുമായിരുന്നു. ബഹളം ഉണ്ടാക്കാൻ ശ്രമിച്ചപ്പോൾ കൊല്ലുമെന്നായിരുന്നു ബിഷപ്പിന്റെ ഭീഷണി. സംഭവത്തിൽ പോലീസ് സ്റ്റേഷനിൽ പരാതി നൽകാൻ ശ്രമിച്ചെങ്കിലും അധികൃതർ കേസെടുക്കാൻ വിസമ്മതിച്ചു. ജനുവരി 31-ന് അമ്മയുമായി ആശുപത്രിയിൽ എത്തിയപ്പോഴും സാമുവൽ ചർച്ചയ്ക്കായി എത്തി. ഇതിനിടെ വഴക്കുണ്ടാവുകയും യുവതി വിഷം കഴിക്കുകമായിരുന്നു. *(കടപ്പാട്: Dailyhunt)*



# കത്തോലിക്കാസഭയുടെ ഭൂമി കച്ചവടങ്ങളിലെ കാണാപ്പുറങ്ങൾ


**അഡ്വ. പോളച്ചൻ പുതുപ്പാറ**

(പ്രസിഡന്റ്, 'കേരള കാത്തലിക് അസ്സോസിയേഷൻ ഫോർ ജസ്റ്റീസ്')


ഒരു വർഷംമുൻപ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയുടെ എറണാകുളം-അങ്കമാലി അതിരൂപതയിലെ ഭൂമികച്ചവടം വിവാദമാകുകയും സഭയെ പിടിച്ചുകുലുക്കുകയും ആഗോളവാർത്താപ്രാധാന്യം നേടുകയുംചെയ്തു. വിവാദങ്ങളോ കേസുകളോ ഇല്ലാതിരുന്ന സീറോ-മലബാർസഭയിൽ സഭാതലവനായ കർദ്ദിനാൾ ആലഞ്ചേരിതന്നെ വിവാദമായ ഭൂമി തട്ടിപ്പിനു നേതൃത്വംകൊടുത്തുവെന്നും, അതുമൂലം 100 കോടിയോളം രൂപയുടെ നഷ്ടം എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് ഉണ്ടായി എന്നും ലോകം മുഴുവൻ അറിഞ്ഞു.



തൃക്കാക്കര ഭാരതമാതാ കോളേജിന് സമീപത്തുള്ള അതിരൂപതയുടെ കണ്ണായ ഭൂമിയാണ് കർദ്ദിനാൾ ആലഞ്ചേരി വളരെ തുച്ഛമായ വിലയ്ക്കു വിറ്റത്. ഇതു സംബന്ധിച്ച് വിവാദങ്ങൾ ഉയർന്നു വന്നപ്പോൾത്തന്നെ ഈ ലേഖകൻ എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കർദ്ദിനാൾ ആലഞ്ചേരിക്കുംമറ്റും എതിരായി ക്രിമിനൽ കേസ് ഫയൽചെയ്യുകയുണ്ടായി. അത് എറണാകു ളം സി ജെ എം കോടതി തള്ളിയെങ്കിലും, കേരളഹൈക്കോടതിയിൽ അതിനെതിരെ ഈ ലേഖകൻതന്നെ റിവിഷൻ ഹർജി ഫയൽ ചെയ്തത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

കർദ്ദിനാൾ ആലഞ്ചേരിയുടെ ഭൂമി കച്ചവടത്തിനെതിരെ എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരും സഹായമെത്രാൻമാരും രംഗത്തുവരികയുണ്ടായി അതിരൂപതയിലെ കാനോനിക സമിതികളായ ഫിനാൻസ് കൗൺസിൽ , കൺസൾട്ടേഴ്സ് ഫോറം തുടങ്ങിയ സമിതികളെ വഞ്ചിച്ചുകൊണ്ട്, അവ നിശ്ചയിച്ച വിലയിൽ നിന്നു വളരെ കുറഞ്ഞ വിലയ്ക്കാണ് ആലഞ്ചേരിയുടെ കച്ചവടങ്ങൾ നടന്നത് എന്ന്, അദ്ദേഹംതന്നെ നിയോഗിച്ച കമ്മീഷൻ കണ്ടെത്തി . ഈ സാഹചര്യത്തിൽ അതിരൂപതയിലെ വൈദികരുടെ ഒത്താശയോടെ രൂപംകൊണ്ട 'ആർച്ച് ഡയോസിയൻ മൂവ്മെന്റ് ഫോർ ട്രാൻസ്പേരൻസി' (AMT) എന്ന സംഘടനയും നിയമയുദ്ധത്തിന് തയ്യാറായി. കേരള ഹൈക്കോടതിയിൽ സീനിയർ അഭിഭാഷകർ ഏറ്റുമുട്ടിയ ആ കേസ് ജസ്റ്റീസ് കമാൽ പാഷയുടെ ബഞ്ചിലാണ് വാദം കേട്ടത്. 'കാനോൻ നിയമപ്രകാരം ബിഷപ്പ് രാജാവിനെപ്പോലെയാണോ' എന്ന കമാൽ പാഷയുടെ ചോദ്യത്തിന്, 'രാജാവിനെപ്പോലെയല്ല, രാജാവുതന്നെയാണെ'ന്നായിരുന്നു ആലഞ്ചേരിയുടെ അഭിഭാഷകന്റെ മറുപടി!

വത്തിക്കാനിലെ 100 ഏക്കർ സ്ഥലത്ത് ഇരിക്കുന്ന മാർപാപ്പ വത്തിക്കാൻ സ്റ്റേറ്റിന്റെ തലവനാണ്. എന്നാൽ, അദ്ദേഹത്തിന് വത്തിക്കാനിലല്ലാതെ ലോകത്തിലൊരിടത്തും ഭൂമി വാ ങ്ങാനോ വിൽ ക്കാനോ കഴിയില്ല . എങ്കിലും, പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ പോപ്പിന് തെറ്റാവരം ഉണ്ടെന്നും ലോകം മുഴുവൻ അധികാരം ഉണ്ടെന്നുമൊക്കെയുള്ള ആലഞ്ചേരിയുടെ വാദങ്ങൾ കോടതി തള്ളി . ഭൂമി കച്ചവടത്തിൽ വഞ്ചനയും അതിരൂപതയ്ക്ക് കോടികളുടെ നഷ്ടവും കാനോൻ നിയമങ്ങളുടെതന്നെ ലംഘനവും ഉണ്ടായി എന്ന് ജസ്റ്റീസ് കമാൽ പാഷ കണ്ടെത്തി, പോലീസിനോട് കേസെടുക്കാൻ ആജ്ഞാപിച്ചു. എറണാകുളം സെൻട്രൽ പോലീസ് ആലഞ്ചേരിക്കും കൂട്ടുപ്രതികൾക്കുമെതിരെ FIR രജിസ്റ്റർചെയ്തു.

---

മൂവ്മെന്റ്' തിരുവനന്തപുരം റീജിയണൽ പ്രസിഡന്റ് വർഗ്ഗീസ് രാജ്, ഭാരവാഹികളായ രാജൻ രാജൻ, ബനാൻസ്, ബസാനിയോ, ബാബു, സേവ്യർ, വിനോദ്, ഈ ലേഖകൻ എന്നിവർ നേതൃത്വം കൊടുത്തു.

സഭാനേതൃത്വം ബാലരാമപുരം ഇടവക സമൂഹത്തോട് മാപ്പ് പറയണമെന്ന് 'ഓപ്പൺ ചർച്ച് മൂവ്മെന്റ്' ആവശ്യപ്പെടുന്നു. കൂദാശാകർമ്മങ്ങൾക്ക് വിലപേശുകയെന്ന മഹാപാതകമാണ് സഭ ഇവിടെ ചെയ്തിരിക്കുന്നത്. അതിനെ ചെറുത്തു തോൽപ്പിക്കുകയെന്ന ക്രൈസ്തവ ധർമ്മമാണ് 'ഓപ്പൺ ചർച്ച് മൂവ്മെന്റ്' ഏറ്റെടുത്തത്. ഇനിയും എവിടെയെങ്കിലും കൂദാശാകർമ്മങ്ങൾ വിശ്വാസികൾക്ക് നിഷേധിക്കുകയോ നീതി നിഷേധിക്കുകയോ ചെയ്യുന്നപക്ഷം 'ഓപ്പൺ ചർച്ച് മൂവ്മെന്റിന്റെ' ഇടപെടൽ ഉണ്ടാകുമെന്ന് മുന്നറിയിപ്പു നൽകുന്നു. ബാലരാമപുരം പള്ളിവിഷയം രമ്യമായി പരിഹരിച്ച് ഇടവകജനങ്ങൾക്ക് ആത്മീയ ശുശ്രൂഷ നൽകുവാൻ സഭാനേതൃത്വം അടിയന്തിരമായി തയ്യാറാകണമെന്ന് 'ഓപ്പൺ ചർച്ച് മൂവ്മെന്റ്' ആവശ്യപ്പെടുകയും ചെയ്യുന്നു.


ഫോൺ: 9447105070

ആലഞ്ചേരി അന്നത്തെ ചീഫ് ജസ്റ്റീസ് ആന്റണി ഡൊമിനിക്കിന്റെ കോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. തുടർന്ന്, ക്രിമിനൽ നടപടിയനുസരിച്ച് പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടിട്ട് 24 മണിക്കൂറിനുള്ളിൽ ഹൈക്കോടതിയിൽ റിട്ട് ഹർജിയുമായി വന്ന സാങ്കേതികപ്പിഴവ് ചൂണ്ടിക്കാട്ടി ഹൈക്കോടതി അപ്പീൽ അനുവദിച്ചു. അതിനെതിരെ സുപ്രീം കോടതിയിൽ പോയെങ്കിലും ഫലമുണ്ടായില്ല .

ആലഞ്ചേരിയുടെ ഭൂമി വിൽപ്പനവിവാദത്തെത്തുടർന്ന് വത്തിക്കാൻ ഇടപെടുകയും പോപ്പിനുവേണ്ടി പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറി 2018 ജൂൺ 22-ന് ഒരു കല്പന പുറപ്പെടുവിക്കുകയും ചെയ്തു. ആലഞ്ചേരി എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണത്തിൽനിന്നു മാറ്റിനിർത്തപ്പെട്ടു. സഹായമെത്രാൻമാർക്കും അധികാരങ്ങൾ നഷ്ടപ്പെട്ടു. കാനോൻനിയമപ്രകാരം പോപ്പ് പാലക്കാട് രൂപതയുടെ മെത്രാനായ മാർ ജോക്കബ് മനത്തോടത്തിനെ എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്റർ എന്ന തസ്തികയിൽ നിയമിച്ചു. ഈ കല്പനപ്രകാരം മനത്തോടത്ത് ബിഷപ്പിന്, കടംവീട്ടാൻ അതിരൂപതയുടെ വസ്തുക്കൾ വിൽക്കാനുള്ള അധികാരം നൽകപ്പെട്ടു. അതോടൊപ്പം, അതിരൂപതയിലെ കാനോനിക സമിതികളായ പ്രസ്ബിറ്ററൽ കൗൺസിലും ഫിനാൻസ് കൗൺസിലും കൺസൾട്ടേഴ്സ് ഫോറവും കൂരിയായും സസ്പെൻഡ് ചെയ്യപ്പെട്ടു. മനത്തോടത്ത് ഏകാധിപതിയായി നിയമിക്കപ്പെട്ടു എന്നുസാരം. ഈ കല്പന വായിച്ച എറണാകുളം-അങ്ക മാലി അതിരൂപയിലെ ഒരു വിശ്വാസിയായ എന്റെ അഭിമാനം മുറിപ്പെട്ടു.

എറണാകുളം-അങ്കമാലി അതിരൂപതയിലെ കടം വീട്ടാൻ പോപ്പിന്റെ വാറോല കിട്ടിയ മനത്തോടത്ത് ബിഷപ്പ് കരുക്കൾ നീക്കി. ഒരു കോർപ്പറേറ്റ് ബിസിനസ്സുകാരനായ വി ഗാർഡ് കൊച്ചവുസേപ്പിന് തൃക്കാക്കര അടുത്ത് വാഴക്കാലാ വില്ലേജിലെ 12 ഏക്കർ വരുന്ന അതിരൂപതവക സ്ഥലം വിൽക്കാനുള്ള കരാർ ഉണ്ടാക്കി. ഇവിടെ സെന്റിന് വില 5 ലക്ഷം രൂപയ്ക്കായിരുന്നു കച്ചവടം. മൂന്നോ നാലോ ഇരട്ടി വിലകിട്ടാവുന്ന ഭൂമിയാണ്, കോർപ്പറേറ്റുകൾക്ക് തീറെഴുതുകയും കോടികളുടെ കള്ളപ്പണവ്യാപാരം നടത്തുകയും ചെയ്യാൻ പോകുന്നത് എന്ന് ഞാൻ മണത്തറിഞ്ഞു.

ഇതിനിടെ ആലഞ്ചേരി കച്ചവടം നടത്തിയ 63 സെന്റ് സ്ഥലം 10 ഇരട്ടി വിലയ്ക്ക് അതു വാങ്ങിയവർ മറിച്ചുവിറ്റ വിവരം ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റ് കണ്ടെത്തുകയും ആയതിന് 10 കോടി പിഴ ചുമത്തുകയും ഇടനിലക്കാരന്റെ അക്കൗണ്ടുകൾ ഫ്രീസ് ചെയ്യുകയും ചെയ്തത് വാർത്തയായി. ഈ സാഹചര്യത്തിലാണ്, അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേററർ മനത്തോടത്ത് ചിറ്റിലപ്പിള്ളിക്ക് 12 ഏക്കർ കൊടുക്കുന്നത് സ്റ്റേ ചെയ്യിക്കാൻ ഞാൻ എറണാകുളം മുൻസിഫ് കോടതിയെ സമീപിച്ചത്. മനത്തോടത്തിനെയും ചിറ്റിലപ്പിള്ളിയെയും എതിർകക്ഷികളായിട്ടാണ് ഞാൻ കേസ് കൊടുത്തത്. കച്ചവടം സംബന്ധിച്ച് യാതൊരുവിധ രേഖകളും ലഭ്യമല്ലായിരുന്നു. പത്രവാർത്തകൾമാത്രം ആധാരമാക്കി കോടതിലെത്തി. കോടതിയിൽ ഹാജരായ എതിർകക്ഷികൾ കച്ചവടം സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ് എന്ന് അറിയിച്ചു. കോടതിയോട് ഈ വസ്തു കച്ചവടം നടത്തുന്നത് സ്റ്റേ ചെയ്യണമെന്ന് ഞാൻ ഹർജിമൂലം അപേക്ഷിച്ചു.

കോടതിയിൽ ദിവസങ്ങൾ നീണ്ട വാദം ഉണ്ടായി. അതിരൂപതയ്ക്ക് വേണ്ടി കോർപ്പറേറ് അഭിഭാഷകർ ഹാജരായി. എനിക്ക് ഇങ്ങനെയൊരു കേസ് കൊടുക്കാനുള്ള അവകാശം ചോദ്യംചെയ്യപ്പെട്ടു. അങ്കമാലി ഫൊറോനയിലെ തുറവൂർ ഇടവകക്കാരനായ ഈ ഹർജിക്കാരന് ഇടവകയുടെ വസ്തുവകകൾ വിൽക്കുന്നതിൽ തർക്കമുണ്ടെങ്കിൽ ഇടപെടാം, ഇവിടെ ഇടപെടാൻ പാടില്ല എന്നായിരുന്നു വാദം. ഞാൻ കോടതിയോട് പറഞ്ഞു, 'പള്ളിയിൽ, ഒരു കോഴിമുട്ട കിട്ടിയാൽ അത് പരസ്യമായി ലേലംചെയ്യും. അതിന്റെ 30 ശതമാനം അരമനയിലേക്ക് ഭോഗമായി പോകും. അങ്ങനെയുള്ള സംഭാവനകൾകൊണ്ട് വാങ്ങിക്കൂട്ടിയതാണ് എറണാകുളം-അങ്കമാലി അതിരൂപതയുടെ സ്വത്തുവകകൾ. അത് വിശ്വാസികളുടേതാണ്; വൈദികരോ മെത്രാൻമാരോ പോപ്പോ കൊണ്ടുവന്നതല്ല. വസ്തുവകകളെല്ലാം എറണാകുളം-അങ്കമാലി അതിരൂപതയുടേതാണ്. അത് വിശ്വസികളുടേതാണ്. പോപ്പിന് ഇവിടെ വസ്തുവില്ല. വസ്തുവിന്റെ ഉടമയല്ലാത്ത ഒരാൾക്ക് വസ്തു വിൽക്കാൻ ഉത്തരവ് കൊടുക്കാൻ അവകാശമില്ല. എറണാകുളം-അങ്കമാലി അതിരൂപത ഒരു ട്രസ്റ്റാണ്. ട്രസ്റ്റിന്റെ വസ്തുക്കൾ കൈമാറ്റം ചെയ്യപ്പെടണമെങ്കിൽ ട്രസ്റ്റ് നിയമങ്ങൾ പാലിക്കണം. ഇനി കാനോൻ നിയമപ്രകാരമാണെങ്കിൽ, വസ്തു വിൽക്കാൻ അതിരൂപതയിലെ കാനോനിക സമിതികളുടെ അറിവും സമ്മതവും വിലനിർണ്ണയവും വേണം. ഇവിടെ കാനോനി സമിതികളെല്ലാം സസ്പെൻഡ് ചെയ്തുകൊണ്ട് അപ്പസ്തോലിക്ക് അഡ്മിനിട്രേറ്റർക്ക് ഏകപക്ഷീയമായി വസ്തു വിൽക്കാൻ കൊടുത്തിരിക്കുന്ന അധികാരം കാനോൻ നിയമപ്രകാരംതന്നെ തെറ്റാണ്. അതായത്, പോപ്പിന്റെ ഈ കല്പന അദ്ദേഹത്തിന്റെ അധികാരപരിധിക്കും അപ്പുറത്തുള്ളതാണ്, എന്ന് ഞാൻ വാദിച്ചു.

ഈ സമയം, പോപ്പിന്റെ കല്പനയെ ചോദ്യംചെയ്ത വക്കീലിനെതിരെ സഭാനടപടികൾ ഉണ്ടാകുമെന്ന് ഭീഷണി ഉണ്ടായി. മഹറോൻ ശിക്ഷയെപ്പോലും നേരിടാൻ തയ്യാറായിട്ടാണ് ഞാൻ കോടതിയിൽ വന്നിരിക്കുന്നത് എന്നു മറുപടി പറഞ്ഞു. എന്റെ വാദം കേട്ട കോടതി മനത്തോടത്തിന്റെ ഭൂമി കച്ചവടം താല്ക്കാലികമായി സ്റ്റേ ചെയ്തു. കാനോൻ നിയമപ്രകാരമുള്ള സമിതികൾ ഇല്ലാതെ ഈ വസ്തു വിൽക്കുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്യുന്നതാണ് കോടതി സ്റ്റേ ചെയ്തത്. ഇതുവഴി പോപ്പിന്റെ കല്പനയെയാണ് കോടതി തെറ്റാണെന്ന് കണ്ട് സ്റ്റേ ചെയ്തത്.

ഇതിനെ മറികടക്കാൻ കുറുക്കുവഴികൾ ഇല്ലെന്ന് മനസ്സിലായ മനത്തോടത്ത്, അതിരൂ

പതയിലെ എല്ലാ സമിതികളും കോടതി പറഞ്ഞതുപോലെ പുനരുജ്ജീവിപ്പിച്ചു. എന്നിട്ട് ഈ സ്ഥലം കൊച്ചവുസേപ്പിന് വിൽക്കാൻ ഈ സമിതികളുടെയെല്ലാം തീരുമാനം ഉണ്ടാക്കി. വസ്തുവിന്റെ വിൽപ്പനവില 50 കോടിയിലധികമായതു കൊണ്ട്, കഴിഞ്ഞ സീറോ-മലബാർ സിനഡിന്റെ രണ്ടാം ദിവസം സിനഡിൽ വിഷയം വയ്ക്കുകയും സിനഡ് വിൽപ്പനയ്ക്ക് അനുമതി കൊടുക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ മനത്തോടത്ത് ബിഷപ്പ് വീണ്ടും കോടതിയിൽ വന്ന് താൻ കോടതി ഉത്തരവ് പൂർണ്ണമായും നടപ്പിലാക്കിയെന്നും ഇനി സ്റ്റേ നീക്കം ചെയ്യണമെന്നും അപേക്ഷിച്ചു. എന്നാൽ ഞാൻ അതിനെ എതിർക്കുകയും, കാനോൻ നിയമത്തിൽ പൊതു ലേലം എന്ന നടപടിക്രമം പറയുന്നില്ലെങ്കിലും, പത്രത്തിൽ പരസ്യം കൊടുത്ത് ടെൻഡർ സ്വീകരിച്ച് പരസ്യമായി വസ്തു വിറ്റില്ലെങ്കിൽ അതിൽ അഴിമതി ഉണ്ടാകാമെന്നും അതുകൊണ്ട് വസ്തു പരസ്യലേലത്തിലൂടെ വിൽക്കണമെന്നും അപേക്ഷിച്ചു. എന്നാൽ, ഇപ്പോൾ നിലവിലുള്ള കാനോൻ നിയമപ്രകാരം എല്ലാ കാര്യങ്ങളും ചെയ്ത സാഹചര്യത്തിൽ ഒരു സിവിൽ കോടതിയെ സംബന്ധിച്ച് മറ്റൊന്നും ചെയ്യാൻ കഴിയാത്തതുകൊണ്ട് കോടതി സ്റ്റേ നീക്കംചെയ്തു.

ഈ സാഹചര്യത്തിൽ സഭാസ്വത്തുക്കളുടെ ഭരണത്തിന് 'ചർച്ച് ആക്ട്' എന്ന നിർദ്ദിഷ്ട നിയമത്തിന് പ്രസക്തിയേറുന്നു. ചർച്ച് ആക്ട് ഉണ്ടെങ്കിൽ, കോഴിമുട്ട പരസ്യലേലം നടത്തുകയും 100 കോടിയുടെ വസ്തു രഹസ്യകച്ചവടം നടത്തുകയും ചെയ്യുന്ന ദുരവസ്ഥ ഒഴിവാകും. അതിന് കാലം പിടിച്ചേക്കാം.

എന്നാൽ, ബഹുമാനപ്പെട്ട ഹൈക്കോടതിക്കോ സുപ്രീം കോടതിക്കോ ഒരു പൊതുതാല്പര്യഹർജിയിലൂടെ സഭാവസ്തുക്കൾ വിൽക്കുന്നതിന് ഇപ്പോൾത്തന്നെ ഒരു നടപടിക്രമം ഉണ്ടാക്കാൻ കഴിയും. നിയമനിർമ്മാണസഭ ചെയ്യാത്തിടത്ത് നിയമമുണ്ടാക്കാൻ ഹൈക്കോടതിക്കും സുപ്രീംകോടതിക്കും അധികാരമുണ്ട്. ഇനിയും അത്തരമൊരു നിയമപോരാട്ടത്തിന് ഞാൻ ഒരുങ്ങുകയാണ്.

ഫോൺ: 98959698998

# മദ്രാസ്- മൈലാപ്പൂർ അതിരൂപതയിൽ 1400 കോടിയുടെ ഭൂമികുംഭകോണം!

**എ**റണാകുളം - അങ്കമാലി അതിരൂപതയിലെ ഭൂമി കൈമാറ്റവിവാദം കേരളത്തിൽ കത്തിനിൽക്കെ, തമിഴ്നാട്ടിലും കത്തോലിക്കാസഭ സമാനആരോപണത്തിൽ! മദ്രാസ് - മൈലാപ്പൂർ അതിരൂപതയ്ക്കുകീഴിൽ കാഞ്ചീപുരം ജില്ലയിലെ ചെങ്കൽപ്പെട്ടിലുള്ള 105 ഏക്കർ ഭൂമി വ്യാജരേഖയുണ്ടാക്കി വിറ്റെന്നാണ് ആരോപണം. സേവനപ്രവർത്തനങ്ങൾക്കല്ലാതെ കൈമാറ്റം ചെയ്യരുതെന്ന വ്യവസ്ഥ ലംഘിച്ചാണ് ബിഷപ്പ് ഡോ. എ. നീതിനാഥനും കൂട്ടരും ഒന്നര പതിറ്റാണ്ടിനിടെ ഭൂമി മറിച്ചു വിറ്റത്. ചെട്ടിനാട് ഹെൽത്ത് സിറ്റി, നിർമാണ കമ്പനിയായ ആദിപരാശക്തി ഗ്രൂപ്പ്, ടൗൺഷിപ്പ് നിർമ്മാണകമ്പനി എം.ആർ.എം.ജി.എഫ് എന്നിവർക്കാണ് ഭൂമി നൽകിയത്.

കോമൺ വെൽത്ത് ഗെയിംസ് അഴിമതിക്കേസിൽ ആരോപണവിധേയനായ സുരേഷ് കൽമാഡിയയുടെ ബിനാമി എസ്.പി ജോഷി ഉടമയായ എം.ആർ.എം.ജി.എഫ് കമ്പനി കൊച്ചി നെടുമ്പാശ്ശേരിയിൽ 178 ഏക്കർ ഭൂമി തട്ടിപ്പ് നടത്തിയകേസിൽ നിയമനടപടി നേരിടുന്നുണ്ട്.

ഭൂമി കൈമാറ്റം കോടതി കയറിയതോടെ പ്രോപ്പർട്ടി അഡ്മിസ്ട്രേറ്റർ ഫാദർ എ സിറിളിനെ ചുമതലകളിൽ നിന്നൊഴിവാക്കി തടിയൂരാനാണ് സഭയുടെ ശ്രമം. വിശ്വാസികൾ മാർപാപ്പയെ നേരിൽകണ്ട് സങ്കടം ബോധിപ്പിക്കാനുള്ള ഒരുക്കത്തിലാണെന്ന് 'കത്തോലിക്കാ വെൽഫെയർ അസോസിയേഷൻ', 'മദർ തെരേസ സോഷ്യൽ ജസ്റ്റീസ് മൂവ്മെന്റ്' എന്നിവയുടെ പ്രസിഡന്റും കൊച്ചി സ്വദേശിയുമായ ഡൊമനിക് സാവിയോ പറഞ്ഞു.

പടൂർ വില്ലേജിൽ വണ്ടല്ലൂർ കോടമ്പാക്കം പാതയോരത്ത് 25 ഏക്കറാണ് ചെട്ടിനാട് ഹെൽത്ത് സിറ്റിക്ക് നൽകിയത്. 2005-ൽ 12 കോടി രൂപക്കായിരുന്നു കൈമാറ്റം. 2009-ൽ താംബരം എയർ ഫോഴ്സ് സ്റ്റേഷനുസമീപം ഇരുമ്പലിയൂരിൽ 51 ഏക്കർ ആദിപരാശക്തി ഗ്രൂപ്പിന് ഒമ്പത് കോടിക്ക് വിറ്റു. 2010-ൽ 27.61 ഏക്കർ എം.ആർ.എം.ജി.എഫ് കമ്പനിക്ക് തുക വെളിപ്പെടുത്താതെ നൽകി.

അവസാന ഇടപാടിൽ നാലുകോടി രൂപ ചെക്കായും 10 കോടി രേഖയില്ലാതെയും വാങ്ങിയെന്നാണ് ആരോപണം. നിലവിലെ വിപണിവില അനുസരിച്ച് 1400 കോടിരൂപ മൂല്യമുള്ള ഭൂമിയാണ് തുച്ഛമായ വിലക്ക് വിറ്റത്. ലഭിച്ച പണം ഉപയോഗിച്ച് വികസനപ്രവർത്തനങ്ങളൊന്നും നടത്തിയിട്ടുമില്ല. 2012-ൽ ആരോപണം ഉയർന്നപ്പോൾ പോലീസ് അന്വേഷിച്ചെങ്കിലും പിന്നീട് അട്ടിമറിക്കപ്പെട്ടു. മദ്രാസ് ഹൈക്കോടതി ക്രൈംബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവിട്ടെങ്കിലും തുടർനടപടി ഉണ്ടായില്ല. ഡൊമിനിക് സാവിയോ കഴിഞ്ഞമാസം പോലീസ് മേധാവിക്ക് പരാതിനൽകി.

നീതിനാഥൻ, 'കാത്താലിക്ക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ' ദലിത് വിഭാഗം ചെയർമാൻ കൂടിയാണ് മദ്രാസ് - മൈലാപ്പൂർ അതിരൂപത വിഭജിച്ച് 2002-ലാണ് ചെങ്കൽപ്പെട്ട് കേന്ദ്രീകരിച്ച് രൂപത നിലവിൽവന്നത്. 2000 ഏക്കർ ഭൂമിയാണ് രൂപതയുടെ കീഴിൽ ഉണ്ടായിരുന്നത്. പോർച്ചുഗീസുകാരനായ സർ ജോൺ ഡിമോഡെ സൗജന്യമായി നൽകിയതാണ് ചെന്നൈയിലെ കത്തോലിക്കാ സഭയുടെ ഭൂരിഭാഗം ആസ്തിയും.

*(കടപ്പാട്: മാധ്യമം ദിനപ്പത്രം)*

പ്രതികരണം

# ആത്മീയവ്യഭിചാരം



**ഫാ. ഡാർലി, എടപ്പങ്ങാട്ടിൽ**

**പ്രൊ**ഫ. പി.സി. ദേവസ്യ എഴുതിയ 'നവീകരണത്തിന്റെ വഴിയേ-3' എന്ന ലേഖനം, ഇന്ന് സുവിശേഷകരും ധ്യാനഗുരുക്കന്മാരും നടത്തുന്ന തട്ടിപ്പിന്റെ നേർരേഖയാണ് (സത്യജ്വാല- 2019 ജനുവരി - പേജ് 5). വട്ടായി അച്ചനും ഇതര വചനപ്രഘോഷണ കരും യേശുക്രിസ്തുവിന്റെ മുഖം വികൃത മാക്കുന്നത് ബീഭത്സവും അതിദയനീയവുമാണ്. അഭിഷേകം പാപമോചനം എന്നിങ്ങനെയുള്ള



പാവനവാക്കുകളെ ഈ ഹിസ്റ്റീരിയ ബാധിച്ച കോമാളികൾ അക്ഷരാർത്ഥത്തിൽ വ്യഭിചരിക്കുക യാണ്. 'ഇന്നലെ പെയ്ത മഴയ്ക്ക് ഇന്നു കുരുത്ത തകരപോലെ' ഹിസ്റ്റീരിയാ ബാധിച്ചവരുടെ പ്ര സ്ഥാനങ്ങൾ ക്രൈസ്തവലോകത്തിൽ ഇന്ന് തിമിർത്ത് വളരുകയാണ്. ഇതിനു പ്രധാന കാരണം മഴയും കിളിർക്കാൻ കാത്തുകിടക്കുന്ന വിത്തുകളുമാണ്. 1960-കൾക്കുശേഷം ക്രൈസ്ത വലോകത്തിൽ ഉണ്ടായ 'ആത്മീയപ്രഹർഷ'മാണ് പഠനവിഷയമാക്കേണ്ടത്. അമേരിക്കയിൽനിന്ന് നമ്മുടെ നാട്ടിൽ ചേക്കേറിവിളഞ്ഞ കരിസ്മാറ്റിക് വസന്തമാണ് കാലികനാശത്തിന് കാരണമായത്.

കമ്പോളസംസ്കാരത്തിന്റെ ഭോഗമ ത്സരത്തിൽ സംജാതമാകുന്ന സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങളിൽ നിന്നു ജനങ്ങളെ അന്യവത്ക്കരിക്കുന്ന മയക്കുമരുന്നായി മതം മാറുന്നു എന്ന മാർക്സിയൻ വിമർശനം ഇവിടെ ശരിയായി മാറുന്നു. അപ്പന്റെ കള്ളുകുടി മാറ്റാൻ മകൻ അപ്പനെ ധ്യാനകേന്ദ്രത്തിൽ കൊണ്ടുപോയി, അവിടെ അപ്പനെ ഏൽപ്പിച്ചു. അപ്പനെ വിട്ടിട്ടു പോരാൻ മനസ്സാകാതെ തിരിച്ചുകൂട്ടി ക്കൊണ്ടുപോരുമ്പോൾ കള്ളുഷാപ്പിനെചൂണ്ടി "നമുക്ക് ഈ ധ്യാനകേന്ദ്രത്തിലേക്കു പോകാം" എന്നു പറയുന്ന സിനിമ ഇതിന്റെ വ്യാഖ്യാനരൂപമാണ്. ദുഃഖങ്ങൾക്കു അവധികൊടുത്തു 'സ്വർഗ്ഗത്തിൽ' മുറി എടുക്കുന്ന അന്യവത്കരണപ്രസ്ഥാനങ്ങളായി ധ്യാനകേന്ദ്രങ്ങൾ മാറിയിരിക്കുന്നു. ഓശാനപാടി ഈ ആഭാസത്തര ങ്ങളെ വളരാൻ അനുവദിച്ച പിതാക്കന്മാർക്കും നിയന്ത്രിക്കാൻ പറ്റാത്ത അവസ്ഥയിൽ ദേവസ്യസാർ കുറിച്ച വസ്തുതകൾ എത്തിനിൽക്കുകയാണ്. രോഗ ശാന്തിയോ സ്തോത്രക്കാഴ്ചയോ ഇല്ലാത്ത വചന ശുശ്രൂഷയോ ധ്യാനമോ ഉണ്ടോ?

കോട്ടയം ജില്ലയിൽ രാമപുരത്ത് ഏഷ്യയിലെ ഏറ്റവും വലിയ-മനോഹ രപള്ളി നിർമ്മാണത്തിനു നേതൃത്വം നൽകിയ വികാ രി റവ.ഡോ. ജോർജ് ഞാറ ക്കുന്നേലിനെ മുൻ മുഖ്യ മന്ത്രി ഉമ്മൻ ചാണ്ടി പൊന്നാട അണിയിച്ചാ ദരിക്കുന്ന ചിത്രം (മംഗളം പത്രം- ജനുവരി 15 - പേജ് 12) കാണുകയുണ്ടായി. കോടികൾമുടക്കി പണി തുയർത്തുന്ന പള്ളികൾ യെറുശലേം ദേവാലയ ത്തെ വെല്ലുവിളിക്കുക യാണ്. അതിലെ മണി മാളികകളും, കൊടിമര ങ്ങളും വലിയ കെട്ടുകാഴ്ച്ചയായി മാറിക്കഴിഞ്ഞു. ദൈവപുത്രൻ മനുഷ്യാവതാരംചെയ്തത്, അന്നത്തെ ദേവാലയത്തിന്റെപ്രൗഢിക്ക് എന്തെങ്കിലും കുറവു ണ്ടായിരുന്നതുകൊണ്ടോ, ആരാധനാനുഷ്ഠാനങ്ങൾ യഹൂദമതത്തിൽ അപ്രധാനമായിരുന്നതുകൊണ്ടോ, ദൈവശാസ്ത്രജ്ഞന്മാർ ആ സമൂഹത്തിൽ ഇല്ലാതിരു ന്നതുകൊണ്ടോ ആയിരുന്നില്ല. ഹെരോദാരാജാവു തന്നെ നേതൃത്വംനൽകി അതിമനോഹരമായി ദൈവാ ലയം പണിതുയർത്തിക്കൊണ്ടിരുന്ന സമയത്താണ ല്ലോ പുൽക്കൂട്ടിൽ യേശു ജനിച്ചത്! സ്ഥാപനവൽക്കരി ക്കപ്പെട്ട മതത്തിൽ ദൈവം ഒരു 'വിദേശി'യായി മാറിക്കഴിഞ്ഞിരുന്നു എന്നതുതന്നെയായിരുന്നു അതിനു കാരണം.

ആദിമസഭയുടെ ഊർജ്ജം അതിന്റെ പ്രവാചക ദൗത്യത്തിലൂടെ ലഭിച്ചതായിരുന്നു. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കെതിരെ പോരാടുവാനും ഒരു തിരുത്തൽശക്തിയായി നിലകൊള്ളുവാനും സഭ ശ്രമിച്ചത് വലിയ ആവേശമാണ് അന്ന് സഭയിലും സമൂഹത്തിലും സൃഷ്ടിച്ചിരുന്നത്. ഇന്നത്തെ സഭ രാഷ്ട്രീയവൽക്കരിക്കപ്പെടുകയും പലപ്പോഴും അധികാരത്തിന്റെ സോപാനങ്ങൾ ചമയ്ക്കുന്നതിനായി പലതിനോടും പൊരുത്തപ്പെടുകയും ചെയ്യുന്ന ഇന്നത്തെ കാലയളവിൽ, ഒരു തിരുത്തൽ ശക്തിയായി

# ‘ആഗ്നലോ പിതാവിനെ തിരുത്താൻ ഒരു ജീവനക്കാരൻ നോക്കേണ്ട’ - കന്യാസ്ത്രീകൾ

**രൂ**പതാബിഷപ്പിനെ തിരുത്താൻ കേവലം ഒരു പി ആർ ഒ-യ്ക്ക് അധികാരമില്ലെന്നും കുറവിലങ്ങാട് മഠത്തിൽ തന്നെ തുടരാൻ ബിഷപ്പ് അഗ്നലോ നൽകിയ നിർദ്ദേശമാണ് തങ്ങൾ സ്വീകരിക്കുന്നതെന്നും പി ആർ ഒ-യുടെ കത്തിനെ മാനിക്കുന്നില്ലെന്നും കുറവിലങ്ങാട് കന്യാസ്ത്രീകൾ പറയുന്നു. സിസ്റ്റർ അനുപമയുടെ വാക്കുകൾ:

“ബിഷപ്പിനെ വത്തിക്കാനിൽനിന്നാണ് നിയമിച്ചിരിക്കുന്നത്. ഞങ്ങളുടെ കോൺഗ്രിഗേഷൻ രൂപതയുടെ കീഴിലുള്ളതാണ്. രൂപതയുടെ അധ്യക്ഷൻ ആരാണോ അവർക്ക് അതിൽ ഇടപെടുന്നതിൽ യാതൊരു കുഴപ്പവുമില്ല. എല്ലാക്കാര്യങ്ങളിലും എന്നല്ല, പ്രധാനപ്പെട്ടവയിൽ. അതിനുള്ള അധികാരം രൂപതാധ്യക്ഷനുണ്ട്. പ്രത്യേകിച്ച്, ഞങ്ങളുടെ വിഷയം ഒരു വിവാദസംഭവമായിരിക്കുന്ന സ്ഥിതിക്ക്. അതിൽ ഒരു തിരുത്തലിന്റെയും ആവശ്യമില്ല.

രൂപതാ ബിഷപ്പ് കോൺഗ്രിഗേഷൻ കാര്യങ്ങളിൽ ഇടപെടാറില്ലെന്നു പി ആർ ഒ പറയുമ്പോൾ, ഫ്രാങ്കോ മുളയ്ക്കൽ രൂപതാധ്യക്ഷനായിരുന്ന സമയത്ത് എല്ലാ കാര്യങ്ങളിലും ഇടപെട്ടിരുന്നുവെന്ന കാര്യം അദ്ദേഹം മറന്നു പോയോ? ഞങ്ങളെ എത്രമാത്രം ദ്രോഹിച്ചു! അപ്പോഴൊന്നും ബിഷപ്പിന് കന്യാസ്ത്രീകളുടെ കാര്യത്തിൽ ഇടപെടാൻ അവകാശമില്ലെന്ന് ഒരാളും പറഞ്ഞുകേട്ടില്ലല്ലോ! അന്നും രൂപതയ്ക്ക് പി ആർ ഒ ഉണ്ടായിരുന്നല്ലോ. അപ്പോൾ ഒരാൾക്ക് ഇടപെടാൻപറ്റും, മറ്റാർക്കും കഴിയില്ലെന്നാണോ? കേസിന്റെ വിചാരണ കഴിയുംവരെ കുറവിലങ്ങാട് മിഷൻ ഹോമിൽ ത്തന്നെ നിൽക്കാൻ ഞങ്ങളെ അനുവദിക്കണമെന്നാവശ്യപ്പെട്ടാണ് കത്ത് നൽകിയിരുന്നത്. അത് അനുവദിച്ചുകൊണ്ടാണ് ആഗ്നലോ ഗ്രേഷ്യസ് പിതാവ് ഇ മെയിൽ അയച്ചത്. അതാണ് ഞങ്ങൾ അംഗീകരിക്കുന്നതും സ്വീകരിക്കുന്നതും. അതിനെ എതിർത്തുകൊണ്ട് ഇപ്പോൾ പി ആർ ഒ പുറപ്പെടുവിച്ച കത്തിന് യാതൊരു പ്രസക്തിയുമില്ല. കാരണം, ബിഷപ്പ് ആഗ്നലോയെക്കാൾ വലുതല്ല പി ആർ ഒ ഫാദർ പീറ്റർ കാവുമ്പുറം. അദ്ദേഹമൊരു ജീവനക്കാരൻമാത്രമാണ്. അതുകൊണ്ട് തന്നെ പി ആർ ഒ യുടെ കത്തിനെ ഞങ്ങൾ മാനിക്കുന്നില്ല. ബിഷപ്പ് എന്തു പറഞ്ഞോ അതിനാണ് പ്രാധാന്യം.

പക്ഷേ, ഇവിടെ ഒരു കാര്യം ശ്രദ്ധിക്കണം. ഒരു ബിഷപ്പിനെ തിരുത്തിക്കൊണ്ട് പി ആർ

---

തുടരുന്ന ‘സത്യജ്വാല’യ്ക്കും പ്രൊഫ. ദേവസ്യയെപ്പോലുള്ള ചിന്തകർക്കും ഇനിയും ഏറെ പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ടിവരും.

ഏഷ്യയിലെ മനോഹര ദേവാലയനിർമ്മാണത്തിന് നേതൃത്വംകൊടുത്ത വൈദികൻ ആദരിക്കപ്പെടുമ്പോൾ, സാധാരണ വിശ്വാസികളുടെ മനസ്സിൽ നിറയുന്ന അപ്പോസ്തല പ്രവൃത്തികൾ ഏഴാം അദ്ധ്യായത്തിലെ നാൽപത്തി ഒമ്പതാം വാക്യം ഇങ്ങനെയാണ്: “സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു. നിങ്ങൾ എനിക്കു പണിയുന്ന ദേവാലയം എപ്രകാരം ഉള്ളത്?'' “അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കുന്നില്ല” എന്ന് 48-ാം വാക്യവും സൂചിപ്പിക്കുന്നു. എല്ലാ സഭയിലെയും മരാമത്തുവൈദികർ ഈ വാക്യങ്ങളുടെ അർത്ഥം ഗ്രഹിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു!

ഫോൺ: 8547959951

## സഭാനവീകരണവും നിയമനടപടികളും രണ്ടാംഘട്ടം

ജനുവരി 2-ാം തീയതി എറണാകുളത്ത് അഡ്വ: വർഗ്ഗീസ് പറമ്പിലിന്റെ വസതിയിൽ വച്ചു തുടക്കമിട്ട നിയമനടപടികളുടെ (കാണുക, കഴിഞ്ഞലക്കം സത്യജ്വാല-പേജ്,36) രണ്ടാംഘട്ട ചർച്ച, ഫെബ്രുവരി 11-ന് തൊടുപുഴ ശ്രീ. എം.എൽ ജോർജിന്റെ വസതിയിൽ തുടർന്നു. തയ്യാറായിടത്തോളം നടപടിക്രമങ്ങൾ അംഗീകരിച്ചു അടുത്ത ഒരു മാസംകൊണ്ട് രൂപരേഖ പൂർത്തിയാക്കി, നടപടികളിലേക്കു കടക്കത്തക്കവിധം കാര്യങ്ങൾ പുരോഗമിക്കുന്നതായി അഡ്വ. ജോസ് ജോസഫ് അറിയിക്കുന്നു.

പ്രാദേശികസമിതികൾ താമസിയാതെ യോഗംചേർന്ന് നടപടികൾക്ക് വേണ്ട പിന്തുണ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**പ്രൊഫ.പി.സി.ദേവസ്യ**
പ്രസിഡണ്ട്, KCRM

ഒ-യ്ക്ക് ഇങ്ങനെയൊരു കത്ത് പുറപ്പെടുവിക്കാൻ കഴിയുന്നുവെങ്കിൽ, അതെങ്ങനെ സാധിക്കുന്നു? അവിടെയാണ് ബിഷപ്പ് ഫ്രാങ്കോയ്ക്ക് ഇപ്പോഴും രൂപതയിലുള്ള സ്വാധീന്യം വ്യക്തമാകുന്നത്. ഫ്രാങ്കോയുടെ വലംകൈയായി നിൽക്കുന്നയാളാണ് ഫാ. പീറ്റർ കാവുമ്പുറം. ഫ്രാങ്കോയ്ക്കുവേണ്ടി ഞങ്ങൾക്കും വീട്ടുകാർക്കുമെതിരേ കേസ് കൊടുത്തതുപോലും പി ആർ ഒ പീറ്റർ കാവുമ്പുറമാണ്. ഫ്രാങ്കോയ്ക്കുവേണ്ടി എന്തൊക്കെ ചെയ്യാമോ അതെല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമാണ് അഗ്നലോ പിതാവിനെ തിരുത്തിക്കൊണ്ടുള്ള ഈ കത്തുപോലും. പക്ഷേ ഇനിയും ഞങ്ങളെ വരുതിക്കുനിർത്താൻ അവർക്ക് കഴിയില്ല. ഇവിടെയിപ്പോൾ ഞങ്ങൾ ഒരുമിച്ചുനിൽക്കേണ്ടത് അത്യാവശ്യമാണ്. പല സ്ഥലങ്ങളിലേക്ക് പോയാൽ അത് ഞങ്ങളുടെ ജീവനുതന്നെ അപകടം ഉണ്ടാക്കിയേക്കാം.

ഞങ്ങൾ സ്വന്തം ഇഷ്ടപ്രകാരം പോന്നതാണെന്നാണല്ലോ പറയുന്നത്. അത് ശരിയാണ്, ഞങ്ങൾ സ്വന്തം ഇഷ്ടപ്രകാരംതന്നെ പോന്നതാണ്. എന്തുകൊണ്ട് എന്നുകൂടി പറയാം. ഞങ്ങളുടെ സിസ്റ്ററിനെ ഈ സഭയിലോ കോൺഗ്രിഗേഷനിലോ ഉള്ള ഒരാൾപോലും പിന്തുണയ്ക്കാനോ കൂടെ നിൽക്കാനോ ഇല്ലാതിരുന്നതുകൊണ്ടാണ് ഞങ്ങൾ ഇങ്ങോട്ട് പോന്നത്. എല്ലാ വെല്ലുവിളികളും സഹിച്ച് കൂടെനിൽക്കുന്നത്. അതിൽ ന്യായമുണ്ട്.

തങ്ങളെ കേസ് കഴിയും വരെ കുറവിലങ്ങാട് മഠത്തിൽത്തന്നെ പരാതിക്കാരിയായ കന്യാസ്ത്രീക്കൊപ്പം നിൽക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് അഞ്ചു കന്യാസ്ത്രീകളും ചേർന്നുനൽകിയ കത്തിനുള്ള മറുപടിയിലാണ് ഇവരെ നിലവിലുള്ള മഠത്തിൽ തന്നെ തുടരാൻ ബിഷപ്പ് അഗ്നലോ അനുവദിക്കുന്നത്. സിസ്റ്റർ നീന റോസിനോട് പഞ്ചാബിലെത്തി വിശദീകരണം നൽകാനുള്ള മദർ ജനറാൾ സിസ്റ്റർ റജീനയുടെ നിർദ്ദേശത്തെയും ബിഷപ്പ് എതിർക്കുന്നുണ്ട്. തന്റെ അനുവാദമില്ലാതെയും തന്നോട് കൂടിയാലോചിക്കാതെയും ഇനിമേലിൽ കന്യാസ്ത്രീകൾക്ക് കത്തുകൾ അയയ്ക്കരുതെന്ന തീരുമാനം താൻ മദർ ജനറാളിനെ അറിയിച്ചിട്ടുണ്ടെന്നും ബിഷപ്പ് അഗ്നലോ കന്യാസ്ത്രീകളെ അറിയിച്ചിരുന്നു. കുറവിലങ്ങാട്ടെ മിഷൻ ഹോമിൽനിന്നു കേസിന്റെ വിചാരണ കഴിയുംവരെ ആരും നിങ്ങളെ മറ്റില്ലെന്നും രൂപതാധ്യക്ഷൻ കന്യാസ്ത്രീകളോട് ഉറപ്പ് പറഞ്ഞിരുന്നു. അതിനു പിന്നാലെയാണ്, ബിഷപ്പിനെ തള്ളിക്കൊണ്ട് രൂപത പി ആർ ഒ ഫാ. പീറ്റർ കാവുമ്പുറം പ്രസ്താവനയിറക്കിയത്.

രൂപതാധ്യക്ഷനെത്തന്നെ തള്ളിക്കൊണ്ട് പി ആർ ഒ രംഗത്തു വന്നതിനുപിന്നിൽ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ ആണെന്നും കേസ് അട്ടിമറിക്കാൻ എന്തും ചെയ്യാൻ ബിഷപ്പ്



*ബിഷപ്പ് ആഗ്നലോ ഗ്രേഷ്യസ്*

ഫ്രാങ്കോ തയ്യാറാകും എന്നതിന്റെ തെളിവാണ് പുതിയ സംഭവമെന്നും, അതിനാൽ ബിഷപ്പ് പദവിയിൽനിന്നും ഫ്രാങ്കോയെ മാറ്റാൻ മാർപാപ്പ തയ്യാറാകണമെന്നും ‘സേവ് ഔർ സിസ്റ്റേഴ്സ് മൂവ്മെന്റ്’ ചൂണ്ടിക്കാണിക്കുന്നു.

രൂപതാധ്യക്ഷന് കോൺഗ്രിഗേഷൻ കാര്യങ്ങളിൽ ഇടപെടാൻ കഴിയില്ലെന്ന പി ആർ ഒ-യുടെ നിലപാടിനെ ചോദ്യംചെയ്ത് എസ് ഒ എസ് നേതൃനിരയിലുള്ള ഷൈജു ആന്റണി പറയുന്നത് കാര്യങ്ങളിവയാണ്: പരാതിക്കാരിയായ കന്യാസ്ത്രീക്കെതിരേ മറ്റൊരാൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഒരു അന്വേഷണകമ്മീഷനെ നിയോഗിച്ചത് ബിഷപ്പ് ഫ്രാങ്കോ ജലന്ധർ രൂപതാധ്യക്ഷനായിരുന്നപ്പോഴായിരുന്നല്ലോ. അത് മിഷണറീസ് ഓഫ് ജീസസ് കോൺഗ്രിഗേഷനിൽ രൂപതാബിഷപ്പിന്റെ ഇടപെടലല്ലേ? ഇപ്പോൾ പി ആർ ഒ പീറ്റർ കാവുമ്പുറം പറയുന്നതുപോലെ ബിഷപ്പിന് കോൺഗ്രിഗേഷനിൽ ഇടപെടാൻ അവകാശമില്ലെങ്കിൽ ഫ്രാങ്കോയുടെ ഇടപെടലുകളെല്ലാം തെറ്റായിരുന്നുവെന്നുകൂടിയല്ലേ വ്യക്തമാകുന്നത്? രൂപത കോൺഗ്രിഗേഷൻ എന്നു പറയുമ്പോൾ രൂപതയുടെ ബിഷപ്പുതന്നെയാണ് ആ കോൺഗ്രിഗേഷന്റെ പരമാധികാരിയും, അദ്ദേഹം പറയുന്നു.

*(കടപ്പാട്: അഴിമുഖം.കോം)*

**KCRM പ്രതിമാസ പരിപാടി**

# പ്രതിരോധത്തിന്റെ ആത്മീയത

## ചർച്ചാസമ്മേളനം

**2019 ഫെബ്രു.23. ശനിയാഴ്ച ഉച്ചയ്ക്ക് 2.00 p.m മുതൽ, പാലാ ടോംസ് ചേമ്പർ ഹാളിൽ**

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | **പ്രൊഫ. പി. സി. ദേവസ്യ** (ചെയർമാൻ, KCRM ) |
| വിഷയം അവതരിപ്പിച്ചു ചർച്ച നയിക്കുന്നത് | : | **റവ. ഡോ. വത്സൻ തമ്പു** (റിട്ട. പ്രിൻസിപ്പാൾ, സെന്റ് സ്റ്റീഫൻസ് കോളേജ്, ഡൽഹി) |
| ചർച്ചയിൽ പങ്കെടുക്കുന്ന പ്രമുഖർ | : | **ശ്രീ. വി.ഡി.ജോസ്** (കൺവീനർ, 'SOS' കോട്ടയം യൂണിറ്റ്) |
| | : | **പി.ജെ.തോമസ്** (സെക്രട്ടറി, പൗരാവകാശസമിതി, കടുത്തുരുത്തി ) |
| | : | **ശ്രീ ബെഞ്ചമിൻ ആന്റണി** (സെക്രട്ടറി, 'സമീക്ഷ' കടുത്തുരുത്തി) |
| | : | **ശ്രീ കെ. ജോർജ് ജോസഫ്** (ചെയർമാൻ, 'ആൾ കേരളാ ചർച്ച് ആക്ട് ആക്ഷൻ കൗൺസിൽ) |
| | : | **പ്രൊഫ.ജോസഫ് വർഗീസ്** (വൈസ് ചെയർമാൻ, KCRM) |
| | : | **ഡോ.എം.കെ. മാത്യു** |
| | : | **അഡ്വ. ഇന്ദുലേഖാ ജോസഫ്** |

ബഹുമാന്യരേ,

മാറ്റം അനിവാര്യമായിരിക്കുന്ന ഒരു അടിയന്തിര സാഹചര്യത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്, കേരളക്രൈസ്തവസമൂഹം ഇന്ന്. ഒരു വശത്ത്, അധികാരത്തിന്റെയും സമ്പത്തിന്റെയും ശക്തികളുടെ പിടിമുറുക്കത്തിൽപെട്ട് സഭ മൂല്യാപചയത്തിലേക്കു താഴ്ത്തപ്പെടുമ്പോൾ, മറുവശത്ത് പ്രത്യാശ പരത്തിക്കൊണ്ട്, സത്യത്തിനും നീതിക്കുംവേണ്ടി പൊരുതി സഭയെ മൂല്യവൽക്കരിക്കാൻ ശ്രമിക്കുന്ന ദൈവജനത്തിന്റെ ശക്തിയും ചൈതന്യവും മുമ്പെന്നത്തെയുംകാൾ വർദ്ധിച്ചുവരുന്നു. സൂക്ഷ്മമായി നിരീക്ഷിച്ചാൽ, കേരളസഭയെ അധഃപതനത്തിന്റെ ആഴങ്ങളിലേക്കു അമർന്നുപോകാതെ സംരക്ഷിച്ചുനിർത്തുന്നത്, ആത്മീയതയിലൂന്നിയുള്ള ഈ പ്രതിരോധപ്രവർത്തനങ്ങളാണെന്നുകാണാം.

സഭയെ ഗുണപരമായി മാറ്റിമറിക്കാൻപോരുന്ന 'പ്രതിരോധത്തിന്റെ ആത്മീയത'യെക്കുറിച്ചാണ് ഈ പ്രാവശ്യം നമ്മൾ ചർച്ചചെയ്യുന്നത്. ഡൽഹി സെന്റ് സ്റ്റീഫൻസ് കോളേജ് മുൻ പ്രിൻസിപ്പലും, വിഖ്യാതചിന്തകനും ബൈബിൾ പണ്ഡിതനും ഗ്രന്ഥകാരനും പ്രഭാഷകനുമെല്ലാമായ റവ ഡോ. വൽസൻ തമ്പുവാണ് വിഷയമവതരിപ്പിച്ച് ചർച്ച നയിക്കുന്നത്. സഭാനവീകരണരംഗത്ത് ഇന്ന് അറിയപ്പെടുന്ന 'SOS ആക്ഷൻ കൗൺസിൽ', 'ഓൾ കേരളാ ചർച്ച് ആക്ട് ആക്ഷൻ കൗൺസിൽ', 'KCRM'മുതലായ പ്രസ്ഥാനങ്ങളുടെയും, കോട്ടയംജില്ലയിൽ തന്നെയുള്ള ഏതാനും ജനകീയപ്രതിരോധ-സാംസ്കാരിക പ്രസ്ഥാനങ്ങളുടെയും നേതാക്കൾ ചർച്ചയിൽ പങ്കെടുക്കുകയും ചെയ്യുന്നു. തീർച്ചയായും ഈ പരിപാടി, KCRM നടത്തിയിട്ടുള്ള ചർച്ചാസമ്മേളനങ്ങളിൽവച്ച് ഏറെ സമ്പന്നവും അവിസ്മരണീയവും ആയിരിക്കും.

ചർച്ചയിൽ പങ്കെടുക്കാൻ എല്ലാവർക്കും അവസരമുണ്ടായിരിക്കും. ഈ പരിപാടിയിലേക്ക് എല്ലാവരെയും ഹാർദ്ദമായി ക്ഷണിക്കുന്നു!

ആദരവുകളോടെ, **ഷാജു ജോസ് തറപ്പേൽ** (9446540448) -സെക്രട്ടറി, KCRM

**ടോംസ് ചേമ്പറിലേക്കുള്ള വഴി**

പാലായിൽനിന്ന് തൊടുപുഴ റോഡിലേക്കു തിരിഞ്ഞാൽ, KSRTC സ്റ്റാൻഡിനെതിർവശത്തായി, ആദ്യം വലത്തോട്ട് തിരിയുന്ന റോഡിലൂടെ 100 മീറ്റർ ദൂരത്തിൽ 'സൺ സ്റ്റാർ' ഹോട്ടലിനു സമീപത്ത് ഇടതുവശത്താണ് ടോംസ് ചേമ്പർ ബിൽഡിംഗ്.

## തുടർലേഖനങ്ങൾ അടുത്ത ലക്കത്തിൽ തുടരും

സെബാസ്റ്റ്യൻ പള്ളിത്തോടിന്റെ 'പുലിക്കുന്നേലിനെ ഓർമ്മിക്കുമ്പോൾ', പ്രൊഫ.പി. എൽ. ലൂക്കോസിന്റെ 'വിശ്വാസികളെ വിഢ്ഢികളാക്കുന്ന പൗവ്വത്തിൽ കുരിശ്'എന്നീ ലേഖനങ്ങൾ പ്രസിദ്ധീകരിക്കാൻ സ്ഥലപരിമിതിമൂലം ഈ ലക്കത്തിൽ സാധിച്ചില്ല. അവ അടുത്ത ലക്കത്തിൽ തുടരുന്നതായിരിക്കും എന്നറിയിക്കട്ടെ.

ഡോ. ജെ.സി. കുമരപ്പയുടെ, 'Practice and Precepts of Jesus' എന്ന മഹത്ഗ്രന്ഥത്തിന്റെ പരിഭാഷയായി പ്രസിദ്ധീകരിച്ചുപോരുന്ന, 'യേശുവിന്റെ പ്രവർത്തനപദ്ധതിയും പ്രമാണതത്ത്വങ്ങളും' എന്ന പരമ്പരയും, 9 ഭാഗങ്ങൾക്കുശേഷം കഴിഞ്ഞ ജൂൺ ലക്കം മുതൽ മുടങ്ങിക്കിടക്കുകയാണല്ലോ, എന്നും ഓർമ്മിക്കുന്നു.

-എഡിറ്റർ

**KCRM പ്രതിമാസ പരിപാടി-തൊടുപുഴ**

## രണ്ടാം വാർഷിക സമ്മേളനം, തെരഞ്ഞെടുപ്പ്, തന്നാണ്ട് പ്രവർത്തനങ്ങൾക്ക് നയരേഖ

**2019 ഫെബ്രുവരി 24-ാം തീയതി ഞായറാഴ്ച 2 മണിമുതൽ**
**തൊടുപുഴ - കാലിക്കട്ട് കോളേജു ഹാളിൽ**
(പ്രൈവറ്റ് ബസ്സ്റ്റാന്റിനു പിന്നിൽ - ബ്ലഡ് ബാങ്കിനു സമീപം)

**രണ്ടു വർഷത്തെ പ്രവർത്തനങ്ങളിൽനിന്ന് ഊർജ്ജം ഉൾക്കൊണ്ട് പുതുചൈതന്യത്തോടെ മൂന്നാം വർഷത്തിലേക്ക് .......**

ഏവർക്കും സ്വാഗതം!
സെക്രട്ടറി, KCRM തൊടുപുഴ യൂണിറ്റ്

**ഫെബ്രുവരിയിലെ പ്രത്യേക പരിപാടി**

തൊടുപുഴ താലൂക്കിന്റെ വിവിധകേന്ദ്രങ്ങളിൽ ഫെബ്രുവരി 21 വ്യാഴാഴ്ച 3 മണിമുതൽ
**KCRM - ന്റെ നയവിശദീകരണയോഗങ്ങൾ!**
തുടർന്ന്,
**കരിമണ്ണൂർ കുരിശുപള്ളിക്കവലയിൽ പൊതുസമ്മേളനം**

വിഷയങ്ങൾ:
1. ബൈബിൾ ഭാരതീയ ദർശനങ്ങളുടെ പശ്ചാത്തലത്തിൽ
**കെ.ജി.പോൾ കൂരുവേലിൽ**
2. ക്രൈസ്തവസഭയിലെ വിവാദപ്രശ്നങ്ങൾ
**പ്രൊഫ ജോസഫ് വർഗ്ഗീസ്**
3. ദൈവജനത്തിന്റെ സ്വാതന്ത്ര്യം
**പ്രൊഫ. പി.സി. ദേവസ്യ**

---

**KCRM പ്രോഗ്രാം റിപ്പോർട്ട് തൊടുപുഴ**

## "തത്ത്വങ്ങൾ തമസ്ക്കരിക്കപ്പെടുന്നു"

ചിന്തയും പ്രവർത്തനങ്ങളുംവഴി അധഃസ്ഥിതരെ, നവോത്ഥാനത്തിലേക്കു നയിച്ച നാരായണ ഗുരുദേവനെ ജാതിദൈവമാക്കി നിറംകൊടുത്ത് അവതരിപ്പിക്കുകയാണ് പുതിയ നാരായണീയർ ചെയ്യുന്നത് എന്ന് അഡ്വ: എം.എൻ സുകുമാരൻ ചൂണ്ടിക്കാണിച്ചു. ഗുരുദർശനങ്ങൾ പഠനവിധേയമാക്കി ഗുരുദേവനോടു നീതിചെയ്യുകയാണ് വേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ജനുവരി 27-ാം തീയതി, ഞായറാഴ്ച, തൊടുപുഴ കാലിക്കട്ട് കോളേജിൽ ചേർന്ന മതാന്തര സാഹോദര്യസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തവേയാണ് അദ്ദേഹം ഈ നിർദ്ദേശം മുമ്പോട്ടു വച്ചത്. KCRM തൊടുപുഴ യൂണിറ്റ് പ്രസിഡണ്ട് കെ.ജി. പോൾ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. ജോസഫ് കാലായിൽ, ജോസ് പി. വർഗ്ഗീസ്. പി. എ അഗസ്റ്റിൻ, കെ.കെ. അഗസ്റ്റിൻ, അഡ്വ. ജോസ് ജോസഫ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. സെക്രട്ടറി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

ശ്രീ സെബാസ്റ്റ്യൻ മുണ്ടയ്ക്കാമറ്റത്തിന്റെ നന്ദിപ്രകടനത്തോടെ 5.30-ന് യോഗം സമാപിച്ചു.

**പ്രൊഫ.പി.സി. ദേവസ്യ** (9961255175) (സെക്രട്ടറി, തൊടുപുഴ യൂണിറ്റ്)

## സത്യജ്വാല

'സത്യജ്വാല' – അന്ധരായ വഴികാട്ടികൾ നയിക്കുന്ന ഇരുൾപാതയിൽ ഒരു ചെറുതിരിവെട്ടം!
'സത്യജ്വാല' – കള്ളയിടയന്മാർക്കെതിരെ ഒരു ചെറുമുറവിളി!.
'സത്യജ്വാല' – പള്ളികൾ കൊള്ളക്കാരുടെ ഗുഹകളാക്കിയവർക്കെതിരെ ഒരു ചെറു ചാട്ടവാർ!
'സത്യജ്വാല' – നവീകൃതസഭാജീവിതത്തിലേക്ക് ഒരു എളിയ വഴികാട്ടി!
ചെറുതിരി തീപ്പന്തമാക്കുക, മുറവിളി ആർപ്പുവിളിയാക്കുക, ചാട്ടവാർ ചാട്ടവാറുകളാക്കുക...
യാഥാസ്ഥിതികസഭാജീവിതത്തിൽനിന്നും ദൈവരാജ്യപൗരജീവിതത്തിലേക്കു വഴിതുറക്കുക
'സത്യജ്വാല' – വായിക്കുക, വരിക്കാരാകുക, പ്രചരിപ്പിക്കുക!

# യേശു എന്ന മനുഷ്യൻ

KCRM North America -യുടെ പതിമൂന്നാമത് ടെലി-കോൺഫെറൻസ് 2019 ജനുവരി 09 ബുധനാഴ്ച, വൈകിട്ട് ഒമ്പതു മണിക്ക് (EST) നടത്തുകയുണ്ടായി. രണ്ടര മണിക്കൂർ നീണ്ടുനിന്ന കോൺഫെറൻസ് ഹ്യൂസ്റ്റനിൽ നിന്ന് ശ്രീ എ സി ജോർജ് മോഡറേറ്റ് ചെയ്തു. റവ. ഡോ. ജയിംസ് ഗുരുദാസ് സി. എം. ഐ. ആയിരുന്നു, വിഷയാവതാരകൻ. വിഷയം, 'യേശു എന്ന മനുഷ്യൻ'. ജനറൽ കോർഡിനേറ്റർ എന്ന നിലയിൽ ഈ ലേഖകൻ ഗുരുദാസച്ചനെ എല്ലാവർക്കും പരിചയപ്പെടുത്തി. അമേരിക്കയിലെയും കാനഡയിലെയും വിവിധ ഭാഗങ്ങളിൽനിന്നായി അറുപതോളം ആൾക്കാർ ടെലികോൺഫെറൻസിൽ പങ്കെടുത്തു. അതിൽ ഇരുപതോളം പേർ ചർച്ചയിൽ സജീവമായി പങ്കെടുത്തു.

യേശുവിനോടുള്ള ഭക്തി യുക്തി യോടെയുള്ള സ്നേഹമായിരിക്കണമെന്നും യുക്തിയില്ലാത്ത ഭക്തി ബുദ്ധിയുള്ള മനുഷ്യർക്ക് ചേർന്നതല്ലെന്നും ഗുരുദാസച്ചൻ തുടക്കത്തിൽത്തന്നെ പറഞ്ഞുവെച്ചു. 'നല്ല ഇടയൻ' എന്ന സങ്കല്പം യേശു അവതരിപ്പിച്ചത്, ആദ്ധ്യാത്മിക പരിപാലകർക്കുണ്ടായിരിക്കേണ്ട ശുഷ്കാന്തിയെ ഉയർത്തിക്കാട്ടാനാണ്; മനുഷ്യരെ ചിന്താശക്തിയില്ലാത്ത ആടുകളായി തരംതാഴ്ത്താനല്ല. ഇടയരായ പുരോഹിതർക്കേ ചിന്താശക്തിയുള്ളൂ; ആടുകളായ വിശ്വാസികൾക്കതില്ല എന്ന കാഴ്ചപ്പാട് ചിന്തിക്കുന്ന മനുഷ്യന് ചേർന്നതല്ല. ഭക്തിയുടെ യുക്തി ആലോചിക്കുന്ന ശാസ്ത്രമായിരിക്കണം ദൈവശാസ്ത്രം.

യേശു നമുക്ക് ഗുരുവാണെന്നും യൗസേപ്പും മേരിയും യേശുവിന്റെ യഥാർത്ഥ മാതാപിതാക്കളാണെന്നും (biological parents) അദ്ദേഹം പറഞ്ഞു. ഒപ്പം, കന്യകാജനന സിദ്ധാന്തത്തെ ദൈവശാസ്ത്രപരമായി അദ്ദേഹം വിശദീകരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാന ലക്ഷ്യം, യേശു ദൈവത്തിൽനിന്നു ജനിച്ചവനും ദൈവപുത്രനുമായ ഒരു മഹാനാണെന്നു സ്ഥാപിക്കുക എന്നതാണ്. ഈ സിദ്ധാന്തത്തിന്റെ തെളിവിലേക്കായി അലക്സാണ്ടർ ചക്രവർത്തി, ദാർശനികരായ അരിസ്റ്റോട്ടൽ, പ്ലേറ്റോ, റോമൻ ചക്രവർത്തി ജൂലിയസ് സീസർ തുടങ്ങിയ മഹാന്മാരുടെ സമാനമായ ജനനകഥകളെ അദ്ദേഹം ഉദാഹരിച്ചു. യേശുജനനത്തെ സംബന്ധിച്ചുള്ള സുവിശേഷവിശദീകരണം ദൈവശാസ്ത്രപരമായ ഒന്നാണ്; അത് ജീവശാസ്ത്രപരമായ ഒന്നല്ല – അദ്ദേഹം സമർത്ഥിച്ചു.

യേശുവിന്റെ കാലത്ത്, പലസ്തീനാക്കാരിൽ ഒരു കൂട്ടർ വന്ദിതരും മറ്റൊരു കൂട്ടർ നിന്ദിതരും ആയിരുന്നു. സദൂകൃർ, പുരോഹിതർ, പ്രീശന്മാർ, വേദപണ്ഡിതർ, നിയമജ്ഞർ, എസ്സിൻകാർ തുടങ്ങിയവർ വന്ദിതഗണത്തിലും, പാപികൾ, ചുങ്കക്കാർ, സ്ത്രീകൾ, കുഷ്ഠരോഗികൾ, ജാതിയിൽ ദുഷിച്ച ശമറായർ തുടങ്ങിയവർ നിന്ദിതഗണത്തിലും പെട്ടിരുന്നു. ഇതിൽ വന്ദിതരായി ഗണിക്കപ്പെട്ടിരുന്നവരുടെ ഫരിസേയമതത്തെ തള്ളി, സ്നേഹമെന്ന ഒരേയൊരു നിയമത്തിൽ ബന്ധിതമായ സമൂഹം കെട്ടിപ്പടുക്കുക എന്നതായിരുന്നു യേശുവിന്റെ ജീവിതലക്ഷ്യം. യേശു പൗരോഹിത്യത്തെ എതിർത്തു; സ്ത്രീകളെ ഉദ്ധരിച്ച് സ്ത്രീവിമോചകനായി; പാപികളെ അന്വേഷിച്ചു വന്നവനായി. 'നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിച്ചാൽ അതിലെന്ത് സവിശേഷത,' 'ശത്രുക്കളെ സ്നേഹിക്കുക' എന്നു തുടങ്ങി വന്ദിതഗണത്തിന്



സ്വീകരിക്കാൻ സാധിക്കാത്ത അനേകം വിപ്ലവാശയങ്ങൾ യേശു പ്രസംഗിക്കുകയും ജീവിതത്തിൽ കാണിച്ചുകൊടുക്കുകയും ചെയ്തു.

നിയമം, അനുഷ്ഠാനം, പുരോഹിതർ എന്നീ മാധ്യമങ്ങളില്ലാത്ത മതാത്മകതയും (non-mediated relationship to God), മതിലുകളില്ലാത്ത മാനവികതയുമായിരുന്നു യേശുവിന്റെ ജീവിതസന്ദേശം. യേശു ദൈവത്തെ പിതാവായിക്കണ്ട് ആബായെന്ന് വിളിക്കാൻ ശിഷ്യരെ പഠിപ്പിച്ചു. യേശുവിന്റെ ദൈവാനുഭവമായിരുന്നു അത്. അപ്പോൾ എല്ലാവരും സഹോദരരാണ്. അതിന്റെ യുക്തിയിലാണ്, സ്വയംപൂജ (egoism) പാടില്ല എന്നും ശത്രുക്കളെപ്പോലും സ്നേഹിക്കണമെന്നും പറയുന്നത്. യേശു സംഘടിതസഭ സ്ഥാപിച്ചിട്ടില്ല. ആദിമസഭ ഒരു കൂട്ടായ്മ ആയിരുന്നു, അവർ വചനം ശ്രവിച്ച് കൂട്ടായ്മയിൽ ജീവിച്ച് ഒരുമിച്ച് പ്രാർത്ഥിച്ച് ഒരുമിച്ച് ഭക്ഷണം കഴിച്ചു ജീവിച്ചു. യേശുവിന്റെ ജീവിതാനുസ്മരണമായിരുന്ന അപ്പം മുറിക്കൽ, കുടുംബക്കൂട്ടായ്മകളിൽ നടന്നിരുന്ന സ്നേഹവിരുന്നായിരുന്നു. സഭ പിൽകാലത്ത് ഒരു സംഘടിതപ്രസ്ഥാനമായി

# SOS കോട്ടയം കൂട്ടായ്മയുടെ ഐക്യദാർഢ്യസമ്മേളനം വൻവിജയം!

-സ്റ്റാഫ് റിപ്പോർട്ടർ

**കോ**ട്ടയം പഴയ പോലീസ് സ്റ്റേഷൻ മൈതാനത്ത് SOS കോട്ടയം കൂട്ടായ്മ കുറവിലങ്ങാട് കന്യാസ്ത്രീകൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ സംഘടപ്പിച്ച സമ്മേളനം വൻവിജയമായി. കന്യാസ്ത്രീകളുടെ സാന്നിദ്ധ്യം പരിപാടിയുടെ മാറ്റ് പതിന്മടങ്ങാക്കി.

അഡ്വ. അനിലാ ജോർജ്ജ് ആദ്ധ്യക്ഷ്യംവഹിച്ച സമ്മേളനം വിഖ്യാത ബൈബിൾപണ്ഡിതനും ഡൽഹി സെന്റ് സ്റ്റീഫൻ കോളേജ് മുൻ പ്രിൻസിപ്പലുമായ റവ. ഡോ. വത്സൻതമ്പു ഉദ്ഘാടനം ചെയ്തു. കോടതി വ്യവസ്ഥയിലെ ജീർണ്ണതയെ നാലു സീനിയർ സുപ്രീംകോടതി ജഡ്ജിമാർ ചോദ്യംചെയ്തതിനെ അനുസ്മരിപ്പിക്കുന്ന ഇടപെടലാണ് കേരളത്തിലെ 5 കന്യാസ്ത്രീകൾ നടത്തിയതെന്നു അദ്ദേഹം പറഞ്ഞു. സഭയിൽ കന്യാസ്ത്രീകൾ നേരിടുന്ന പീഢനം ലൈംഗിക അടിമത്തമാണെന്ന ഫ്രാൻസീസ് മാർപാപ്പയുടെ പ്രസ്താവനയെ അദ്ദേഹം സ്വാഗതംചെയ്തു. മുഖ്യപ്രഭാഷണം നടത്തിയ പ്രശസ്ത എഴുത്തുകാരി എസ്സ് ശാരദകുട്ടി, കേരളത്തിലെ സംഘടിത ഫെമിനിസ്റ്റ്പ്രസ്ഥാനങ്ങൾ നൽകിയ സംഭാവനകളേക്കാൾ മൂല്യവത്തും ഉജ്ജ്വലവുമാണ്, ഈ കന്യാസ്ത്രീകൾ തങ്ങളുടെ സമരത്തിലൂടെ കേരളസമൂഹത്തിന് നൽകിയത് എന്നഭിപ്രായപ്പെട്ടു.

സി. അനുപമ നടത്തിയ പ്രസംഗത്തിനൊടുവിലാണ്, തങ്ങളയച്ചിരുന്ന കത്തിന് മറുപടിയായി, കേസ് കഴിയുന്നതുവരെ കുറവിലങ്ങാട് മഠത്തിൽത്തന്നെ തുടരാൻ തങ്ങളെ അനുവദിച്ചുകൊണ്ട് ഇപ്പോഴത്തെ ജലന്തർ രൂപതാദ്ധ്യക്ഷൻ ബിഷപ് ആഗനലോ ഗ്രേഷ്യസ് എഴുതിയ കത്ത് ലഭിച്ച സന്തോഷവാർത്ത പുറത്തുവിട്ടത്. കരഘോഷംകൊണ്ടും ആർപ്പുവിളികൾകൊണ്ടും സദസ്സ് ആകെ ശബ്ദമുഖരിതമായ നിമിഷങ്ങളായിരുന്നു, അത്. തുടർന്ന് ശ്രീ. ഷൈജു ആന്റണി ബിഷപ്പ് ആഗ്നലോയുടെ കത്ത് വായിച്ച് വിശദീകരിച്ചു.



പി. ഗീത, കെ. ജോർജ് ജോസഫ്, കുസുമം ജോസഫ്, കൊച്ചുറാണി എബ്രാഹം, അഡ്വ. ഇന്ദുലേഖാ ജോസഫ്, ഫിലിപ് എൻ തോമസ്, ജോൺസൺ പി.ജെ, ഏലിയാസ് ടി.ഒ, അഡ്വ. സജി എം, സെബാസ്റ്റ്യൻ വട്ടമറ്റം, ഫാ. അഗസ്റ്റിൻ വട്ടോളി, ബെഞ്ചമിൻ ആന്റണി, പി.സി. കുര്യച്ചൻ, അവന്തിക, ഗിരിജ ചാമക്കാല, പി. ജെ. തങ്കച്ചൻ, വി.ഡി. ജോസ്, ഡോ. ബിജുലാൽ എന്നിങ്ങനെ നിരവധിപേർ, വിവിധ സഭാനവീകരണ - ജനകീയ -സ്ത്രീശാക്തീകരണപ്രസ്ഥാനങ്ങളെ പ്രതിനിധീകരിച്ചും അല്ലാതെയും, നീതിക്കായി പൊരുതുന്ന കന്യാസ്ത്രീകളോട് തങ്ങൾക്കുള്ള ഐക്യദാർഢ്യം പ്രകടിപ്പിച്ചു സംസാരിച്ചു.

സമ്മേളനത്തെത്തുടർന്ന്, സാമൂഹികവിമർശനത്തിനും ജനകീയ ആക്ടിവിസത്തിനും ഊർജ്ജം പകരുന്ന ഒരു നവീന കലാരൂപത്തിന്റെ അവതരണവും ഉണ്ടായിരുന്നു. മാർട്ടിൻ ഊരാളിയുടെ നേതൃത്വത്തിലുള്ള ഊരാളി സംഘം ദ്രുതസംഗീതവും ചാട്ടുളിപ്രയോഗം പോലത്തെ സംഭാഷണങ്ങളും കൂട്ടിയിണക്കി തയ്യാറാക്കിയ ഈ കലാരൂപം ഏറെ ഹൃദ്യമായിരുന്നു.

പ്രധാനമായും കടുത്തുരുത്തി പൗരാവകാശസമിതി, KCRM എന്നീസംഘടനകളാണ്, ഈ പരിപാടിയുടെ സംഘാടനത്തിൽ SOS കോട്ടയം ഘടകത്തോടൊപ്പം പ്രവർത്തിച്ചത്.

---

മാറിയപ്പോൾ, ഇതിനെ ഒരു അനുഷ്ഠാനമാക്കി (Eucharist) മാറ്റുകയായിരുന്നു.

വിശ്വാസികളെ ഭയപ്പെടുത്തി നന്മചെയ്യാൻ പ്രേരിപ്പിക്കുന്ന സഭയുടെ അധമമായ ചിന്തയിൽ ഉദിച്ചതാണ് സ്വർഗം, നരകം, ശുദ്ധീകരണസ്ഥലം എന്ന മൂന്ന് തട്ടുകൾ. യേശുപഠനത്തിൽ സ്വർഗ്ഗമല്ല; മറിച്ച്, മോക്ഷമാണുള്ളത്. എല്ലാ സൃഷ്ടികളും സ്രഷ്ടാവിൽ, ഉണ്മയുടെ ആകെത്തുകയായ ദൈവത്തിൽ, ലയിക്കുന്ന അവസ്ഥ - ഗുരുദാസച്ചൻ ഉപസംഹരിച്ചു.

തുടർന്നു നടന്ന ചർച്ച വളരെ സജീവമായിരുന്നു. അതിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾക്ക് ഗുരുദാസച്ചൻ വ്യക്തമായ മറുപടി നൽകി. എങ്കിലും പഴയ ബോധ്യങ്ങളെ പൊളിച്ചെഴുതാൻ ചിലർക്ക് പ്രയാസമുണ്ടായി എന്ന് തോന്നുന്നു. യുക്തിഭദ്രമായ ഭക്തിയുടെ പ്രസക്തിയിലേക്കാണ് അത് വിരൽ ചൂണ്ടുന്നത്.

ടെലി-കോൺഫറൻസ് അവസാനിച്ചതിനുശേഷം, തുടർന്നു നടത്തേണ്ട സംഘടനാപ്രവർത്തനം സംബന്ധിച്ച് കൂടിയാലോചന നടത്തി. ലൂസി കളപ്പുരക്കൽ സിസ്റ്ററും അഗസ്റ്റിൻ വട്ടോളിയച്ചനും ഇപ്പോൾ നേരിടുന്ന സഭാപരമായ അച്ചടക്കനടപടിക്കെതിരെ സഭാധികാരികൾക്ക് മെമ്മോറാണ്ടം അയയ്ക്കാനും 2019 ഓഗസ്റ്റ് 10 ശനിയാഴ്ച്ച ഷിക്കാഗോയിൽവെച്ച് കെ സി ആർ എം നോർത്ത് അമേരിക്കയുടെ ആഭിമുഖ്യത്തിൽ ഒരു ഏകദിന സെമിനാർ സംഘടിപ്പിക്കാനും തീരുമാനിച്ചു.

മോഡറേറ്റർ ശ്രീ എ സി ജോർജ് കോൺഫെറൻസിൽ സംബന്ധിച്ച എല്ലാവർക്കും, പ്രത്യേകിച്ച് വിഷയാവതാരകനായ ബഹു. ഗുരുദാസച്ചനും, നന്ദിപറഞ്ഞ് യോഗം അവസാനിപ്പിച്ചു.

**ചാക്കോ കളരിക്കൽ**
(ജനറൽ കോ-ഓർഡിനേറ്റർ)

പിന്നീട് നടന്ന ചർച്ചയിൽ കെ.കെ.ജോസ് കണ്ട ത്തിൽ, പ്രൊഫ: ഫിലോമിന ജോസഫ്, ആന്റോ മാങ്കൂട്ടം, ജോഷി പോൾ, ബഞ്ചമിൻ ആന്റണി മുതലായവർ പങ്കെടുത്തു. ജോർജ് മൂലേച്ചാലിൽ സ്വാഗതവും ജോയി കളരിക്കൽ കൃതജ്ഞതയും പറഞ്ഞു.

5 മണിക്ക് പൊതുയോഗം അവസാനിപ്പിച്ച്, 20/1/ 2019 ഞായറാഴ്ച കത്തോലിക്കാ പള്ളികളിൽ വായിച്ച മാർ ആലഞ്ചേരിയുടെ മനുഷ്യത്വരഹിതമായ ഇടയലേഖന ത്തിതിരെ പാലാ പട്ടണത്തിൽ പ്രതിഷേധപ്രകടനം നടത്തുകയും, 6 മണിക്ക് ളാലം ജംഗ്ഷനിൽ പൊതുയോഗം ചേരുകയുംചെയ്തു. സമ്മേളനത്തിനൊടുവിൽ, മരിയാ തോമസ്, പ്രൊഫ. ഫിലോമിനാ ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ ഇടയലേഖനത്തിന്റെ കോപ്പി അഗ്നി ക്കിയാക്കുകയും ചെയ്തു. പൊതുയോഗത്തിൽ, പ്രൊഫ: പി.സി. ദേവസ്യ, ശ്രീ.വി.ഡി.ജോസ്, പ്രൊഫ: ഫിലോമിന തോമസ്, ശ്രീ. ജോർജ് മൂലേ ച്ചാലിൽ മുതലായവർ സംസാരിച്ചു.

കെ.സി. ആർ.എം. പ്രവർത്തകർക്ക് വളരെ യേറെ ഉണർവ്വ് നൽകിയതായിരുന്നു പ്രസ്തുത പരിപാടി. മുൻകൂട്ടി പരസ്യപ്പെടുത്താതിരുന്നിട്ടും, പാലായിലെ പൗരാവലി അവരുടെ നിറഞ്ഞ സാന്നിദ്ധ്യം കൊണ്ട് ഈ പരിപാടിയെ പിന്തുണ യ്ക്കുകയുണ്ടായി.

**ഷാജു ജോസ് തറപ്പേൽ** (9496540448)
-സെക്രട്ടറി **KCRM**



*SOS കോട്ടയം - ഐക്യദാർഢ്യസമ്മേളനം റവ.ഡോ.വത്സൻ തമ്പു ഉദ്ഘാടനം ചെയ്യുന്നു*




*KCRM ബുക്ക് സ്റ്റാൾ*



*ഇടയലേഖനത്തിനെതിരെ എറണാകുളത്ത് പ്രതിഷേധം*




*സീറോ-മലബാർ സിനഡിലേക്ക് പ്രതിഷേധമാർച്ച്*




*ഇടയലേഖനത്തിനെതിരെ പാലായിൽ പ്രതിഷേധം*



*ഇടയലേഖനം അഗ്നിക്കിരയാക്കുന്നു*

Regd. No: M2-14438/12
RNI Regd. No: KERMAL/2013-52182
Published on 15-2-2019

February 2019
**Sathyajwala**
Price Rs. 20.00

Registered: KL/KTM/133/2017-19
Licence No. KL/CR/KTM/WPP-08/2017-19
Licensed to Post Without Prepayment.

## KCRM പ്രോഗ്രാംറിപ്പോർട്ട്-പാലാ

# "വ്രതാധിഷ്ഠിത സന്ന്യസ്ത ജീവിതസമ്പ്രദായത്തെ ഈ ഭൂമുഖത്തുനിന്നു തുടച്ചുനീക്കണം"

**- മരിയാ തോമസ്** (മുൻ കന്യാസ്ത്രീ)

**ജ**നുവരി മാസത്തെ പ്രതിമാസചർച്ച 26-ാം തീയതി 2 മണിക്ക് പാലാ ടോംസ് ചേമ്പർഹാളിൽ കൂടുകയുണ്ടായി. ചെയർമാൻ പ്രൊഫ. പി.സി. ദേവസ്യയുടെ അധ്യക്ഷതയിൽ ആരംഭിച്ച യോഗത്തിന്റെ ചർച്ചാവിഷയം, 'സഭയിൽ കന്യാസ്ത്രീകളുടെ ഇന്നത്തെ അവസ്ഥ' എന്നതായിരുന്നു.



*ശ്രീമതി മരിയാ തോമസ് (മുൻ കന്യാസ്ത്രീ)*



*ബെഞ്ചമിൻ ആന്റണി*



*കെ.കെ.ജോസ് കണ്ടത്തിൽ*

കന്യാസ്ത്രീസമൂഹത്തിന്റെ നിയമാവലി ജനാധിപത്യപരമാണ്; എന്നാൽ, പുരുഷൻമാരായ പുരോഹിതരുടെ കടന്നുകയറ്റം അവിടെയും ദുഷിപ്പിന് കാരണമായി എന്ന് ചെയർമാൻ അദ്ധ്യക്ഷപ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. ഒരു അത്മായൻ സ്ഥാപിച്ച മൂലമറ്റം 'സെന്റ് മർത്താസ് കോൺവെന്റ്', പിന്നീട് മരിച്ചുപോയ ഒരു മെത്രാനെ അതിന്റെ സ്ഥാപകനായി പ്രതിഷ്ഠിച്ച ഉദാഹരണവും അദ്ദേഹം ചൂണ്ടിക്കാട്ടി. കന്യാസ്ത്രീകൾ പുറത്ത് വരുന്നത് ആശയത്തിന്റെ പേരിലായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

വിഷയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചത് മുൻ കന്യാസ്ത്രീ മരിയാ തോമസ് ആയിരുന്നു. തന്റെ കന്യാസ്ത്രീ ജീവിതത്തിലെ അനുഭവങ്ങൾ അവർ ഹൃദയസ്പൃക്കായി അവതരിപ്പിച്ചു. 15-ാം വയസ്സിൽ മഠത്തിൽ ചേരുമ്പോൾ ജീവിതത്തെക്കുറിച്ച് ഒന്നും അറിയില്ലാത്ത സമയമാണ്. 21-ാം വയസ്സിൽ വ്രതമെടുക്കുമ്പോൾപോലും ലൈംഗികതയെക്കുറിച്ച് യാതൊന്നും അറിയില്ല. മാനസികമായും ശാരീരികമായും ഉണർവ് ലഭിക്കുന്നത് 20-ാം വയസ്സിന് ശേഷമാണ്. ദൈവശാസ്ത്രപഠനം വളരെ സ്വാധീനിച്ചിട്ടുണ്ട്. എങ്കിലും സന്യാസജീവിതവുമായി പൊരുത്തപ്പെടാൻ സാധിക്കാത്തതുകൊണ്ട് 37-ാം വയസ്സിൽ മഠത്തിൽ നിന്നു പോന്നു.

കന്യാസ്ത്രീമഠങ്ങളിലെ ഇപ്പോഴത്തെ അവസ്ഥ പഴയതിൽനിന്നു വിഭിന്നമല്ല. സ്ത്രീകളുടെ സമൂഹമാണെങ്കിലും അവിടെയും പുരുഷമേധാവിത്വമാണ് നിലനിൽക്കുന്നത്. മാത്രമല്ല, മാനുഷികപരിഗണനന ഉണ്ടാകുന്നില്ല. ഇപ്പോഴും 50% ത്തോളം കന്യാസ്ത്രീകൾ മഠത്തിൽനിന്നു പോരാൻ തയ്യാറാണ്. പക്ഷേ, സാമ്പത്തിക ഭദ്രതയില്ലാത്തവരും കുടുംബത്തിന്റെയും സമൂഹത്തിന്റെയും പിന്തുണയില്ലാത്തവരും പോന്നാൽ വളരെയധികം ബുദ്ധിമുട്ടുകൾ അവർ അനുഭവിക്കേണ്ടിവരും. അതുകൊണ്ട്, പൊതുവേ എല്ലാവരും മഠത്തിനുള്ളിൽത്തന്നെ ഒതുങ്ങിക്കൂടുകയാണ്. ചുരുക്കം ചിലർ മഠത്തിൽനിന്നുകൊണ്ട് പോരാടാൻ ശ്രമിക്കുന്നു. സ്വയം ഇറങ്ങിപ്പോന്നാൽ മാത്രമേ ജീവിക്കാൻ സാധിക്കുകയുള്ളു. ആരെങ്കിലും ഇറക്കിക്കൊണ്ടു വന്നാൽ ജീവിതം ഇരുകൂട്ടർക്കും ബുദ്ധിമുട്ടാകും.

നമ്മുടെ അനാഥാലയങ്ങളിൽ പുരോഹിതരുടെ ധാരാളം മക്കൾ വളരുന്നുണ്ട്. കന്യാസ്ത്രീകൾ നടത്തുന്ന സ്ഥാപനങ്ങളുടെയും നിയന്ത്രണം പൊതുവെ പുരോഹിതർക്കാണ്.



കന്യാസ്ത്രീകളുടെയും മുഴുവൻ സന്ന്യസ്തരുടെയും വ്രതാഷ്ഠിത ജീവിതസമ്പ്രദായം അശാസ്ത്രീയവും പ്രകൃതിവിരുദ്ധവും മനുഷ്യാവകാശങ്ങളുടെ നിഷേധവുമാണ്. സ്വയം കൂച്ചുവിലങ്ങിടാൻ നിർബന്ധിച്ച് മനുഷ്യരെ സംവിധാനങ്ങൾക്ക് കീഴിലാക്കുന്ന ക്രൂരസമ്പ്രദായമാണത്. അതിനെ ഈ ഭൂമുഖത്തുനിന്നുതന്നെ തുടച്ചുനീക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മനുഷ്യൻ സാബത്തിനെന്നതുപോലെ , എല്ലാ നിയമങ്ങൾക്കും സംവിധാനങ്ങൾക്കും മുകളിലാണ്, അവർ പ്രസ്താവിച്ചു.

ഹൃദയത്തിന്റെ ആഴങ്ങളിൽനിന്നുള്ള മരിയാ തോമസിന്റെ പ്രഭാഷണം സദസ്യർ അതീവശ്രദ്ധയോടെ കേട്ടിരുന്നു.

*(ശേഷം പേജ് 43-ൽ തുടരും)*

Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by 'Kerala Catholic church Reformation Movement (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Kottaramattom, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.